PROCEEDINGS OF
THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

THIRD SESSION—1951

Tuesday, *the 27th March 1951*

Vol. III] **OFFICIAL REPORT** [No. 14

The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock on Tuesday, the 27th March 1951, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The numbers within brackets indicate the numbers in the list of admitted questions for the day.)

Oral Answers

വനംപതിവ്

൧൧൦൬. (൧) ശ്രീ. സി. സി. പ്രസാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൧൨൫-ൽ വനങ്ങളിൽനിന്നും കൃഷിക്കു വിതരണം ചെയ്തിട്ടുള്ള ഭൂമിയുടെ ഓഹരി ലഭിച്ചിട്ടുള്ളവരും, നിയമസഭയിൽ അംഗങ്ങളായിരിക്കുന്ന ആക്കെങ്കിലും ആറുവക്കാട്ടുനിന്നും ഭൂമി നൽകുവാൻ ഗവമ്മെണ്ട് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വീണ്ടും അപ്രകാരം ഭൂമി കൊടുക്കുന്നതിന്റെ മാനദണ്ഡം എന്ത്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): സർ, ഈ ചോദ്യം ഇങ്ങനെയാണ്. "൧൧൨൫-ൽ വനങ്ങളിൽനിന്നും കൃഷിക്കു വിതരണംചെയ്തിട്ടുള്ള ഭൂമിയുടെ ഓഹരി ലഭിച്ചിട്ടുള്ളവരും, നിയമസഭയിൽ അംഗങ്ങളായിരിക്കുന്ന ആക്കെങ്കിലും ആറുവക്കാട്ടുനിന്നും ഭൂമി നൽകുവാൻ ഗവമ്മെണ്ട് തീരുമാനിച്ചിട്ടുണ്ടോ?" ഈ ചോദ്യം മനസ്സിലാകുന്നില്ല. അതുകൊണ്ട് ഉത്തരം തയാറാക്കാൻ സാധിച്ചിട്ടില്ല.

ശ്രീ. സി. സി. പ്രസാദ്: ചോദ്യം വായിച്ചാൽ മനസ്സിലാകുന്നതാണ്.

ശ്രീ. സി. കേശവൻ: ചോദ്യത്തിലെ വാചകം ശരിയാകാഞ്ഞതുകൊണ്ട് മനസ്സിലാകാതിരുന്നതാണ്.

മി. സ്പീക്കർ: 'കൃഷിക്കു വിതരണം ചെയ്തിട്ടുള്ള ഭൂമിയുടെ ഓഹരി ലഭിച്ചിട്ടുള്ളവരും നിയമസഭയിൽ അംഗങ്ങളായിരിക്കുന്നവരും' ആയ ആക്കെങ്കിലും ഭൂമി നൽകിയിട്ടുണ്ടോ എന്നാണോ മെമ്പർ ഉദ്ദേശിച്ചത്?

ശ്രീ. സി. സി. പ്രസാദ്: അതെ.

ശ്രീ സി. കേശവൻ: അതാണുദ്ദേശിച്ചിരിക്കുന്നതെങ്കിൽ അതിനുള്ള വിവരങ്ങൾ ശേഖരിച്ചു അറിയിക്കാവുന്നതാണ്.

ശ്രീ. സി. വി. ഇയ്യു: സർ, അയാളുടെ ചോദ്യം വായിച്ചാൽ ഈ നിയമസഭയിലെ എല്ലാ മെമ്പറന്മാർക്കും വിതരണം ചെയ്തിട്ടുള്ള ഭൂമിയുടെ ഓഹരി ലഭിച്ചിട്ടുണ്ടെന്നുതോന്നും. ഓഹരികിട്ടാത്ത ആളുകളാണ് ഇവിടെ അധികവും ഉള്ളതു്. അതുകൊണ്ടു ബഹുമാനപ്പെട്ട മന്ത്രിക്കു കിട്ടിയിട്ടുള്ള വിവരംവച്ചുകൊണ്ടു ഇതിനു മറുപടി പറയുന്നതു നന്നായിരിക്കും.

ശ്രീ. സി. കേശവൻ: ഇതിനെസംബന്ധിച്ചുള്ള വിവരങ്ങൾ അറിയുന്നതിനു നിവൃത്തിയില്ലാതെപോയി. അതിനാൽ ഉത്തരം വരുത്തിയിട്ടില്ല. ഇപ്പോൾ ചോദ്യം മനസ്സിലായ സ്ഥിതിക്കു് ഉത്തരം വരുത്തിതരുന്നതിനു വിരോധമില്ല. രണ്ടുദിവസത്തിനകം തരാവുന്നതാണ്.

ശ്രീ. കെ. എൻ. ശങ്കുണ്ണിപ്പിള്ള: ശ്രീ. സി. വി. ഇയ്യു പലപ്പോഴും 'അയാളുടെ' എന്നു പ്രയോഗിക്കുന്നു. അതു ശ്രീ. സി. സി. പ്രസാദ് സോഷ്യലിസ്റ്റ് പാർട്ടിയിലെ അംഗമായതുകൊണ്ടാണോ?

മി. സ്പീക്കർ: 'ആ ആൾ' എന്നു ചൂണ്ടിക്കാണിച്ചു പറഞ്ഞതേയുള്ളു എന്നു വരാം.

ശ്രീ. കെ. എൻ. ശങ്കുണ്ണിപ്പിള്ള: 'അയാൾ' എന്നു പറയുന്നതു പാർലമെൻററിയാണോ?

മി. സ്പീക്കർ: മുൻപു ഇങ്ങനെ ഒരു പദപ്രയോഗം ഉണ്ടായിട്ടില്ല. 'ആ ആൾ' എന്ന അർത്ഥത്തിൽ 'അയാൾ' എന്നു പ്രയോഗിക്കുന്നതിൽ തെററുണ്ടെന്നു തോന്നുന്നില്ല. എന്നാൽ വേണ്ടത്ര ബഹുമാനസൂചകമായി അയാൾ എന്ന പദപ്രയോഗം എല്ലാ സ്ഥലങ്ങളിലും സാധാരണ കരുതാറില്ല. ഏതായാലും 'അയാൾ' എന്നോ, 'ആ ആൾ' എന്നോ പറയാതെ 'ബഹുമാനപ്പെട്ട മെമ്പർ' എന്നു പറയുന്നതു നന്നായിരിക്കും.

ശ്രീ. മന്ദത്തു പത്മനാഭപിള്ള: 'അയാൾ' എന്നതിനു പകരം അദ്ദേഹം എന്നാണു വകതിരിവുള്ള ആളുകൾ പറയുന്നതു്.

മി. സ്പീക്കർ: 'ബഹുമാനപ്പെട്ട മെമ്പർ' എന്നാണു പറയേണ്ടതു്.

ശ്രീ. എം. ഐ. പോൾ: സർ, ഒരു പോയിൻറ് ഓഫ് ഇൻഫർമേഷൻ. ഇന്നലത്തെ ൯-ം, ൧൩-ം നമ്പർ ചോദ്യങ്ങളും, ഇന്നത്തെ ൧-ാം നമ്പർ ചോദ്യവും ഈ നിയമസഭ അവസാനിക്കുന്നതിനുമുമ്പ് ഉത്തരം പറയുന്നതിനായി മാററിവച്ചിരിക്കുകയാണല്ലൊ. ഇവയുടെ ഉത്തരം എന്നത്തേക്കു തരാമെന്നു അറിഞ്ഞാൽകൊള്ളാം.

ശ്രീ. സി. കേശവൻ: സർ, ഇന്നലത്തെ ൯-ാം നമ്പർ ചോദ്യത്തിൻെറ ഉത്തരം മേശപ്പുറത്തുവച്ചിട്ടുണ്ടു്.

ശ്രീ. എം. ഐ. പോൾ: സർ, ഉത്തരം മേശപ്പുറത്തുവയ്ക്കുവാനല്ല ഞാൻ ചോദിച്ചതു്. അതേപ്പററി ഈ സഭയിൽ വാദപ്രതിവാദം ചെയ്യുവാനാണ്.

മി. സ്പീക്കർ: അതാതു ദിവസങ്ങൾ കഴിഞ്ഞുവരുന്ന ഉത്തരങ്ങൾ മേശപ്പുറത്തുവയ്ക്കുന്നതിനേ നിവൃത്തിയുള്ളു.

HANDICRAFT ASSISTANTS

*1110. [2] **Sri. T. P. Sitaraman :** Will the Hon'ble Minister for Education be pleased to state.—

(*a*) how many handicraft assistants are there in the State before and after the integration;

(*b*) what was their grade prior to the pay revision on 1122 and after the revision;

(*c*) before the revision, was the maximum pay of all the handicrafts assistants equal;

(*d*) what was the necessity for differentiating one from the other;

(*e*) was there any representation to the Government received from these officers; and

(*f*) if so, what is the reply and what are the steps taken to redress their grievances?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ഇതിന്റെ പൂർണ്ണവിവരങ്ങൾ ലഭിച്ചിട്ടില്ല. തിരുവിതാംകൂറിൽ ഹാൻഡി ക്രാഫ്റ്റ് അസിസ്റ്റന്റ് എന്നു പറയുന്ന ഒരു ഉദ്യോഗസ്ഥൻ ഇല്ല. കൊച്ചിയിൽ മൂന്നു ഉദ്യോഗസ്ഥന്മാരുണ്ട്. അവരുടെ വിവരങ്ങൾ മുഴുവൻ ശേഖരിച്ചിട്ടില്ല.

GO-DOWN CLERKS

*1111. [4] **Sri. A. P. Udayabhanu :** Will the Hon'ble Minister for Food be pleased to state.—

(*a*) whether go-down clerks have been suspended from the Alleppey go-down;

(*b*) if so how many and when; and

(*c*) what the charges against them are?

Minister for Education, Food and Labour **(Sri. T. K. Narayana Pillai) :**

(*a*) Yes.

(*b*) Six clerks. They were suspended from 7th September 1950.

(*c*) They are responsible for disproportionately heavy shortages of food stocks which were entrusted to their care at the Alleppey Depot.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: സസ്പെൻറ് ചെയ്തതുകൂടാതെ വേറെ ക്ലാർക്കന്മാരെ പിരിച്ചുവിട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഓർമ്മയില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അവരുടെ ഡേമണി സംഖ്യ കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: പിരിച്ചുവിട്ടിട്ടുള്ളതുതന്നെ ഓർമ്മയില്ലെന്നാണു പറഞ്ഞതു്.

ശ്രീ. എ. കെ. പാച്ചുപിള്ള: എത്രമാത്രം ധാന്യമാണു് കാണാതെ പോയതെന്നു പറയാമോ?

Sri. T. K. Narayana Pillai : The shortages are:

Ordinary rice	..	7,56,205 lbs
Wheat	..	52,416 ,,
Gram flour	..	24 ,,
Salvaged rice	..	710 ,,
Reconditioned		
Waste matter	..	183 ,,

ശ്രീ. എ. കെ. പാച്ചുപിള്ള: ഇതിനു ഏതാഫീസറാണു ഉത്തരവാദി ആകേണ്ടതു്? ചാർജ്ജ് വഹിക്കുന്ന ഉദ്യോഗസ്ഥൻ മാത്രമെ ഉള്ളോ?

ശ്രീ. ടി. കെ നാരായണപിള്ള: അതേപ്പററി അന്വേഷിച്ചതിൽ ൬ ക്ലാർക്കന്മാരെയാണു് ഉത്തരവാദികളായി കണ്ടുപിടിച്ചതു്.

ശ്രീ. കെ. രാമകൃഷ്ണപിള്ള: എന്നാണു് അതു കണ്ടുപിടിച്ചതു്?

ശ്രീ. ടി. കെ. നാരായണപിള്ള: കണ്ടുപിടിച്ചതും സസ്പെൻഡു ചെയ്തതും ഏതാണ്ടു ഒരേകാലത്താണു്. ൧–ൻ– ൫ ൦-ലാണു് അവരെ സസ്പെൻഡു ചെയ്തതു്.

Sri. P. S. Nataraja Pillai: May I know the names of the persons responsible for the shortage and the money lost on account of the shortage referred to?

Sri. T. K. Narayana Pillai:

	Rs.	*A.*	*P.*
G. Madhavan Unnithan	2,080	4	0
V. Krishna Aiyar	5,917	3	2
E. G. Parameswaran Unnithan	5,130	4	3
K. Sivarama Pillai	6,647	3	2
P. Parthan	10,026	10	7
P. Gopalan Nair	14,871	1	7

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഇതു് കൺട്രോൾ പ്രൈസ് അനുസരിച്ചു കണക്കാക്കിയതാണോ? അതോ ബ്ലാക്ക്മാർക്കററ് പ്രൈസാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: കൺട്രോൾ പ്രൈസാണു്.

Sri. P. Balakrishnan Tampi: Sir, may I ask, will not such kind of questions prejudice a fair enquiry into the matter?

Sri. T. K. Narayana Pillai: The Information given is in pursuance of the question before the House.

ശ്രീ. എ. താണുപിള്ള: ഇതിൽ ഓരോ ക്ലാർക്കന്മാരുടേയും ചുമതലപ്പെട്ട തുക ഇത്രയെന്നു എങ്ങനെയാണു കണ്ടുപിടിച്ചതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഓരോ ക്ലാർക്കന്മാരും അവിടെയിരുന്ന ടൈം അനുസരിച്ചാണു്.

ശ്രീ. എ. താണുപിള്ള: ഓരോ ക്ലാർക്കന്മാരിൽനിന്നും ഇത്രയിത്ര നഷ്ടം വന്നു എന്നു പറഞ്ഞല്ലോ. അതെല്ലാം കണ്ടുപിടിച്ചതു എല്ലാംകൂടി ഒരുമിച്ചാണോ, അതോ പലകാലങ്ങളിലായിട്ടാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: കണ്ടുപിടിച്ചതു ഒരുമിച്ചാണു്. ഓരോ ക്ലാർക്കന്മാരുടേയും പീരിഡു തിട്ടപ്പെടുത്തിയതു പിന്നീടാണു്.

ശ്രീ. എ. താണുപിള്ള: ഓരോ ക്ലാർക്കന്മാരും ഇത്രയിത്ര ഉത്തരവാദിത്വപ്പെടുന്നുണ്ടു് എന്നു കണ്ടുപിടിച്ചതു് എങ്ങനെയാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതു സ്റ്റാക്കു രജിസ്റ്റർ നോക്കി കണ്ടുപിടിച്ചതാണു്. ഓരോ ക്ലാർക്കന്മാരും ഇരുന്ന പീരീഡ് നോക്കി ഓരോരുത്തരുടേയും ചുമതല കണ്ടുപിടിച്ചതാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇതു കണ്ടുപിടിച്ചതിനുശേഷം മററു എതെങ്കിലും ഡിപ്പോകൾ പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: പരിശോധന നടന്നുവരികയാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള: അവിടെ വല്ല അപഹരണവും കണ്ടുപിടിച്ചുവോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഓർമ്മയില്ല.

ശ്രീ. ഇട്ടിരാ അമ്പുക്കൻ: ആലപ്പുഴ ഗോഡൗണിലെ അഴിമതി കണ്ടുപിടിച്ച ഉദ്യോഗസ്ഥൻ ആരാണു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതും ഓർമ്മയില്ല.

വരന്തരപ്പിള്ളി പഞ്ചായത്തു്

*൧൧൨. (൫) ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പഞ്ചായത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ —

(എ) വരന്തരപ്പിള്ളി പഞ്ചായത്തു് അംഗങ്ങൾ എല്ലാവരും രാജിവെച്ചതിനെ തുടൎന്നു ഗവമെ്മൻറ എന്തു നടപടി എടുത്തിരിക്കുന്നു;

(ബി) എന്തു കാരണത്തിന്മേലാണു് ഈ രാജി;

(സി) രാജിവെച്ചിരിക്കുന്നതു് ആരെല്ലാം?

ചീഫ് മിനിസ്റ്റർ ശ്രീ. സി. കേശവൻ: (എ) കരയാംപാടം പഞ്ചായത്തു റോഡിനുവേണ്ടിയുള്ള ഭൂമി എടുപ്പു നടപടികൾ പഞ്ചായത്തിൻെറ ആഗ്രഹത്തിനു വിരുദ്ധമായി ഉപേക്ഷിച്ചതുകൊണ്ടാണു് പഞ്ചായത്തു അംഗങ്ങൾ രാജിവെച്ചതു്. രാജിയെ തുടൎന്നു പ്രസ്തുത റോഡുകാൎയ്യത്തിൽ വീണ്ടും റവന്യൂ ബോർഡിൻെറ അഭിപ്രായം ആരായുകയും അതു ഗവമെ്മൻറിൻെറ പൎയ്യാലോചനയിൽ ഇരിക്കുകയുമാണു്.

(ബി) മുകളിൽ എ യുടെ ഉത്തരത്തിൽ വിശദമാക്കിയിട്ടുണ്ടു്.

(സി) ൧. ശ്രീ. സി. ആർ. മാണിക്കൻ (പ്രസിഡൻറ്)

൨.	,,	വി. ആർ. കൃഷ്ണൻകുട്ടി മേനോൻ	(മെമ്പർ)
൩.	,,	കെ. എ. നാരായണൻ നമ്പൂതിരി	,,
൪.	,,	എം. വി. നാരായണൻ നമ്പൂതിരി	,,
൫.	,,	സി. എം. രാമൻ	,,
൬.	,,	കെ. വി. കൊച്ചുഗോവിന്ദൻ നായർ	,,

ശ്രീ. ടി. പി. സീതാരാമൻ: എന്നാണു് രാജിവെച്ചതു്?

ശ്രീ. സി. കേശവൻ: തീയതി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. പി. സീതാരാമൻ: രാജിവെച്ചവരുടെ കൂട്ടത്തിൽ പഞ്ചായത്തു പ്രസിഡൻറ ഉൾപ്പെടുന്നില്ലെ?

ശ്രീ. സി. കേശവൻ: ഉണ്ടു്.

വൈദ്യുതവിപുലീകരണപദ്ധതി

*൧൧൩. (൬) ശ്രീ. ടി. പി. സീതാരാമൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെ പബ്ളിക്ക് വർക്സ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

വരന്തരപ്പിള്ളി, ആമ്പല്ലൂർ എന്നീ വില്ലേജുകളിലേക്കുള്ള വൈദ്യുതവിപുലീകരണപദ്ധതി ഇപ്പോൾ ഏതു സ്ഥിതിയിലായിരിക്കുന്നു?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): വൈദ്യുതവിപുലീകരണപദ്ധതി പ്രകാരം ഈ സ്ഥലങ്ങളിൽ ജോലി തുടങ്ങേണമെന്നു് ആലോചിച്ചിരിക്കുകയാണു്.

INCREASE OF PRICE ON ARRACK

*1114. [7] **Sri. M. I. Paul:** Will the Hon'ble Minister for Excise be plesed to state.—

(*a*) whether there is any proposal to increase the price on arrack during the current period of the contract;

(*b*) if so, what is the immediate necessity for the same; and

(*c*) if the price is increased will it not be against the principle so far followed by the Government in the matter of auctions?

Chief Minister **(Sri. C. Kesavan):** (*a*) There is a proposal to raise the existing rates of excise duty on country arrack by $12\frac{1}{2}$ per cent. This may result in an increase in price.

(*b*) As a revenue measure.

(*c*) No.

ശ്രീ. എം. ഐ. പോൾ: ചാരായത്തിന്റെ വില വർദ്ധിപ്പിക്കുന്നതു് ഈ വർഷത്തിലാണോ അതോ അടുത്ത ബഡ്ജററുവർഷത്തിലാണോ?

ശ്രീ. സി. കേശവൻ: അടുത്ത ബഡ്ജററുവർഷത്തിലാണു്.

കുടിയിറക്കുകൾ

*൧൧൧൫. (൮) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) അടകുടിനിരോധനനിയമം നടപ്പിലായതിനുശേഷം എത്ര കുടിയിറക്കുകൾ നടന്നിട്ടുണ്ടു്;

(ബി) ഹരിജനങ്ങളിൽനിന്നു എത്രപേരെ കുടിയിറക്കിയിട്ടുണ്ടു്?

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): (എ-യും ബി-യും) അടകുടിനിരോധനനിയമം നടപ്പിലായതിനുശേഷം സിവിൽക്കോടതിക്കാണു് കുടിയിറക്കിനെപ്പററിയുള്ള അധികാരമുള്ളതു്. അതുസംബന്ധമായ സ്ഥിതിവിവരക്കണക്കുകൾ സൂക്ഷിച്ചിട്ടില്ല.

ശ്രീ. ഏ. കെ. പാച്ചുപിള്ള: കുടിയിറക്കിനെപ്പററി പല പരാതികളും ഗവമ്മെണ്ടിനു കിട്ടിയിട്ടില്ലേ?

ശ്രീ. ഏ. ജെ. ജോൺ. പരാതികൾ കിട്ടിയിട്ടുണ്ടു്. എങ്കിലും പരാതികൾ എല്ലാം നിയമത്തെ ലംഘിച്ചിട്ടുള്ളവയാണു്.

ശ്രീ. ഏ. കെ. പാച്ചുപിള്ള: കുടിയിറക്കിനെ സംബന്ധിച്ചിടത്തോളം നിയമത്തെ ലംഘിച്ചു എന്ന കാരണത്തിനു നടപടി നടത്താനായിട്ടു് പോലീസുകാരെ അധികാരപ്പെടുത്തിയിട്ടില്ലേ?

ശ്രീ. ഏ. ജെ. ജോൺ: അങ്ങനെ അധികാരപ്പെടുത്തിയിട്ടുണ്ടെങ്കിൽ തന്നെ അതു് നിയമവിരുദ്ധമായിട്ടു് പ്രവർത്തിച്ചിട്ടുള്ളവരെ കുടിയിറക്കുന്നതിനാണു്.

Sri. P. Balakrishnan Tampi: I rise to a point of order. Government, by giving gratuitous legal advice, is acting prejudicial to the interests of the profession to which I have to honour to belong. No other profession is affected by this practice.

Mr. Speaker: Government should see that no profession is prejudiced.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: സിവിൽകോട്ട് മുഖാന്തിരമല്ലാതെ പോലീസുകാരുടെ സ്വാധികാരം പ്രയോഗിച്ച് സാധുക്കളെ കുടിയിറക്കിവിട്ടതായിട്ട് ഗവൺമെണ്ടിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: പോലീസുകാരുടെ പ്രത്യേക അധികാരം ഉപയോഗിച്ച് കുടിയിറക്കിവിട്ടതായി അറിവില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: കുടിയിറക്കുകേസിൽ പോലീസുകാർക്ക് സർവ്വ അധികാരങ്ങളും ഗവൺമെണ്ടിൽനിന്നും കൊടുത്തിട്ടില്ലേ?

ശ്രീ. എ. ജെ. ജോൺ: അതു ഞാൻ മുൻപു പറഞ്ഞുകഴിഞ്ഞു; അധികാരം കൊടുത്തിരിക്കുന്നതു സിവിൽകോടതിക്കാണെന്ന്.

ശ്രീ. കെ. കരുണാകരൻ: കുടിയിറക്കു നിരോധനനിയമം പാസായതിനുശേഷം ജന്മിമാരിൽനിന്നും സാധുക്കൾക്ക് ധാരാളം ഉപദ്രവം നേരിട്ടുകൊണ്ടിരിക്കുന്നു എന്നുള്ളതിനെപ്പററി ഗവൺമെണ്ടിനു പരാതികൾ ലഭിച്ചിട്ടില്ലേ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെ ചില പരാതികൾ കിട്ടിയിട്ടുണ്ട്.

ശ്രീ. സി. സി. പ്രസാദ്: കിട്ടിയിട്ടുള്ള പരാതികൾ അനുസരിച്ച് ഗവൺമെണ്ട് അതിന്മേൽ എന്തു നടപടി നടത്തി എന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: സിവിൽകോടതി മുഖാന്തിരം കുടിയിറക്കിയതിനെപ്പററി പരാതി വന്നാൽതന്നെയും ഗവൺമെണ്ടിന് ഒന്നും ചെയ്യാൻ നിവൃത്തിയില്ല.

കാളറ

* ൧൧൧൬. (൯) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഈ അടുത്തകാലത്തുണ്ടായ കാളറാ പിടിപെട്ട് എത്രപേർ മരിച്ചിട്ടുണ്ട്;

(ബി) അതിൽ ഹരിജനങ്ങൾ എത്ര?

(സി) കുട്ടനാടൻ പ്രദേശങ്ങളിൽ എത്രപേർ മരിച്ചു;

(ഡി) കാളറാമൂലം മരണമടയുന്നതു് കൂടുതലും ഹരിജനങ്ങളാണെന്നു ഗവൺമെണ്ടിന് ബോദ്ധ്യമായിട്ടുണ്ടോ?

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി

(ശ്രീ. എ. ജെ. ജോൺ): (എ) ൩൬൧ പേർ.

(ബി) കാളറ മുതലായ രോഗങ്ങൾമൂലമുണ്ടായ മരണത്തിനു ജാതി തിരിച്ചുള്ള പട്ടിക എടുത്തിട്ടില്ല.

(സി) അമ്പലപ്പുഴ, ചങ്ങനാശ്ശേരി, കോട്ടയം ഈ സ്ഥലങ്ങളിൽ ൫൨ പേർ മരിച്ചിട്ടുണ്ട്.

(ഡി) കാളറ മൂലം മരണം സംഭവിക്കുന്നതു് മിക്കവാറും വൃത്തിഹീനരായ ആളുകൾക്കാണ്. ഈ രോഗം മധുര, തിരുനൽവേലി മുതലായ സ്ഥലങ്ങളിൽനിന്നുമാണ് ഇങ്ങോട്ടു പകരുന്നതു്. കാളറ ഉണ്ടാകുന്നതും സാധാരണയായിട്ട് വൃത്തിഹീനമായ പ്രദേശങ്ങളിലാണ്.

ശ്രീ. സി. സി. പ്രസാദ്: പട്ടിണിമൂലം കാളറ ഉണ്ടാകുന്നതായിട്ട് അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിഞ്ഞുകൂടാ,

ശ്രീ. എ. താണുപിള്ള: ൯൨൫ പേർ മരിച്ചു എന്നു പറഞ്ഞു. അതു് എന്നുമുതൽ എന്നുവരെയാണു് എന്നു് കണക്കുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതിന്റെ കണക്കു് എന്റെ കൈവശമില്ല.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: കാളറ ഉത്ഭവിക്കുന്നതിനു പല പ്രത്യേക കാരണങ്ങളുമുണ്ടോ?

ശ്രീ. എ. ജെ. ജോൺ: കുടിക്കുന്നതിനു് ഉപയോഗിക്കുന്ന വെള്ളത്തിന്റെ ദൂഷ്യംകൊണ്ടു് ചിലപ്പോൾ കാളറയുണ്ടാകും. ചിലപ്പോൾ മററു ചില കാരണങ്ങളെ അടിസ്ഥാനപ്പെടുത്തിയും ഉണ്ടാകാറുണ്ടു്.

ശ്രീ. ഇ. പി. പൗലോസു്: കടലോരങ്ങളിൽ താമസിക്കുന്നവർക്കു് കാളറയുണ്ടാകുന്നതു് എന്തുകൊണ്ടാണു്?

ശ്രീ. എ. ജെ. ജോൺ: ഒന്നുകിൽ വെള്ളത്തിന്റെ ദൂഷ്യംകൊണ്ടായിരിരിക്കും. അല്ലെങ്കിൽ വൃത്തിഹീനതകൊണ്ടായിരിക്കും.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ രോഗം സംക്രമിക്കുന്നതു് എവിടെനിന്നുമാണു്?

ശ്രീ. എ. ജെ. ജോൺ: അതു ഞാൻ മുൻപു പറഞ്ഞു കഴിഞ്ഞു.

ശ്രീ. കെ. എൻ. ശങ്കുണ്ണിപ്പിള്ള: വൃത്തിഹീനമായ മധുര, തിരുനൽവേലി എന്നു പറഞ്ഞാൽ തമിഴ്നാട്ടുകാർക്കു് ആക്ഷേപമല്ലേ?

ശ്രീ. എ. ജെ. ജോൺ: മധുര, തിരുനൽവേലി ഈ സ്ഥലങ്ങൾ മുഴുവനും വൃത്തിഹീനമായ സ്ഥലങ്ങളാണെന്നു് ഉള്ള അർത്ഥത്തിൽ അല്ലാ ഞാൻ പറഞ്ഞതു്. ആ സ്ഥലങ്ങളിലെ വൃത്തിഹീനമായ പ്രദേശങ്ങളിൽനിന്നുമാണു് കാളറ മുതലായ രോഗങ്ങൾ ഇങ്ങോട്ടു പകരുന്നതു് എന്നാണു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ജാതിതിരിച്ചുള്ള പട്ടിക കാളറമൂലം മരിക്കുന്നവരെപ്പററി സൂക്ഷിച്ചിട്ടില്ലാ എന്നു പറഞ്ഞു. ഇവർ ജനിച്ചപ്പോൾ അവരുടെ ജാതിതിരിച്ചുള്ള പട്ടിക ജനനമരണ രജിസ്ത്രാരുടെ ആഫീസ്സിൽ കൊടുക്കണമെന്നു് നിർദ്ദേശമില്ലേ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെയുണ്ടായിരിക്കാം.

ശ്രീ. കെ. അയ്യപ്പൻ: ജനനമരണ രജിസ്ത്രാരെ ഈ വിവരം അറിയിക്കണമെന്നു് നിർബന്ധമുണ്ടോ?

ശ്രീ. എ. ജെ. ജോൺ: നിർബ്ബന്ധമുണ്ടു്, ചിലപ്പോൾ അറിയിക്കാതിരിക്കയും ചെയ്യും.

Sri. Elias Mary Antony: Am I to understand that Cholera never starts in Travancore-Cochin.

Mr. Speaker: That question does not arise.

Sri. Elias Mary Antony: There is an insinuation implied.

Mr. Speaker: No insinuation is implied.

CHIEF SECRETARY

*1117. [10] **Sri. D. Gnanasigamony:** Will the Hon'ble Minister for Services and Appointments be pleased to state.—

(*a*) whether the Chief Secretary to this Government has applied to be relieved of his services here; and

(*b*) if so, whether there are any special reasons that led to this step?

Chief Minister **(Sri. C. Kesavan):**

(*a*) Yes.

(*b*) For personal reasons.

Sri. D. Gnanasigamony: May I know whether the present Chief Secretary was appointed for any definite period ?

Sri. C. Kesavan: He was appointed for a term of one year in the first instance and the term was extended by two years.

Sri. D. Gnanasigamony: Is there a possibility of his continuing for a further period ?

Sri. C. Kesavan: He has applied for leave.

Sri. D. Gnanasigamony: Would the Government be prepared to place the letter requesting Government to relieve him before this House ?

Sri. C. Kesavan: I do not think there is any necessity for that. For personal reasons, he wants it to be private.

Sri. A. K. Patchu Pillai: Is there any connection between his request for leave and the ministry muddle here ?

Mr. Speaker: That is an assumption. The question is disallowed.

Sri. A. Thanu Pillai: Did he apply for leave or for being relieved from this Government service ?

Sri. C. Kesavan: Only for leave for a period of three months.

ശ്രീ. എം. ഐ. പോറ്റ്: ചീഫ് സെക്രട്ടറി ഇവിടെനിന്നും ജോലി വിട്ടുപോകാൻ അപേക്ഷിച്ചിട്ടുള്ളതു് ക്യാബിനററിലെ ചില അംഗങ്ങളുമായിട്ടുള്ള അഭിപ്രായവ്യത്യാസങ്ങൾകൊണ്ടാണെന്നു് ജനങ്ങളുടെ ഇടയിൽ ഒരു ധാരണ പരന്നിരിക്കുന്നു. അതിൽ വല്ല പരമാൎത്ഥവുമുണ്ടോ?

ശ്രീ. സി. കേശവൻ: ഇപ്പോൾ മറുപടി നൽകാൻ നിവൃത്തിയില്ല.

ജനസംഖ്യ

* ൧൧൧൨. (൧൧) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട സെൻസസ്സ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൫൧-ലെ സെൻസസ്സ് അനുസരിച്ചു് തിരുവിതാംകൂർ-കൊച്ചിയിൽ ൧൯൪൧-നുശേഷം എത്ര ശതമാനം ജനസംഖ്യ വർദ്ധിച്ചിട്ടുണ്ടു്;

(ബി) തിരുവിതാംകൂർ-കൊച്ചിയിൽ ഏതു വിഭാഗത്തിലാണു് കൂടുതൽ ജനസംഖ്യ ശതമാനം വർദ്ധിച്ചിട്ടുള്ളതു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) തിരുവിതാംകൂർ-കൊച്ചിയിൽ എത്ര ശതമാനം ജനസംഖ്യ വർദ്ധിച്ചിട്ടുണ്ടെന്നുള്ളതിനെപ്പററി സെൻസസ്സ് പൂൎത്തിയായിട്ടില്ല.

(ബി) എ. യുടെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഗവമ്മെണ്ടിനു് ഇതുവരെ ഇവയെപ്പററി യാതൊരു റിപ്പോൎട്ടും കിട്ടിയിട്ടില്ലേ?

ശ്രീ. സി. കേശവൻ: റിപ്പോൎട്ടുകളൊന്നും കിട്ടിയിട്ടില്ല.

അഞ്ചൽ ഡിപ്പാർട്ടുമെൻറ്

* ൧൧൯. (൧൨) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട അഞ്ചൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

അഞ്ചൽ ഡിപ്പാർട്ടുമെൻറിൽ നിയമനം നടത്തുന്നതിനു് ഇൻഡ്യാഗവമ്മെണ്ടിൻെറ അനുമതിയോ ആലോചനയോ ആവശ്യമുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): ചില സംഗതികളിൽ (നിയമനത്തെ സംബന്ധിച്ചിടത്തോളം) ഇൻഡ്യാഗവമ്മെണ്ടിൻെറ അനുമതി ആവശ്യമുണ്ടു്. അഞ്ചൽ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളം ഒരു ഏജൻസി ബേസിസിൽ ആണ് തിരുവിതാംകൂർ ഗവമ്മെണ്ടു് നടത്തിവരുന്നതു്. ഈ ഡിപ്പാർട്ടുമെൻറിൻെറ വരവു ചിലവുകളും മററും കൈകാര്യം ചെയ്യുന്നതു് ഇൻഡ്യാഗവമ്മെണ്ടാണ്. ഒരു ഏജൻസി എന്ന നിലയിൽ അഞ്ചൽ ഡിപ്പാർട്ടുമെൻറിൻെറ ഭരണം നടത്തിക്കൊണ്ടിരിക്കുന്നതു് ഈ ഏപ്രിൽമാസം ൧-ാം തിയതി മുതൽ ഇൻഡ്യാഗവമ്മെണ്ടിൻെറ അധീനതയിൽ ആകുന്നതാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഏപ്രിൽ ഒന്നാംതിയതിമുതൽ ഇൻഡ്യാഗവമ്മെണ്ടിൻെറ മേൽനോട്ടത്തിൽ അഞ്ചൽ ഡിപ്പാർട്ടുമെൻറിൻെറ ഭരണം നടക്കുമ്പോൾ ഒരണ വിലയുള്ള കവർ രണ്ടണ വിലയാകുകയില്ലേ?

ശ്രീ. സി. കേശവൻ: പെട്ടെന്നു് അങ്ങനെ വില കൂട്ടുമെന്നു് തോന്നുന്നില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: കാർഡു്, കവറ് മുതലായവയുടെ വില കൂട്ടുകയോ കുറക്കുകയോ ചെയ്യുന്നതിനുള്ള അധികാരം ഇപ്പോൾ ഏതു ഗവമ്മെണ്ടിനാണുള്ളതു്.

ശ്രീ. സി. കേശവൻ: ഇപ്പോൾ അധികാരം ഉള്ളതു് ഈ ഗവമ്മെണ്ടിനാണെങ്കിലും ഇവയെപ്പററി ഇൻഡ്യാഗവമ്മെണ്ടുമായി ആലോചിക്കാതെ ഒന്നും ചെയ്യാൻ നിവൃത്തിയില്ല. ഏപ്രിൽ ൧-ാം തീയതിക്കുശേഷം കാർഡിൻെറയും കവറിൻെറയും ഇപ്പോഴത്തെ വിലയിൽനിന്നും വ്യത്യാസം വരുത്താൻ (വില കൂട്ടാൻ) പാടില്ലെന്നു് ഇൻഡ്യാഗവമ്മെണ്ടിനെ അറിയിക്കുകയും അവർ സമ്മതിക്കയും ചെയ്തിട്ടുണ്ടു്.

ശ്രീ. എ. താണുപിള്ള: സേവിംഗ്സ് അക്കൗണ്ടുകൾ മുഴുവനും കൈകാര്യം ചെയ്യുന്നതു് ഈ ഗവമ്മെണ്ടാണോ അതോ ഇൻഡ്യാഗവമ്മെണ്ടാണോ?

ശ്രീ. സി. കേശവൻ: അവ സംബന്ധിച്ചുള്ള ആലോചന ഇതുവരെ പൂർത്തിയായിട്ടില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: അഞ്ചൽ ഡിപ്പാർട്ടുമെൻറിൻെറ ഭരണം മുഴുവനും മദ്രാസ് പോസ്റ്റ്മാസ്റ്റർ ജനറലിൻെറ കീഴിൽ ആക്കുന്നുയെന്നു് കേട്ടു. അതു് ശരിയാണോ?

ശ്രീ. സി. കേശവൻ: അങ്ങനെ വരാം.

ശ്രീമതി ദേവകീ ഗോപീദാസ്: അഞ്ചൽ ഡിപ്പാർട്ടുമെൻറിലെ ജീവനക്കാരുടെ ശമ്പളം കൂട്ടണമെങ്കിൽ കാർഡിനും കവറിനും മററും വില വർദ്ധിപ്പിക്കാതെ തരമില്ലെന്നും അതുകൊണ്ടു് അവകൾ ഈ കാരണത്താൽ വില വർദ്ധിപ്പിക്കാൻ പോകുന്നുയെന്നും കേൾക്കുന്നതു് ശരിയാണോ?

ശ്രീ. സി. കേശവൻ : ശമ്പളം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഇവയുടെ വില കൂട്ടണമെന്ന് ഒരു നിർദ്ദേശവുമില്ല. വില കൂട്ടാതെതന്നെ ഈ കാര്യം നിർവ്വഹിക്കാമെന്നാണ് അവർ സമ്മതിച്ചിട്ടുള്ളത്.

അഞ്ചൽ കാർഡുവില

*൧൧൨൦. (൧ർ) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട അഞ്ചൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) അഞ്ചൽ കാർഡിന്റെ വില കൂട്ടുവാൻ ആലോചിക്കുന്നുണ്ടോ;

(ബി) എത്ര സംഖ്യയാണ് കൂട്ടണമെന്ന് വിചാരിക്കുന്നത്;

(സി) എന്നുമുതൽ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) അഞ്ചൽ കാർഡിന്റെ വില കൂട്ടരുതെന്ന് ഇൻഡ്യാഗവമ്മെണ്ടിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ അതിന്മേൽ അവസാനമായി യാതൊരു തീരുമാനവും ഉണ്ടായിട്ടില്ല.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

വിദേശ മദ്യം

*൧൧൨൧. (൧൭) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിൽ പരിപൂർണ്ണ മദ്യവർജ്ജനം നടപ്പിലാക്കിയാൽ ഗവമ്മെണ്ടിന് ആണ്ടിൽ എന്തു നഷ്ടം വരുമെന്നു പറയാമോ;

(ബി) തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിൽ ൧൧൨൦-ൽ എത്ര രൂപയുടെ വിദേശമദ്യം ഇറക്കുമതി ചെയ്തിട്ടുണ്ടെന്നു പറയാമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉദ്ദേശം മൂന്നു കോടി രൂപാ.

(ബി) വിവരങ്ങൾ ശേഖരിച്ചു വരികയാണ്.

ശ്രീമതി ദേവകി ഗോപിദാസ്: ഈ നഷ്ടം പരിഹരിക്കുന്നതിനല്ലേ സെയിൽസ് ടാക്സ് ഏർപ്പെടുത്തിയത്?

ശ്രീ. സി. കേശവൻ: അതിനുംകൂടെ വക കണ്ടിരുന്നു.

ലേഡി ഡാക്ടറന്മാർ

*൧൧൨൨. (൧൬) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിൽ ലേഡി ഡാക്ടറന്മാർ ഇല്ലാത്ത ആശുപത്രികൾ ഉണ്ടോ;

(ബി) ലേഡി ഡാക്ടറന്മാർ ഇല്ലാത്ത ആശുപത്രികളിലെ സ്ത്രീ രോഗികൾ വളരെ ബുദ്ധിമുട്ടും വിഷമവും അനുഭവിക്കുന്നുണ്ടെന്നുള്ള വിവരം ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

ഈ സെഷനിൽതന്നെ ഈ ചോദ്യത്തിനു് ഉത്തരം പറഞ്ഞിട്ടുള്ളതാണു്.

(എ) ഉണ്ടു്.

(ബി) അങ്ങനെ ഒരു പരാതി ഉണ്ടായിട്ടുണ്ടു്.

ശ്രീ. ശിവരാമനാശാരി: ചെങ്കോട്ടയിലെ ലേഡി ഡാക്കുറെപ്പററി പരാതിയുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഒരു പരാതി ഉണ്ടായിരുന്നു. അതു് അന്വേഷിക്കുവാൻ സർജൻ ജനറലിനോടു ആവശ്യപ്പെട്ടിട്ടുണ്ടു്.

ശ്രീ. എ. കെ. പാച്ചുപിള്ള: പുരുഷ ഡാക്ടർമാർ സ്ത്രീ രോഗികളെ ചികിത്സിക്കുന്നതു സംബന്ധിച്ചു് വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെയില്ല. ചില ആശുപത്രികളിൽ ലേഡി ഡാക്കറന്മാർ ആവശ്യമുണ്ടെന്നുകാണിച്ചു് അപേക്ഷ കിട്ടിയിട്ടുണ്ടു്

നഗരബത്ത

* ൧൧൰൩. (൧൭) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേററിൽ തിരുവിതാംകൂർ വിഭാഗത്തെ ഉദ്യോഗസ്ഥന്മാർക്കു നഗരബത്ത എന്നപേരിൽ അലവൻസു കൊടുക്കുന്നുണ്ടോ;

(ബി) തിരുവിതാംകൂർ-കൊച്ചി സ്റ്റേററിൽ ഏതെങ്കിലും സ്ഥലത്തു നഗരബത്ത കൊടുത്തിട്ടുണ്ടോ;

(സി) അങ്ങിനെ കൊടുത്തിട്ടുണ്ടെങ്കിൽ അതു് ഏതു തത്വത്തെ അടിസ്ഥാനമാക്കി കൊടുത്തു എന്നു പറയുവാൻ ദയവുണ്ടാകുമോ?

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

ഈ സെഷനിൽതന്നെ ൯൩൰-ാം നമ്പർ ചോദ്യത്തിനുത്തരമായി പറഞ്ഞിട്ടുണ്ടു്. ബഹു. മെമ്പർ തന്നെ ചോദിച്ചിട്ടുള്ളതാണു്.

സർവ്വീസ് സംയോജനം

* ൧൧൰൪. (൧൰) സാഹിബ്ബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സർവ്വീസ് സംയോജനം പൂർത്തിയായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഇല്ല.

(ബി) സർവ്വീസിലുള്ള വിഷമതകൾ നിമിത്തം.

സാഹിബ്ബ് ബഹദൂർ എ. എം. മുസ്തഫാ: ഈ സർവ്വീസ് സംയോജനം പൂർത്തിയാക്കാത്തതുകൊണ്ടു് സർവ്വീസിൽ അസംതൃപ്തിയുണ്ടെന്നറിയാമോ?

ശ്രീ. സി. കേശവൻ: അറിഞ്ഞുകൂടാ. തീർക്കാത്തതു് അവർക്കു് ഇഷ്ടമായ ഒരു സംഗതി അല്ലെന്നറിയാം.

സാഹിബ്ബ് ബഹദൂർ എ. എം. മുസ്തഫാ: സർവ്വീസ് സംയോജനം പൂർത്തിയാക്കാൻ പുതിയ പദ്ധതി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഈ സംഗതിയിൽ ശരിയായ ഒരു അവസാന തീരുമാനം ചെയ്യുന്നതിന് വ്യവസ്ഥകൾ ചെയ്യുന്നുണ്ട്. ആ വിവരം ഈ സെഷനിൽതന്നെ പറഞ്ഞിട്ടുണ്ട്. ധനകാര്യമന്ത്രിയുടെ പ്രസംഗത്തിലും പറഞ്ഞിട്ടുള്ളതാണ്. തിരുവിതാംകൂർ-കൊച്ചിയിൽ പ്രത്യേക താല്പര്യമില്ലാത്തവരും ശരിയായ ഇൻടഗ്രിററി ഉണ്ടെന്ന് സമ്മതിക്കപ്പെട്ടിട്ടുള്ളവരും ആയ ഏതെങ്കിലും ഒരാളിന്റെ മേൽനോട്ടത്തിൽ ഈ പ്രശ്നം വയ്ക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

സാഹിബ്ബ് ബഹദൂർ എ. എം. മുസ്തഫാ: അങ്ങനെയുള്ള ആളിനെ നിയമിച്ചുകഴിഞ്ഞിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

സാഹിബ്ബ് ബഹദൂർ എ. എം. മുസ്തഫാ: പ്രസ്താവന കഴിഞ്ഞിട്ട് ഒരു മാസം കഴിഞ്ഞിട്ടും ഇതുവരെ നിയമിക്കാത്തത് എന്തുകൊണ്ടാണ്?

Mr. Speaker: No discussion is allowed.

സാഹിബ്ബ് ബഹദൂർ കെ. എ. മുഹമ്മദ്: ഈ ആവശ്യത്തിലേക്ക് മി. സുന്ദരത്തിനെ നിയമിച്ചു എന്നു പറയുന്നത് ശരിയാണോ?

ശ്രീ. സി. കേശവൻ: മി. സുന്ദരം ഇന്ത്യാഗവമെണ്ട് സെക്രട്ടറിയേററിലെ ഒരുദ്യോഗസ്ഥനാണ്. അദ്ദേഹത്തെ ഇന്ത്യാഗവമെണ്ട് ചില കാര്യങ്ങൾ അന്വേഷിക്കാനായിട്ട് അയച്ചിരിക്കുകയാണ്. ആ കൂട്ടത്തിൽ അദ്ദേഹം ഇതും നോക്കി എന്നേയുള്ളു. അല്ലാതെ അദ്ദേഹത്തെ നിയമിച്ചിട്ടില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: കൺഫർമേഷൻ സംബന്ധിച്ചാണോ ഗ്രേഡേഷൻ സംബന്ധിച്ചാണോ വിഷമതകളുള്ളത്?

ശ്രീ. സി. കേശവൻ: രണ്ടിനെസംബന്ധിച്ചുമുണ്ട്.

ശ്രീ. എ. താണുപിള്ള: മി. സുന്ദരത്തെ നിയമിച്ചതാരാണ്?

ശ്രീ. സി. കേശവൻ: ഇന്ത്യാഗവമെണ്ട് അയച്ചതാണ്. മററു സംഗതികളുടെ കൂട്ടത്തിൽ ഈ സംഗതിയും നോക്കാനായി അയച്ചിട്ടുണ്ട്.

ശ്രീ. എം. ഐ. പോൾ: അദ്ദേഹത്തിനു ഈ ഗവമെണ്ടിൽനിന്നും വല്ല ശമ്പളവും കൊടുക്കുന്നുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

Sri. P. S. Nataraja Pillai: Is it a fact that the State Department of the Government of India is going to do the integration for this State?

Sri. C. Kesavan: No.

ആയിരംരൂപയിൽ കൂടുതൽ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാർ

* ൧൧൨൭ (൧൯) സാഹിബ്ബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി പബ്ലിക്ക്സർവ്വീസ് കമ്മീഷനിൽ ആയിരംരൂപയിൽ കൂടുതൽ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ ആകെ എണ്ണം എത്ര;

(ബി) അവരുടെ ജാതി തിരിച്ചുള്ള ഒരു പട്ടിക പ്രസ്താവിക്കാമോ?

ചീഫ് മിനിസ്റ്റർ (സീ. കേശവൻ):

(എ) വ്വ.

(ബി) ആംഗ്ലിക്കൻ ൧, നായർ ൩, ബ്രാഹ്മണൻ ൩, ഈഴവൻ ൧

ഭക്ഷ്യധാന്യനിയന്ത്രണം

* ൧൧൮൩ (൮൦) സാഹിബ്ബ് ബഹദൂർ ഏ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

ഭക്ഷ്യധാന്യനിയന്ത്രണം സംബന്ധിച്ച് അന്വേഷണം നടത്തുവാൻ കേന്ദ്ര കോൺഗ്രസ്സ് പാർട്ടി പണ്ഡിററ് താക്കൂർദാസ് ഭാർഗവായുടെ അദ്ധ്യക്ഷതയിൽ നിയമിച്ചിരുന്ന കമ്മിററിയുടെ റിപ്പോർട്ട് ഈ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ഇല്ല.

ഇരുമ്പു നിയന്ത്രണം

* ൧൧൮൭ (൮൧) ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് കൺട്രോൾ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പെർമിററിൽ കവിഞ്ഞു വലിയ തോതിൽ ഇരുമ്പു ശേഖരിച്ചു വച്ചിരുന്ന കച്ചവടക്കാരുടെ മേൽ ഗവൺമെണ്ടിൽനിന്നും എന്തെങ്കിലും നടപടി നടത്തിയോ;

(ബി) 'എ'ക്കുത്തരം നടപടി നടത്തി എന്നാണെങ്കിൽ അതു് എന്നായിരുന്നു;

(സി) എത്ര കുററക്കാർ ഉണ്ടായിരുന്നുവെന്നും അതിൽ എത്രപേരെ പ്രാസിക്യൂട്ട് ചെയ്തുവെന്നും പറയാമോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പു മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ടു്.

(ബി) നാലുമാസത്തിനു മുമ്പു്.

(സി) നാലുപേർ. ചിലരെ നിയമമനുസരിച്ച് ഡിറെറയിൻ ചെയ്യുകയും ചിലരെ പ്രാസിക്യൂട്ട് ചെയ്യുകയും ചെയ്തിട്ടുണ്ടു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഇത്ര വലിയ തോതിൽ ഇരുമ്പ് അവരുടെ കയ്യിൽ വന്നുചേർന്നതെങ്ങിനെ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. ഇട്ട്യേര അയ്യൂക്കൻ: സ്റ്റോക്ക് ചെയ്തിട്ടുള്ളതെല്ലാം ഗവൺമെണ്ട് നൽകിയിട്ടുള്ള പെർമിററനുസരിച്ചു് വാങ്ങിയിട്ടുള്ളതാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അല്ലെന്നാണറിവു്. വ്യക്തികളിൽനിന്നോ വ്യക്തിസമൂഹങ്ങളിൽനിന്നോ വാങ്ങിച്ചതാണ്.

ശ്രീ. ഇട്ട്യേര അയ്യൂക്കൻ: ബോംബെയിലെ ഒരു കമ്പനിയിൽനിന്നും കൂടുതൽ വിലകൊടുത്ത് വാങ്ങിയിട്ട് അതു് അതിനനുസരിച്ച് കൂടുതൽ വിലക്ക് വില്ക്കുന്നതു് ബ്ലാക്ക്മാർക്കററ് പരിധിയിൽ പെടുമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു ബ്ലാക്കമാക്കററിന്റെ ഡെഫനിഷൻ പോലെയിരിക്കും.

ശ്രീ. ഇട്ട്യേര അമ്പുക്കൻ: അങ്ങനെയുള്ള വ്യാപാരം നിലച്ചുപോയതു കൊണ്ടു് കച്ചവടത്തിനു് മാന്ദ്യം സംഭവിച്ചതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഒരഭിപ്രായം മാത്രമാണു്.

സാഹിബ്ബ് ബഹദൂർ ടി. എ. മൈയ്തീൻകുഞ്ഞു്: അറസ്ററുചെയ്തവരെ എന്തുചെയ്തു?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനാവശ്യമുള്ള നടപടി നടത്തി ക്കൊണ്ടിരിക്കുകയാണു്.

ശ്രീ. എം. ഐ. പോൾ: പെർമിററു് അനുസരിച്ചു് ധാരാളം കൊടുക്കാ ത്തതുകൊണ്ടു് അതായതു് വളരെ കുറച്ചുമാത്രം കപാണ്ടിററിക്കു് പെർമിററു് നൽ കുന്നതുകൊണ്ടു് മിച്ചം ധാരാളം വരുന്നതായും അതു് പി. ഡബ്ലിയു. ഡിപ്പാ ർട്ടുമെണ്ടിലേക്കു് എടുത്തുവരുന്നതായും അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഗവമെണ്ടു് ശ്രദ്ധയിൽ പെ ട്ടിട്ടില്ല.

ശ്രീ. ഏ. കെ. പാച്ചുപിള്ള. ചില ഏജൻറന്മാർ ഈ പെർമിററുകൾ കൈമാററം ചെയ്തുവരുന്നതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. സി. വി. ഇയ്യു: ഇരുമ്പു് കൂടുതൽ കിട്ടുന്നതിനു് ശ്രമിക്കാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനു് ശ്രമിച്ചുവരുന്നുണ്ടു്.

അദ്ധ്യാപക പണിമുടക്കു്

* ൧൧൨. വ്യ. (൧൨) ശ്രീ. റഫേൽ ജെ. റോഡ്രിഗ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി ന ല്കുമോ.—

(എ) പ്രൈവററു് സെക്കൻഡറി സ്കൂൾ മാനേജരന്മാരെക്കൊണ്ടു് വ്യ ശതമാനം ഫീസുപിരിവു് കെട്ടിവെപ്പിക്കാൻ അദ്ധ്യാപകർ നടത്തിയ പണിമു ടക്കിനു് ഗവമെണ്ടു് പ്രോത്സാഹനം നല്കുയിട്ടുണ്ടോ;

(ബി) എ. ടി. എസ്സ്. എ. പണിമുടക്ക പിൻവലിച്ചതിനുശേഷം തഴ വാ (കരുനാഗപ്പള്ളി താലൂക്കു്)യിലുള്ള ഒരു മിഡിൽസ്കൂളിലെ അദ്ധ്യാപകന്മാർ അവക്കു വേറൊരു മാനേജുമെണ്ടിൽ ഒരു പുതിയ സ്കൂൾ അനുവദിക്കുന്നതുവരെ പണിമുടക്ക തുടരുകയുണ്ടായോ;

(സി) പുതിയ സ്കൂൾ അനുവദിക്കുന്നതായിരിക്കും എന്നു നിലവിലുണ്ടാ യിരുന്ന സ്കൂളിന്റെ മാനേജർക്കു് നോട്ടീസ് കൊടുത്തതെന്നാണു്;

(ഡി) പുതിയ സ്കൂൾ അനുവദിച്ച ഉത്തരവിന്റെ തീയതി എന്നാണു്;

(ഇ) ഈ സ്റേററിൽ ആകെ എത്ര സ്കൂളുകൾ മേൽപറഞ്ഞതരം അദ്ധ്യാ പക പണിമുടക്കിന്റെ പേരിൽ നിറുത്തലാക്കിയിട്ടുണ്ടു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി

(ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല.

(ബി) എ. ടി. എസ്സ്. എ. പണിമുടക്ക് പിൻവലിച്ചതിനുശേഷം കരുനാഗപ്പള്ളി താലൂക്കിൽ തഴവായിലുള്ള ഒരു മിഡിൽ സ്കൂളിലെ അദ്ധ്യാപകന്മാർ പണിമുടക്ക് തുടർന്നുകൊണ്ടിരുന്നു.

(സി) സ്കൂളിൽ അദ്ധ്യയനം തുടർന്നുകൊണ്ടുപോകുന്നതിനും സ്കൂൾ കുട്ടികളുടെ താല്പര്യത്തെ പരിഗണിച്ചും നിശ്ചിതകാലാവധിക്കുള്ളിൽ അതായതു് ൧൯൫൦ ഡിസംബർ ൧൮-ാം തീയതിക്കു മുമ്പു് പണിമുടക്ക് പിൻവലിച്ചില്ലെങ്കിൽ അതിനടുത്തുതന്നെ മറ്റൊരു സ്കൂൾ സ്ഥാപിക്കുന്നതാണെന്നു കാണിച്ചു മാനേജർക്കു് നോട്ടീസ്സ് കൊടുത്തിരുന്നു.

(ഡി) ൧൯൫൦ ഡിസംബർ ൧൭-ാംനു-യിൽ.

(ഇ) ൫ സ്കൂളുകളിൽ അദ്ധ്യയനം നിലച്ചുപോയി.

ശ്രീ. റഫേൽ ജെ. റൊഡ്രീഗ്സ്: സ്കൂൾ നിറുത്തുന്നതിനു് നോട്ടീസ്സ് കൊടുത്ത തീയതിയും പിന്നെ സ്കൂളുകൾ തുടങ്ങുന്നതിനു് ഉത്തരവുകൊടുത്ത തീയതിയും ഒന്നാണെന്നു് പറയുന്നതിൽ വല്ല വാസ്തവവും ഉണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങനെ മനസ്സിലായിട്ടില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: മറ്റു നടപടികൾ നടത്തുന്നതാണു് എന്നുള്ളതിൽ ഇന്ന നടപടി എടുക്കുന്നതാണു് എന്നു് ഡെഫനിറ്റായിട്ടു് പറഞ്ഞിട്ടുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് പറയേണ്ട ആവശ്യമില്ല.

ശ്രീ. റഫേൽ ജെ. റൊഡ്രീഗ്സ്: ഇങ്ങനെ നിറുത്തിയ സ്കൂളിലെ അദ്ധ്യാപകരെ തന്നെ വീണ്ടും തുടങ്ങിയ സ്കൂളുകളിൽ നിയമിച്ചതായി അറിയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള: നിയമിച്ചിരിക്കാം.

ശ്രീ. ഇട്ട്യേര അമ്പൂക്കൻ: പണിമുടക്കിനു് ഗവമ്മെണ്ടു് പ്രോത്സാഹനം നല്കിയിട്ടുണ്ടോ എന്നു് ചോദിച്ചതിനു് ഇല്ലെന്നു മറുപടി പറഞ്ഞു. എന്നാൽ മന്ത്രിമാരുടെ പ്രസംഗങ്ങൾ മൂലം അദ്ധ്യാപക പണിമുടക്കു വദ്ധിച്ചിട്ടുണ്ടോ എന്നറിയാമോ ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് മെമ്പർതന്നെ നിശ്ചയിക്കേണ്ടതാണു്.

ശ്രീ. ഇട്ട്യേര അമ്പൂക്കൻ: അങ്ങനെ വന്നിട്ടുണ്ടെങ്കിൽ അതു് ഒരു പ്രോത്സാഹനമല്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: അല്ല.

ശ്രീ. റഫേൽ ജെ. റൊഡ്രീഗ്സ്: സ്ട്രൈക്കു് നിറുത്തുന്നതു് ഗവമ്മെണ്ടിന്റെ ആവശ്യമായിരുന്നില്ലേ ?

ശ്രീ. ടി. കെ. നാരായണപിള്ള: അല്ല. സ്ട്രൈക്കു് ഉണ്ടാകാതിരിക്കാനായിട്ടാണു് പുതിയ പദ്ധതി നടപ്പിലാക്കിയതു്.

ശ്രീ. ഇട്ട്യേര അമ്പൂക്കൻ: അപ്പോൾ സ്ട്രൈക്കു് നിറുത്തേണ്ടതു് ഗവമ്മെണ്ടിന്റെ ആവശ്യമല്ലെന്നാണോ മനസ്സിലാക്കേണ്ടതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഇഷ്ടംപോലെ മനസ്സിലാക്കാം.

ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ: ഈ അഞ്ചു സ്കൂളുകൾക്കു പകരം എത്ര സ്കൂളുകൾ സ്ഥാപിച്ചു?

ശ്രീ ടി. കെ. നാരായണപിള്ള: 6 സ്കൂളുകൾ.

ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: മുമ്പുണ്ടായിരുന്ന വാദ്ധ്യാന്മാരെത്തന്നെയാണോ നിയമിച്ചത്?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ: അതിനെക്കുറിച്ചന്വേഷിക്കാമോ?

ശ്രീ ടി. കെ. നാരായണപിള്ള: അന്വേഷിക്കാം.

Mr. Speaker: Questions are over. We will now proceed to the next business

UNSTARRED QUESTION

PLANTATION LABOURERS AND STAFF

122. [1] **Sri. T. P. Sitaraman:** Will the Hon'ble Minister for Labour be. pleased to state.—

(*a*) what are the steps taken by the Government to improve the lot of the plantation labourers and staff;

(*b*) will the Government place on the table the copies of the memorandum submitted by the Palappilli Branch of the ESASI as well as the Rubber Estate Workers Congress?

Minister for Education, Food and Labour **(Sri. T. K. Narayana Pillai):**

(*a*) The Government have appointed Welfare Staff in the Plantation areas in the State to attend to the Welfare of Plantation Labour. The Conciliation Officers of the Department of Labour are mediating in industrial disputes concerning the workers in Plantations. The Workmen's Compensation Act is applicable to Plantations employing more than 25 workers. The Commissioner for Workmen's Compensation is disbursing compensation to those entitled to it under the Act. The payment of Wages Act is extended to the Plantations in this State. The Assistant Labour Commissioners and the Labour Officers are notified as Inspectors under the Payment of Wages Act. Government of India are contemplating to enact a comprehensive legislation regulating the hours of work and conditions of labour in Plantations.

(*b*) A copy of the memorandum submitted by the Rubber Estate Workers' Congress, Palappilli is given below. We have not received any memorandum submitted by the Palappilli branch of the ESASI.

Copy of the Memorandum submitted by the Palappilly Rubber Estate Workers' Congress to the Superintendents and Managers of Estates owned by Messrs. Malayalam Plantations Ltd., Cochin Malabar Estates Ltd., and Kerala Calicut Estates Ltd., in Palappilli

Sir,

The Palappilli Rubber Estate Workers' Congress request you to kindly consider the following and to be good enough to grant the just and reasonable demands made hereunder.

The rate of wages obtained here is too low and we hope nowhere in India it is so low as it is here. The rate in 1950 is still that of 1940. It is a known fact that the cost of living now has gone up several times than that of 1940. In spite of this the wages of the labour remains the same here and neither are they given a better Basic Wage nor a sufficient Dearness Allowance.

The Tappers working here are not natives of this District. They come from Malabar and Travancore; per each pound of Rubber they bring, they are paid only

one anna three pies and one anna six pies at the maximum. Inclusive of the Dearness allowance (7¼ annas) a tapper is earning only an average of Fourteen annas daily. And it is quite clear that this is not at all sufficient for the labour to live upon apart the family he has to support.

The Estates employ for General Works the native labour of whom man get a rate of 12½ annas and woman 10 annas. They are living about six to ten miles away from the Estate. They have to start from their homes very early for work and they can reach back only late in the evening. At times some of them have to go without work after they come to the Estates. This native labour are not given any of the benefits which other industrial labour are getting.

The Type of lines built for the Resident labour are not at all satisfactory. There is no proper ventilation. Walls are not plastered and white washed in some places and hence are infested with flies, bugs and ants, etc.

The wells are not nearer to the lines. There is not sufficient water in them at times. Neither the water is clear and drinkable nor the wells well kept.

When the Managers and some staff get clear pipe water supply, the labour is forced to drink the unfiltered and unclean water from the worst type of wells.

Owing to the inability for affording good and nourishing food and for the lack of good drinking water and sufficient and proper medical aid, the labourer's standard of health is very poor in the Estates.

For name's sake there are dispensaries in the Estates. When the Labour fall ill they are not properly cared or given sufficient or good and proper medicines. There is no practice of supplying food from the Dispensaries to the inpatients. The patients must themselves provide for their food. They are not even getting good mattresses to lie down.

When accidents occur, labour are not compensated and when compensated are not sufficient at all.

They are not getting any privilege leave, sick leave or religious holidays.

They are not getting any actual Bonus and whatever is paid in the name of Bonus is very meagre. There is every possibility of each labour getting about Rs 100 each a year if proper Bonus is paid.

The local and Resident labour suffer from all these hardships.

It is the labour contractors who are benefitted. They get from 12 to 16 per cent commission on the total earnings of the labour. The labour Contractors as well as the management are totally against the labour. The labour who actually works and promotes the prosperity of the Plantations are ignored. The labour Contractors enjoy at the cost of the poor labour. Not even is there freedom to represent the grievances of the labour. If at all any of the grievances are brought forward, the Contractors will start to trouble and worry the labour by all possible means.

There are instances where the labour are not getting the rationed articles to which they are entitled. The Ration cards are not with the labour. Thank God, they are getting their ration of rice regularly.

When Mooply & Kundai Estates issue 8 ozs. of Kerosene Oil per card, Pudukad Estate issue 4 ozs. and Chimoney Estate nothing. Even what is issued is far below what a card holder is entitled to receive.

When the labour of Pudukad and Chemoney Estates get their Ration of Sugar, those in Kundai and Mooply get nothing.

Whenever the labour request for the cards for buying sugar from outside, not only they are not given the cards but they are even threatened.

Generally the labour is not intimated about his wages and earnings. They have to be satisfied with what they get and the estate accounts cannot be questioned. So far this is what is happening here.

However, experienced be the labour and whatever be his service in the estate there is no security of permanency to his work. His lot is entirely left with the contractor. He can be sent off at any time at the sweet will of the employer and contractor. Labour who are victims to this sort of treatment are rotting here as they are penniless at least to reach their villages and homes.

Such are the countless hardships of the labour. They were keeping quiet because they too wish peace in the plantations. But they cannot wait any longer. Therefore the Palappilly Rubber Estate Workers' Congress request the estate managements to sympathetically consider and fulfill the following demands:—

1. That the factory labour, Tappers and Watchmen be paid Re. 1 as. 8 Basic Wage daily.
2. That the men labour who do all general works be paid a basic wage of Re. 1 as. 4 and women Re. 1 daily.
3. That all assistant maistries be given a Basic Wage of Re. 1 as. 12 daily.
4. That all head maistries be paid Rs. 2 daily and all other allowances enjoyed by the staff in estates.
5. That all the above four class of labour be given three annas for every point of rise in the living index.
6. That the labour should get 75 per cent of the wages (basic) whenever they are not given work for no fault of theirs.
7. That the system of recruiting labour through the Contractors must cease and that they be employed directly by the managements.
8. That the labour who have been working continuously for three months be taken as permanent.
9. That bonus be paid for the years of 1947-48 and
10. That all labour be granted 7 days sick leave 10 days' Privilege leave and six days religious holidays every year.
11. That this labour Union known as "Palappilly Rubber Estate Workers' Congress" be recognised.
12. That gratuity be paid to those who retire from work because of old age or disability.
13. That Educational facilities be provided for the children of the labour.
14. That the labour and their Dependents be given sufficient free medical aid.
15. That maternity allowances and such other benefits be granted.
16. That the labour are given neat, strong and sufficient accommodations.
17. That the labour, are given good pipe water.
18. That the labour, according to their religious faiths be given separate prayer halls.
19. That those who have taken maternity leave are also eligible for privilege leave.
20. That the advance paid to the labour in the beginning of the year be recovered only in instalments within the end of the year.
21. That the estates should provide canteens so that labour can get good and cheap food conveniently.
22. That those who have been dismissed from service since 1949 be reinstated.
23. That the labour be given only 8 hours work.
24. That all watchmen are given rugs, Raincoats and lanterns.
25. That all the labour are given a weekly holiday.
26. And that the labour is individually paid by the managers direct.

On behalf of the Palapilly Rubber Workers' Congress, I request you to view the demands sympathetically and to fulfil the demands made.

Your's faithfully,
Sd.
President Secretary.

ADJOURNMENT MOTION RE-UNDER-TRIAL PRISONERS

Sri. E. Gopalakrishna Menon: Sir, I understand that the Government are prepared with the information regarding the Adjournment Motion which was given notice of yesterday in respect of the treatment meted out to under-trial prisoners. I would request that the information may be made available to the House.

Chief Minister **(Sri. C. Kesavan)**: I have collected the information. Sir, shall I give that information?

Mr. Speaker : Yes.

ശ്രീ. സി. കേശവൻ: ൧൯൫൧ മാർച്ച് ൧൯-ാംനു-യിൽ ലാക്കപ്പിൽ ഉണ്ടായിരുന്ന ൪ തടവുകാരും ആലപ്പുഴ സബ്ജയിലിൽ പാർപ്പിച്ചിരുന്ന പത്തു തടവുകാരും ഹങ്കർ സ്ട്രൈക്ക് തുടങ്ങിയിട്ടുണ്ട്. അതു് അവരുടെ ആഹാര രീതി മാററിക്കിട്ടുന്നതിനും ആവശ്യമുള്ളിടത്തോളം വസ്ത്രങ്ങൾ ലഭിക്കുന്നതിനും മുറുക്കാൻ പുകവലി ഇവക്കുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നതിനും ന്യൂസ് പേപ്പർ കിട്ടാനും അവരുടെ കേസ്സുകൾ നടത്തി അവസാനിപ്പിക്കുന്നതിനും പ്രതികളായിരിക്കുന്ന അണ്ടർട്രയൽ പ്രിസനേഴ്സിനെ ജാമ്യത്തിൽ വിടുന്നതിനും എല്ലാവരേയും ഒരുമിച്ചു താമസിപ്പിക്കുന്നതിനും ആണ് അവരുടെ സത്യാഗ്രഹം തുടങ്ങിയതു്. കുമാരപ്പണിക്കർ, വർഗീസ് വൈദ്യൻ, പുതുപ്പള്ളി രാഘവൻ പിള്ള, ഡാക്ടർ രാമകൃഷ്ണൻ തമ്പി, ഇവർ ഇതിലെ നായകന്മാരാണ്.

൨൨-ാം തീയതി പത്തു ആളുകൾകൂടി ഹങ്കർ സ്ട്രൈക്കിൽ ഉൾപ്പെട്ടു. ഈ ഹങ്കർ സ്ട്രൈക്കിൽ ഉൾപ്പെട്ട എസ്സ്. കുമാരൻ എന്ന ആളെ സെഷൻകോടതിയിൽനിന്നും ജാമ്യം അനുവദിച്ചതനുസരിച്ചു വിട്ടതൽ ചെയ്തു ഹങ്കർ സ്ട്രൈക്കിൽ ഉൾപ്പെട്ട എല്ലാവരുംതന്നെ പുന്നപ്ര വയലാർ കേസ്സുകളിലെ പ്രതികളാണ്. എന്നാൽ ഡാക്ടർ രാമകൃഷ്ണൻതമ്പി ആ കേസ്സിലെ പ്രതിയല്ല. ഡാക്ടർ തമ്പിയെ ഒരു സെക്യൂറിററി കേസ്സിൽ ശിക്ഷിച്ചിട്ടുണ്ട്. കൊലപാതകത്തിനു് പ്രേരിപ്പിച്ചു എന്നൊരു കേസിൽ പ്രതിയുമാണ്. ൨൪-ാം തീയതി കാലത്തു് ഹങ്കർ സ്ട്രൈക്കേഴ്സ് ആയ രാഘവൻപിള്ള, കുമാരപ്പണിക്കർ, കോശി, സുകുമാരൻ എന്നീ നാലു പേരെ ആശുപത്രിയിൽ കൊണ്ടുപോയി. അവരുടെ ഉദ്ദേശം പുറത്തുപോയി ബന്ധം പുലർത്തി അവരുടെ സംഘടനാപരമായ പ്രവൃത്തനങ്ങൾക്കു് സൗകര്യം ഉണ്ടാക്കുകയെന്നുള്ളതാണെന്നു വിചാരിക്കപ്പെടുന്നു. ഡാക്ടരോടു് ചോദിച്ചതിൽ കോശി ഒഴിച്ചുള്ളവരുടെ ശരീരസ്ഥിതി ആപൽക്കരമല്ലെന്നു കണ്ടതിനാൽ അവരെ ൨൬-ാം തീയതി രാവിലെ സബ്ജയിലിലേക്കു് തിരിച്ചുകൊണ്ടുവന്നു. ഇതുസംബന്ധിച്ചു് ഇന്നു രാവിലെ ഹങ്കർ സ്ട്രൈക്കേഴ്സിന്റെ താല്പര്യങ്ങളെ പ്രതിനിധീകരിച്ചുകൊണ്ടു എന്റെ അടുക്കൽ ഒരു നിവേദനം തന്നിട്ടുണ്ടു്. ആ നിവേദനത്തിൽ അവർ പറഞ്ഞിരിക്കുന്നതും കൂടി ബഹുമാനപ്പെട്ട മെമ്പറന്മാരുടെ അറിവിലേക്കായി ഞാൻ വച്ചുകൊള്ളുന്നു.

(൧) ലാക്കപ്പിൽനിന്നും സബ്ജയിലിലേക്കു് മാററുക.

(൨) നിരോധിക്കാത്ത പത്രങ്ങളും പുസ്തകങ്ങളും വായിക്കാൻ അനുവദിക്കുകയും, അതു് ഗവമെണ്ടു് ചിലവിൽ വാങ്ങിതരികയും ചെയ്ക.

(൩) ആഹാരം ജയലിൽതന്നെ പാചകം ചെയ്യിച്ചുതരുന്നതിന് ഏർപ്പാടു ചെയ്യുക.

(൪) ആഴ്ചയിൽ ഒരു പ്രാവശ്യം ഷേവിങ്ങിന് അനുവദിക്കുക.

(൫) ജയിലിൽ നടന്നിട്ടുള്ള മർദ്ദനത്തെക്കുറിച്ച് പരസ്യാന്വേഷണം നടത്തി കുററവാളികളെ ശിക്ഷിക്കുക. പ്രസ്തുത മർദ്ദനത്തിനു വിധേയരായി അനാരോഗ്യരായവർക്ക് വൈദ്യസഹായവും പ്രത്യേക ആഹാരവും അനുവദിക്കുക.

(൬) നാലരവർഷക്കാലമായിട്ടും വിചാരണപോലും നടത്താതെ ജാമ്യം കിട്ടാതെ കാരാഗൃഹത്തിൽ കഴിയുന്ന എല്ലാ തടവുകാരേയും ഉടനെ ജാമ്യത്തിൽ മോചിപ്പിക്കുകയും കേസുകളുടെ വിചാരണ ഉടനെ തുടങ്ങുകയും ചെയ്യുക.

(൭) ലാക്കപ്പിനകത്തു മൂത്രമൊഴിക്കുന്നതിനു് ഇന്നു് കുടമാണു് ഉപയോഗിക്കുന്നതു്. അതു് നിറുത്തി പ്രത്യേക സൗകര്യം തടവുകാരുടെ ആരോഗ്യത്തിനനുസരണമായി ചെയ്യുക.

(൮) ജയലിൽ പകൽ സമയം ലാക്കപ്പു ചെയ്യാതിരിക്കുക.

(൯) പുകവലിക്കുവാൻ അനുവദിക്കുക.

(൧൦) മുണ്ടും തോർത്തും, കിടക്കുവാൻ പായും തലയണയും അനുവദിക്കുക.

(൧൧) രാഷ്ട്രീയമായുള്ള എല്ലാ കേസുകളും വാറണ്ടുകളും പിൻവലിക്കുക.

ഇത്രയും കാര്യങ്ങളാണു് എന്റെ മുമ്പാകെ നിവേദനം ചെയ്തിട്ടുള്ളതു്. ഇതിൽ ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ കാര്യങ്ങളും സാധിക്കുന്നതല്ലെന്നു് അവർ തന്നെ സമ്മതിച്ചിട്ടുണ്ടു്. സാധിക്കാവുന്നതു് ഏതെല്ലാമാണെന്നു് അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്മാരുമായി ആലോചിച്ചു് ഇന്നു് വൈകുന്നേരം അറിയിക്കാമെന്നു് പറഞ്ഞിട്ടുണ്ടു്. അതിനാൽ ഈ സംഗതികളെപ്പററി ഒരു വാദപ്രതിവാദം ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ആറാമതായി പറഞ്ഞിരിക്കുന്ന 'നാലരവർഷക്കാലമായിട്ടും വിചാരണപോലും നടത്താതെ' എന്നുള്ളതു് ഒരു വ്യാജപ്രസ്താവനയാണു്. നാലുകൊല്ലത്തിനുമുമ്പു് ഭയങ്കരമായ അക്രമവും വിപ്ലവവും നടത്തി അന്നുമുതൽതന്നെ ഒളിവിൽ നടന്നിട്ടു് ഈ അടുത്തകാലത്തു് ജയിലിൽ വന്നവരാണു് ഈ നാലരവർഷമെന്നു പറയുന്നതു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: കൂടുതൽ എത്രകാലമായവർ ഇപ്പോൾ കിടക്കുന്നുണ്ടു്?

ശ്രീ. സി. കേശവൻ: നാലരവർഷക്കാലമായവർ ഇല്ല.

സാഹിബ് ബഹദൂർ ടി. എം. മൈതീൻകുഞ്ഞു: ഇവർ കൊലക്കുററം ചെയ്തു എന്നു് തീരുമാനിച്ചുകഴിഞ്ഞതാ?

ശ്രീ. സി. കേശവൻ: അതു് കോടതിയാണു് തീരുമാനിക്കേണ്ടതു്.

ശ്രീ. എ. കെ. പാച്ചുപിള്ള: ലാക്കപ്പിൽനിന്നും സബ്ജയിലിലേക്കു് മാററുന്നതിനു് എന്താണു നടപടി നടത്തുന്നതു്?

ശ്രീ. സി. കേശവൻ: സാധിക്കാവുന്നിടത്തോളം കാര്യങ്ങൾ സാധിച്ചുകൊടുക്കുന്നതിനു നിവേദനകർത്താക്കളോടൊപ്പംതന്നെ എനിക്കും താല്പര്യമുണ്ടു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അവരുടെ ആരോഗ്യസ്ഥിതി......

Mr: Speaker: No further questions can be allowed. If the member is in possession of any additional information he can give it, so that it may help the speedy disposal of the adjournment motion.

Sri. Ittiera Ambookan: Can I give any additional information on the matter?

Mr. Speaker: No. The Chief Minister has got all the information necessary.

Sri. A. Nesamony: May I know whether the police has made any charge against these people ?

Sri. C. Kesavan: Charges have not been made on all of them. They are under-trials.

Sri. A. Nesamony: May I know why this inordinate delay on the matter?

Sri. C. Kesavan: A Magistrate who was about to retire was in charge of the cases. On his retirement substitute was not appointed in time. Now steps are being taken to hurry up the disposal.

Sri. A. Nesamony: Why not the Government order day to-day trial?

Sri. C. Kesavan: Yes, Government will do so.

Sri. E. Gopalakrishna Menon: The condition of the under-trials is very serious. Some of them have been removed to the hospital.

Mr. Speaker: Order, order. Government have undertaken to do what is necessary.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള. ഒന്നര വർഷമായിട്ടു ഒരു സാക്ഷിയെ പോലും വിസ്തരിക്കാത്ത കേസുകളുണ്ടെന്നുള്ളതു് എനിക്കറിയാവുന്ന കാര്യമാണു്.

Sri. C. Kesavan: Yes. Government will enquire into the matter.

ശ്രീ. എം. ഐ. പോൾ: ഇതിൽ പറയുന്ന കുമാരപ്പണിക്കരുടെ അമ്മ ഒരു ഹർജി ചീഫ് മിനിസ്റ്റർക്കു് സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ; കുമാരപ്പണിക്കരുടെ അമ്മയുടെ ഒരു എഴുത്തു് എനിക്കു് കിട്ടിയിട്ടുണ്ടു്. ഞാൻ അവരോടു സഹതാപമുള്ളവനായിരുന്നുവെന്നും, ഇപ്പോൾ അധികാരത്തിൽ വന്നതുകൊണ്ടു് വേണ്ടതു ചെയ്തുകൊടുക്കണമെന്നുമാണു് പറയുന്നതു്. അവർ പറഞ്ഞിട്ടുള്ളതിൽ പലതും തെററാണു്. ഞാൻ ജയിലിൽ കിടക്കുമ്പോൾ ഇവരെ ഇറക്കാൻ സത്യാഗ്രഹം നടത്തിയെന്നു് ഒരു വ്യാജപ്രസ്താവനയുണ്ടായിരുന്നു. അതു് ഞാൻ തിരുത്താൻ പോയില്ല. ആ തെററിദ്ധാരണയുടെ പേരിലാണു് ആ കത്തു് അവർ എഴുതിയിരിക്കുന്നതു്. മുമ്പു് ഒരവസരത്തിൽ ഞാനുൾപ്പെടെയുള്ള ഏതാനും തടവുകാർ ജയിലിൽ കൂടുതൽ സൗകര്യങ്ങൾ ആവശ്യപ്പെട്ടുകൊണ്ടു് ഒരു അൾട്ടിമേററം കൊടുത്തതിനെ തുടർന്നു എന്നെ ജയിലിൽനിന്നും മോചിപ്പിച്ചു. എന്നാൽ മററുള്ളവർക്കു് കൂടുതൽ സൗകര്യം നൽകുന്ന ലക്ഷണം കണ്ടില്ല. അതിനെ പ്രതിഷേധിച്ചാണു് ഞാൻ സത്യാഗ്രഹം നടത്തുമെന്നു് പറഞ്ഞതു്. ഗവർമ്മെണ്ടു് പിന്നെ എല്ലാവരേയും വിട്ടു. അല്ലാതെ ഞാൻ തടവുകാരെ വിട്ടുവിക്കാൻ സത്യാഗ്രഹം നടത്തിയില്ല. എത്രത്തോളം അനുഭാവം അവരോടു കാണിക്കാമോ അതു കാണിക്കാം, പക്ഷെ നിയമസമാധാനങ്ങൾ പുലർത്തുന്നതിനുള്ള ചുമതല ഗവർമ്മെണ്ടിനുണ്ടു്. അതനുസരിച്ചു ചെയ്യാവുന്നതു ചെയ്യാം.

മിസ്റ്റർ സ്പീക്കർ: ഇന്നലെ ഹാജരാക്കിയ അടിയന്തിരപ്രമേയത്തെപ്പററി ഒരു തീരുമാനം എടുക്കുന്നതിനുമുമ്പു് അതിൻെറ വിവരങ്ങളന്വേഷിച്ചു ഈ സഭമുമ്പാകെ വെക്കേണ്ടതാണെന്നു ഇന്നലെ ഒരു നിർദ്ദേശം ഗവർമ്മെണ്ടു് മെമ്പർക്കു് കൊടുത്തതനുസരിച്ചു ഇന്നു് ആ വിവരങ്ങൾ ഇവിടെ നൽകിക്കഴിഞ്ഞു. ഇപ്പോൾ അവരെ പ്രതിനിധീകരിച്ചു ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പാകെ ഒരു നിവേദനം സമർപ്പിച്ചിട്ടുള്ളതായും കാണുന്നു. ആ നിവേദനത്തിൽ പറഞ്ഞിട്ടുള്ള പലതും അടിയന്തിരപ്രമേയത്തിൽ ഉൾപ്പെട്ട കാര്യമല്ല. അടിയന്തിരപ്രമേയത്തിലുൾപ്പെട്ട കാര്യങ്ങൾ മാത്രമേ ഇവിടെ പരിഗണിക്കേണ്ട ആവശ്യമുള്ളു. ജാമ്യത്തിൽ വിടുന്നതു ഗവർമ്മെണ്ടിൻെറ ചുമതലയല്ല. അതു കോടതി ചെയ്യേണ്ടതാണു്. വിസ്താരം ത്വരിതപ്പെടുത്തേണ്ട കാര്യത്തിലും കോടതിമൂലം പരിഹാരം നേടേണ്ടതാണു്. ഭക്ഷണം, വസ്ത്രം മുതലായ ആനുകൂല്യം ആവശ്യപ്പെട്ടിരി

ക്കുന്നതു് നിലവിലുള്ള വ്യവസ്ഥകൾക്കും റൂളുകൾക്കും വിധേയമായിട്ട് ചെയ്യേണ്ടതാണ്. ഇന്നതെല്ലാം അനുവദിക്കാമെന്നും ഇന്നതെല്ലാം അനുവദിക്കാൻ പാടില്ലെന്നും എന്തെല്ലാം സൗകര്യങ്ങളാണ് കൊടുക്കേണ്ടതെന്നും ഉള്ളതിലേക്ക് വ്യക്തമായ റൂളുകളും വ്യവസ്ഥകളും ഉണ്ട്. ആ റൂളുകൾ അനുസരിച്ചായിരിക്കും പ്രവർത്തിക്കുന്നതു്. ആ റൂളുകൾക്ക് വിപരീതമായി ഗവൺമെന്റ് പ്രവർത്തിച്ചുവെന്നു ഒരു പ്രസ്താവനയും കാണുന്നില്ല. ഗവൺമെന്റിന്റെ ചുമതലയിൽ പെട്ട കാര്യങ്ങൾ ചെയ്തില്ലെന്നുള്ളതിനെ വിഷയമാക്കി ഒരു വാദപ്രതിവാദം ചെയ്യാവുന്നതാണ്. അങ്ങനെ ഒരു പരാതി ഇല്ലാത്ത സ്ഥിതിക്ക് ഒരടിയന്തിരപ്രമേയമായി ഇതു് വാദപ്രതിവാദം ചെയ്യുന്നതിന് അനുവദിക്കാവുന്നതല്ല.

ശ്രീ. പി. എം. വറുഗീസ്: ചോദ്യോത്തരങ്ങൾക്കുള്ള സമയം നേരത്തെ തീർന്നുകൊണ്ട് രണ്ടുമൂന്നു അൺസ്റ്റാർഡ് ചോദ്യങ്ങൾക്ക് ഉത്തരം പറയാമെന്നു സ്പീക്കർ അവർകൾ പറഞ്ഞതായി ഞാൻ കേട്ടു.

മിസ്റ്റർ സ്പീക്കർ: അങ്ങനെ പറഞ്ഞിട്ടില്ല. അൺസ്റ്റാർഡ് ചോദ്യത്തിന്റെ കാര്യം തന്നെ ഇവിടെ ആരും പ്രസ്താവിച്ചില്ല. റൂളനുസരിച്ചു അങ്ങിനെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം ഇവിടെ പറയാവുന്നതുമല്ല. ചോദ്യങ്ങൾ തീർന്നുകൊണ്ട് അടുത്ത കാര്യത്തിലേക്ക് പ്രവേശിക്കാമെന്നാണ് ഞാൻ പറഞ്ഞതു്.

VOTING OF DEMANDS FOR GRANTS

Demand No XXVII—Civil Works—*(cont.)*

Mr. Speaker: Yesterday Mr. Balakrishnan Tampi was on his legs when the House adjourned. Now the member can continue.

Sri. P. Balakrishnan Tampi: In opposing the cut motion I wish to bring to the notice of Government certain suggestions regarding the Civil Works Department. I was listening yesterday to the speeches of member after member who tried to ventilate local grievances and who wanted to speak about local roads etc. I was feeling Sir, that I was transported to an earlier age—some 20 or 30 years ago—to another venue, the Sri Mulam Assembly, where an over-loyal Madras Provincial serviceman sat patronisingly hearing the local needs of country members regarding the widening of roads and lanes. A healthy convention there was in that old Assembly when members used to speak about local public works. The question is whether this House has the patience to hear every one speaking about his particular road or lane or tank. In this connection, Sir, I also wish to point out that Government did a not-very-wise thing in constituting what they call Taluk Public Works Committees. I then pointed out to the Hon'ble Minister that it would be very embarrassing because what the Government want and what this House wants is an organic conception of the needs of the whole State. Now the impression has gone round that every particular revenue division has some particular right for some particular things. Government have made it clear that in the matter of public works it is the whole State of Travancore-Cochin that counts, that there is something like individual partition for every revenue division or revenue taluk. It is true that individual member will be able to point out certain local needs. But just before the Budget is presented it is unseemly for local members of particular taluks to sit together in sending grandiose proposals. Could any Government take up all those needs? Now, I suggest that all these committees should be scrapped. I mean local committees, and Government may by election by this House or by nomination

[Sri. P. Balakrishnan Tampi]

or by both have a Central Committee which might look at the needs from a comprehensive point of view, which might be expected to have an organic conception of the needs of the State and then make recommendations instead of each member trying to please his own constituency.

Now, see the very important functionaries. Many of my Hon'ble colleagues are embarrassing the local officers. The Section Officer and Sub-Division Officer are never free from the attacks of these important folks, It is a point to be noted that the members of Legislature are asked to direct or dominate departmental working. I would have certainly pleaded for it under an earlier regime. But now we are under a democratic form of Government. It is better that Hon'ble members are not troubled in the matter of being asked to associate themselves with local officials. In saying this, perhaps I am making a proposal which would affect my own importance in my locality.

One of the things which I wish to bring to the a tention of the House is about the avenue trees. Sir, our State was one of the earliest of the two States now merged. One swallow does not make a summer nor does one Iyyu represent Travancore-Cochin State. Now, Sir, I want to give a suggestion about avenue trees. I am proud that in all schemes that we Travancore-Cochin anticipated all modern States in the matter of planting shade trees. The boulevard of Nice, Paris or Monte Carlo are famous for their trees. We have also to plant more trees and it would be very advantageous to plant shade trees wherever possible where the roads are wide enough. In Travancore-Cochin the Problem is that in many places the trees that are planted heve become a source of menance to the pedestrians. Some of them are too old. My suggestion is that in the cases of trees which are overgrown in the sense that they have passed the age of being useful, they might be ordered to be cut down. Some revenue might be made in that way. The amount thus realised might be considerable and that amount would be earmarked for the improvement of those roads or for the improvement of auxiliary roads. I would also suggest that in places where trees are cut down Government may take steps to plant new trees, new varieties of trees which would yield shade but at the same time would not affect the durability of road surfacing by their spreading root system. I am told they have found out certain varieties which would yield shade and the roots of which go down deep into the soil without spoiling the surface of roads. By so doing we will be increasing the revenue of the State and at the same time we will be ensuring more durable and safer roads. It will also to a certain extent reduce the expenditure this Government have to spend for road surfacing.

One other point which I wish to refer to is about the complaint regarding the roads getting spoilt. Now as the poet says 'the good is oft interred with their bones'. Hon'ble members are aware that we never speak about the scores of miles of roads in good condition. We ride comfortably over good surfaces. But we must understand that the mileage rates have to be increased. The cost of maintenance has increased twelve times since the pre-war times and roads were made at a time when they did not in the least dream of automobiles going along these roads. Now in every countryside and through every hill road these motor vehicles are plying. We cannot complain about the working of the Public Works Department. We have not yet evolved a system of road surfacing suitable to the tropical climate. Therefore, there is nothing particularly bad about the working of the Public Works Department in the Travancore-Cochin Seat.

With these words, I resume my seat.

ശ്രീ. പി. കുഞ്ഞുകൃഷ്ണൻ: എന്റെ മാന്യസ്നേഹിതൻ ശ്രീ. ബാലകൃഷ്ണൻ തമ്പി അവർകൾ ഇവിടെ പറയുകയുണ്ടായി പ്രാദേശിക കാര്യങ്ങളെപ്പററി പറയുന്നതു് ശരിയല്ലെന്നു്. എന്നാൽ പ്രാദേശിക കാര്യങ്ങളിൽ പലതും രാജ്യവ്യാപകമായ താല്പര്യമുള്ളതായും കാണാൻ കഴിയും. ആ നിലയിൽ പ്രാദേശിക കാര്യങ്ങളെപ്പററി പറയാതിരിക്കുവാൻ കഴിയുകയില്ല. കൊല്ലത്തെ പ്രാദേശിക കാര്യങ്ങളെപ്പററി ആദ്യമായി ഞാൻ പറയണമെന്നു വിചാരിക്കുന്നു. അവിടത്തെ ഒരു അയേൺ ബ്രിഡ്ജ് വളരെ കാലമായി പഴക്കംചെന്നു് പൊളിഞ്ഞുപോകത്തക്ക നിലയിലായിരിക്കുന്നു എന്നുള്ള കാര്യം എല്ലാവക്കും അറിവുള്ളതാണു്. അതേപ്പററി അനേകം സംവത്സരങ്ങളായി ഗവമ്മെണ്ടിനെ അറിയിച്ചുകൊണ്ടിരിക്കയാണു്. പൊതുജന പ്രതിനിധികളും മുനിസിപ്പാലിററിയും ഗവമ്മെണ്ടിനെ അറിയിച്ചിട്ടുണ്ടു്. രണ്ടുമൂന്നു നിവേദനങ്ങളും നടത്തിയിട്ടുണ്ടു്. എന്നാണു് അവിടെ അപകടം ഉണ്ടാകുന്നതെന്നറിഞ്ഞുകൂടാ. അതിൽക്കൂടി ഹെവിവെഹിക്കിൾസും പോകുന്നുണ്ടു്. മുനിസിപ്പാലിററിയിൽ നിന്നും അതേപ്പററി അടിയന്തിരമായി ശ്രദ്ധിക്കണമെന്നു കാണിച്ചു് എഴുതിയിട്ടുണ്ടായിരുന്നു. അതുകൊണ്ടു് കഴിയുന്നതും വേഗം അതിലേയ്ക്കു് വേണ്ടതു ചെയ്യണമെന്നു് ഞാൻ ആദ്യമായി ആവശ്യപ്പെടുന്നു.

രണ്ടാമതായി കൊല്ലത്തു് മലയാളം സ്കൂൾ ജംഗ്ഷനെ സംബന്ധിച്ചാണു്. എനിക്കു പറയാനുള്ളതു്. അവിടെ ഇംഗ്ലീഷ് ഹൈസ്കൂളുണ്ടു്, മലയാളം സ്കൂളുണ്ടു്, കോടതികൾ ഉണ്ടു്. അവിടം ചെറിയതും വളരെ ഇടുങ്ങിയതുമായ ഒരു ജംഗ്ഷനാണു്. അവിടെ വളരെ അപകടങ്ങൾ ഉണ്ടാകാൻ ഇടയുണ്ടു്. ഈ അടുത്ത കാലത്തു് അവിടെ ഒരു കാറു് മററൊരു കാറുമായി കൂട്ടിമുട്ടി അപകടം ഉണ്ടായി. അവിടം വീതി കൂട്ടണമെന്നു് പൊതുജനപ്രതിനിധികളും മുനിസിപ്പാലിററിയും ഗവമ്മെണ്ടിനോടു് വളരെ കാലമായി ആവശ്യപ്പെടുകയുണ്ടായി, നിവേദനങ്ങൾ നടത്തുകയും ഉണ്ടായി. ഒരിക്കൽ അതിനു മന്ത്രി അവർകൾ മറുപടി പറഞ്ഞു എസ്റ്റിമെററു് തയ്യാറാക്കുന്നു എന്നു്. പിന്നീടു് അതേപ്പററി അന്വേഷിച്ചതിൽ അതു മുനിസിപ്പാലിററിയിൽ നിന്നും വഹിക്കേണ്ട കാര്യമാണെന്നും പറയുകയുണ്ടായി. പിന്നെയൊരവസരത്തിൽ പറഞ്ഞു മുനിസിപ്പാലിററിയോടു് ഈ കാര്യത്തെപ്പററി എഴുതിചോദിച്ചിട്ടുണ്ടെന്നു്. അവരോടു് അന്വേഷിച്ചതിൽ അറിയുവാനിടയായതു്, എഴുതി അയച്ചതു് ശരിയാണെന്നും പക്ഷെ തങ്ങളെക്കൊണ്ടു് അതു നടത്തുവാൻ നിവൃത്തിയില്ലെന്നുമാണു്. ഇങ്ങനെ പ്രധാനപ്പെട്ട ഒരു കാര്യം അവതാളത്തിൽ ഇടുന്നതെന്തുകൊണ്ടാണെന്നു് മനസ്സിലാകുന്നില്ല. വളരെ സ്വാധീന ശക്തിയുള്ള സമീപസ്ഥരായ ആളുകളുടെ സ്വാധീനശക്തികൊണ്ടും അവരുടെ വസ്തുക്കൾ പോകേണ്ടിവരുമെന്നുള്ളതുകൊണ്ടും മാത്രമാണു് ഇക്കാര്യം ഇങ്ങനെ നീണ്ടുനീണ്ടുപോകുന്നതു്. ഉടനെതന്നെ ആ ജംഗ്ഷനു് വീതി കൂട്ടേണ്ടതു് ഏററവും അത്യാവശ്യമായ ഒരു കാര്യമാണു്.

മൂന്നാമതായിട്ടു് എനിക്കു പറയുവാനുള്ളതു് പറവൂർ പൊഴിയിൽ ഒരു ചീപ്പിടുന്ന കാര്യത്തെപ്പററിയാണു്. വളരെക്കാലമായിട്ടു് ഇക്കാര്യം ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്. അതിലേക്കായി ഒരു സ്പെഷലാഫീസറെ നിയമിച്ചിട്ടുമുണ്ടു്. ആ സ്പെഷലാഫീസർ റിപ്പോർട്ടു് സമർപ്പിച്ചിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. അവിടെയുള്ള നിലങ്ങൾ വെള്ളപ്പൊക്കം മൂലവും മററും എപ്പോഴും നശിച്ചുപോവുകയാണു് പതിവു്. സ്പെഷലാഫീസറുടെ റിപ്പോർട്ടു വന്നിട്ടുണ്ടെങ്കിൽ അതു പരിശോധിച്ചു് അവിടെ പ്രായോഗികമായി എന്തെങ്കിലും ചെയ്യുവാൻ കഴിയുമെങ്കിൽ അതുടനെ ചെയ്തു് ഇതിന്നൊരു പരിഹാരമുണ്ടാക്കണമെന്നു് അപേക്ഷിക്കുന്നു.

(Sri. P. Kunjukrishnan)

അടുത്തതായി എനിക്കു പറയുവാനുള്ളതു് പെരിനാടും കൊല്ലവുമായി ബന്ധിപ്പിച്ചു് ഒരു പാലം പണിയേണ്ട അത്യാവശ്യകതയെപ്പററിയാണു്. ആശ്രാമവും പെരിനാടുമായി ബന്ധിപ്പിക്കുന്ന തരത്തിൽ ഒരുപാലം പണിയുകയാണെങ്കിൽ വളരെ ചിലവുണ്ടാകുകയില്ല. കായലോരം വളരെ നികന്നു കിടക്കുകയാണു്. ഇക്കാര്യവും ഗവർമ്മെണ്ടിന്റെ പ്രത്യേകശ്രദ്ധയിൽപ്പെടണമെന്നു് അപേക്ഷിക്കുന്നു.

വെളിനെല്ലൂരു്, കൊല്ലം, കൊട്ടാരക്കര, ചിറയിൻകീഴ് ഈ മൂന്നു താലൂക്കുകളേയും ബന്ധിക്കുന്നതായ ഒരു റയട്ടു് റോഡ് വെട്ടിയിട്ടുണ്ടു്. ആ റോഡ് ഏറെറടുക്കേണ്ട കാര്യത്തെക്കുറിച്ചു് ജനങ്ങൾ ഗവൺമെണ്ടിലേക്കു് നിവേദനങ്ങൾ നടത്തിയിട്ടുണ്ടു്. വളരെ പണിപ്പെട്ടുണ്ടാക്കിയിട്ടുള്ള ഒരു റോഡാണിതു്. അവിടെ പണിനടക്കുന്ന കാലത്തു് ഞാൻപോയി നോക്കിയിട്ടുണ്ടു്. ഒരു ദിവസം ൩൦൦ ആളുകളോളം നിന്നുജോലിചെയ്താണു് ആ റോഡ് വെട്ടിയിട്ടുള്ളതു്. ഈ റോഡിന്റെ കാര്യം ഗവമ്മെണ്ടു് ശ്രദ്ധിക്കണമെന്നു് അപേക്ഷിക്കുന്നു.

പൊതുവായി പറയുകയാണെങ്കിൽ രണ്ടുമൂന്നു കാരണങ്ങൾ കൊണ്ടാണു് ഈ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം വളരെയധികം ആക്ഷേപങ്ങൾ ഉണ്ടാകുന്നതു്. ഒന്നാമതു് തുകകൾ ലാപ്സായിപ്പോവുക എന്നുള്ളതു്. അതിനെക്കുറിച്ചു് കൂടുതലായി പറയേണ്ട ആവശ്യമില്ല. പിന്നൊന്നു് അനുവദിക്കുന്ന പണം പോലും ചിലവാക്കുന്നതു് പ്രയോജനമില്ലാതെ പോകുന്നു എന്നുള്ളതാണു്. ഒരു ഉദാഹരണം പറയാം. ഇത്തിക്കര ആയൂർ റോഡ് നന്നാക്കുന്നതിനു് പണം അനുവദിച്ചു. ഒരു മൈൽ മെററൽ ചെയ്യുന്നതിനു് ൪,൦൦൦ രൂപവരെ അനുവദിച്ചിട്ടുണ്ടെന്നാണു് അറിയുന്നതു്. എന്നാൽ അവിടെ മെററൽ ചെയ്യുന്നതു് ഏതു വിധത്തിലാണെന്നു് ചീഫ് ഇഞ്ചിനീയർതന്നെ ഉടനെ ഒന്നുപോയി നോക്കുന്നതു് വളരെ നന്നായിരിക്കുമെന്നു് എനിക്കു തോന്നുന്നു. കുറെ ചരലും, മണ്ണും, ചവറും, മെററലും എല്ലാംകൂടെ കലത്തി നാശമാക്കിയിട്ടിരിക്കയാണു് ചെയ്യുന്നതു്. കണ്ട്രാക്ടറന്മാര ചെയ്യുന്ന ഒരു കുഴപ്പമാണിതു്. ഇങ്ങനെ നാട്ടുകാരുടെ പണം വെറുതെ കളയുന്ന പരിതാപകരമായ അവസ്ഥ ചീഫ് ഇഞ്ചിനീയർതന്നെ ഒന്നുപോയി നേരിട്ടുകാണുവാൻ ഞാൻ താല്പര്യപ്പെടുന്നു. ഇതു് അവിടെ മാത്രം നടക്കുന്ന ഒരു കാര്യമല്ല, ഈ രാജ്യത്തു് പൊതുവെ പലയിടത്തും ഇങ്ങനെ നടക്കുന്നുണ്ടു്.

ഡിപ്പാർട്ടുമെണ്ടിനെപ്പററി പറയാവുള്ള മറെറാരാക്ഷേപം ഡിപ്പാർട്ടുമെണ്ടിലെ കീഴുദ്യോഗസ്ഥന്മാരും കണ്ട്രാക്ടറന്മാരുംകൂടി യോജിച്ചുകൊണ്ടു നടത്തുന്ന കൊള്ളയെ സംബന്ധിച്ചാണു്. ഡിപ്പാർട്ടുമെന്റിലെ കീഴുദ്യോഗസ്ഥന്മാർ അവരുടെ ശമ്പളത്തിനു് അതീതമായി വസ്തുക്കൾ സമ്പാദിക്കുന്നതും സ്വത്തുണ്ടാക്കുന്നതും സുഖജീവിതം നയിക്കുന്നതും എങ്ങനെയാണെന്നു് അന്വേഷിക്കേണ്ടതാണു്. പൊതുജനോപയോഗപ്രദമായ കാര്യങ്ങൾക്കു് നീക്കിവെക്കുന്ന തുകകൾ അക്കാര്യങ്ങൾക്കു വേണ്ടിത്തന്നെ പ്രയോജനപ്പെടുന്നുണ്ടോ എന്നു മനസ്സിലാക്കുന്നതിനു് ഇങ്ങനെ ഒരന്വേഷണം നടത്തുന്നതു് വളരെ സഹായകമായിരിക്കും. തുകകൾ കീഴുദ്യോഗസ്ഥന്മാരും കണ്ട്രാക്ടറന്മാരുംകൂടി യോജിച്ചുകൊണ്ടു് കൊള്ളയടിക്കുന്ന രീതിയെ തടയുന്നതിനു് കർശനമായ നടപടികൾ എടുക്കേണ്ടതാണു്. ഇതു് ഇപ്പോഴത്തെ ചീഫ് ഇഞ്ചിനിയർ വന്നതിനുശേഷംമാത്രം ഉണ്ടായിട്ടുള്ള ഒരു കാര്യമല്ല. വളരെക്കാലമായി ഈ ഏർപ്പാടു് ഇവിടെ നടന്നുകൊണ്ടിരിക്കയാണു്. ഇക്കാര്യങ്ങളിലെല്ലാം ഗവമ്മെണ്ടു് പ്രത്യേകം ശ്രദ്ധപതിപ്പിക്കണമെന്നപേക്ഷിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പി. എം. വറുഗീസ്: സർ, ഈ രാജ്യത്തുള്ള റോഡുകൾ സാധാരണ വേണ്ടവിധത്തിലല്ല സംരക്ഷിക്കപ്പെടുന്നതെന്നും നമുക്ക് വേണ്ടിടത്തോളം റോഡുകൾ ഇവിടെ ഇല്ല എന്നുമുള്ള കാര്യത്തെപ്പററി എനിക്കു മുമ്പായി ഇവിടെ പ്രസംഗിച്ച ബഹുമാനപ്പെട്ട മെമ്പറന്മാർ എല്ലാവരുംതന്നെ പറഞ്ഞുകഴിഞ്ഞു. അത്യാവശ്യമായ കാര്യങ്ങൾ അതിന്റെ അടിയന്തിരാവസ്ഥ മനസിലാക്കി ഗവൺമെണ്ട് ചെയ്യുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇന്ധ്യാഗവൺമെണ്ടിൽനിന്നും ഒരുകോടിയിൽ ചില്വാനം രൂപ ഭക്ഷ്യോല്പാദന വർദ്ധനവിനുള്ള പദ്ധതികൾക്കായി ഈ ഗവൺമെണ്ടിലേക്ക് നൽകിയിട്ടുണ്ട്. ആ സംഖ്യയിൽ നല്ലൊരുഭാഗം ചെലവുചെയ്യാതെ ഇന്നും ബാക്കി കിടപ്പുണ്ടെന്നാണ് അറിയുന്നത്. സർ, ഭക്ഷ്യകാര്യത്തിൽ ഈ രാജ്യം ഇന്നു വളരെ നിസ്സഹായാവസ്ഥയിൽ കിടക്കുകയാണെന്ന് ഈ സഭയിലെ പല ബഹുമാനപ്പെട്ട അംഗങ്ങളും പ്രസംഗിച്ചു കേട്ടിട്ടുണ്ട്. കാര്യം പരമാർത്ഥവുമാണ്. ഈ അടിയന്തിരാവസ്ഥയെ നേരിടുന്നതിന് അടിയന്തിരമായ നടപടികൾ ഗവൺമെണ്ട് സ്വീകരിച്ചിട്ടുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത്. കേന്ദ്രത്തിൽനിന്നും നമുക്ക് ലഭിച്ച സംഖ്യ ചിലവാക്കുന്നതിനു പുറമെ നമ്മുടെ ഗവൺമെണ്ടിനും കഴിവുള്ള ഒരു തുക ഇതിലേക്ക് ചിലവാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കാമായിരുന്നു. എന്നാൽ അതൊന്നും ചെയ്തിട്ടില്ല. ഭക്ഷ്യോല്പാദന വർദ്ധനവിനായി സ്വീകരിച്ചിട്ടുള്ള പല പദ്ധതികളും വളരെ സാവധാനത്തിൽ ഉദാസീനമായ മട്ടിൽ നടത്തിപ്പോരുന്നതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകാതെ കിടക്കുകയാണ്. അടിയന്തിരമായ കാര്യങ്ങൾ അടിയന്തിര നടപടികൾ സ്വീകരിച്ചുതന്നെ എളുപ്പത്തിൽചെയ്യുന്ന ഒരു നയം ഗവൺമെണ്ട് സ്വീകരിക്കാതെ നിവൃത്തിയില്ല. ജമ്മു—പത്താൻകോട്ട റോഡ് മൂന്നുകോടി രൂപ ചിലവാക്കി മൂന്നുമാസംകൊണ്ടാണ് ഇന്ധ്യാഗവൺമെണ്ട് തീർത്തിട്ടുള്ളത്. കഴിഞ്ഞ യുദ്ധകാലത്ത് ഇരുമ്പിന് ക്ഷാമമുണ്ടായപ്പോൾ ബക്കിങ്ങ്ഹാം കൊട്ടാരത്തിന് ചുററുമുള്ള ഇരുമ്പുവേലികൾ പൊളിച്ചെടുത്താണ് ബ്രിട്ടീഷ് ഗവൺമെണ്ട് ആ ആവശ്യം നിർവ്വഹിച്ചത്. ഭക്ഷണകാര്യത്തിൽ അങ്ങിനെ ഒരു അടിയന്തിരാവസ്ഥ ഇവിടെ ഇല്ലേ എന്നു ഞാൻ ചോദിക്കുന്നു. കേന്ദ്രത്തിൽനിന്നും നമുക്ക് അനുവദിച്ചുതന്ന തുകക്ക് പുറമെ ആവശ്യമുള്ള തുക നമ്മുടെ രാജ്യത്തുനിന്നുകൂടി എടുത്ത് എന്തുകൊണ്ട് ഈ പ്രശ്നത്തിന് ഒരു പരിഹാരം ഉണ്ടാക്കിയില്ല.

റോഡുകളെപ്പററിയും ഞാൻ അല്പം പറഞ്ഞുകൊള്ളട്ടെ. ഈ രാജ്യത്തെ റോഡുകളുടെസ്ഥിതി മനസിലാക്കണമെങ്കിൽ മററു രാജ്യങ്ങളിലെ സ്ഥിതി എന്താണെന്നുകൂടി നാം നോക്കണം. അമേരിക്കയിൽ ഒരു ലക്ഷം ആളുകൾക്ക് രണ്ടായിരത്തി അഞ്ഞൂറുമൈൽ റോഡുണ്ട്. ഫ്രാൻസിൽ തൊള്ളായിരത്തി മുപ്പത്തിനാലുമൈൽ റോഡും ഇംഗ്ലണ്ടിൽ ൩൪൨ മൈൽ റോഡും, ജർമ്മനിയിൽ ൨൦൦ മൈൽ റോഡും, ഇന്ധ്യയിൽ ൫൦ മൈൽ റോഡുമാണുള്ളത്. ഇൻഡ്യയിൽതന്നെ ശരാശരി ഒരു ലക്ഷം ആളുകൾക്ക് ൫൦ മൈൽ റോഡുള്ളപ്പോൾ തിരു-കൊച്ചിയിൽ വെറും ൧൮ മൈൽ റോഡുമാത്രമാണുള്ളത്. തിരു-കൊച്ചിയെ മാത്രമെടുത്താൻതന്നെ ദക്ഷിണ തിരുവിതാംകൂറിൽ ഉള്ളതിനെ അപേക്ഷിച്ച് വളരെ കുറച്ചു റോഡുകളേ ഉത്തര തിരുവിതാംകൂറിലുള്ളു. ഉള്ള റോഡുകളെല്ലാം വളരെ ശോച്യമായ നിലയിലുമാണ്. ഈ റോഡുകളെ സംബന്ധിച്ചിടത്തോളം പൊതുവെ നാം എന്തു നയമാണ് സ്വീകരിക്കേണ്ടതു എന്ന് തീർച്ചയായും ആലോചിക്കേണ്ടതാണ്. ഗവൺമെണ്ടിൽനിന്നും ഓരോ താലൂക്കിലും വർക്ക്സ് കമ്മററികൾ രൂപീകരിച്ചിട്ടുണ്ട്. ഈ വർക്ക്സ് കമ്മററിയുടെ

[Sri. P. M. Verghese]

നിർദ്ദേശങ്ങൾ എത്രമാത്രം സ്വീകരിക്കപ്പെട്ടിട്ടുണ്ടെന്നും അവ സ്വീകരിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്നും ഉള്ളതിനെപ്പററി ചില ബഹുമാനപ്പെട്ട മെമ്പറന്മാർ ഇവിടെ പ്രസ്താവിച്ചുകേട്ടു. സർ, പ്രാദേശികമായ കാര്യങ്ങളെപ്പററി ഇവിടെ യാതൊന്നും പറയാൻ പാടില്ലെന്ന് ഒരു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. ഈ രാജ്യത്തുനിന്നും കയററി അയക്കുന്ന കൊപ്രാ, ചുക്ക്, കുരുമുളക് മുതലായ സാധനങ്ങൾ നിമിത്തം ഇന്ത്യാഗവമ്മെണ്ടിന് നല്ല ആദായമുണ്ടെന്നും ധാരാളം ഡാളർ സമ്പാദിക്കാൻ കഴിയുന്നുണ്ടെന്നും അതുകൊണ്ട് ഈ രാജ്യത്തിന് കേന്ദ്രത്തിൽനിന്നും പ്രത്യേകമായ ആനുകൂല്യങ്ങൾ ലഭിക്കണമെന്നും വാദിക്കുന്നുണ്ട്. അതേസമയത്ത് ഞാൻ ഒരു വാദം ഉന്നയിക്കുന്നു. തൊടുപുഴ, മീനച്ചിൽ മുതലായ താലൂക്കുകളിലാണ് കുരുമുളക്, ചുക്ക്, റബ്ബർ, ഏലം തുടങ്ങിയുള്ള ഉൽപ്പന്നങ്ങളും മററു മലഞ്ചരക്കുകളും ധാരാളമായുള്ളത്. ആ താലൂക്കുകളിൽതന്നെയാണ് തീരെ ഗതാഗതസൌകര്യം ഇല്ലാതെ കിടക്കുന്നതും. അതിനെപ്പററി പ്രത്യേകമായി ഞാൻ എടുത്തു പറയുകയാണെങ്കിൽ എന്റെ സ്നേഹിതൻ ശ്രീ. ബാലകൃഷ്ണൻതമ്പി പറഞ്ഞതുപോലെ അതു പ്രാദേശികമായ ഒരു വാദമായിരുന്നേക്കാം. ഈ രാജ്യത്തുനിന്നും ധാരാളം ലാഭം കേന്ദ്രത്തിന് കിട്ടുന്നുണ്ട് എന്നുള്ള അടിസ്ഥാനത്തിൽ ഈ രാജ്യത്തേക്ക് പ്രത്യേക ആനുകൂല്യങ്ങൾ വേണമെന്ന് നാം ഇന്ത്യാഗവമ്മെണ്ടിനോട് വാദിക്കുന്നത് ഒരു പ്രാദേശിക വാദമല്ലെങ്കിൽ ഈ ഉല്പന്നങ്ങൾ ധാരാളമുണ്ടാകുന്ന തൊടുപുഴ, മീനച്ചിൽ മുതലായ താലൂക്കുകൾക്ക് പ്രത്യേകമായിട്ടല്ലെങ്കിലും മററു താലൂക്കുകളോടു കാണിക്കുന്ന പോലുള്ള ആനുകൂല്യങ്ങളെങ്കിലും നൽകണമെന്ന് വാദിക്കുന്നത് എങ്ങിനെയാണ് പ്രാദേശികവാദം ആകുന്നതെന്ന് എനിക്കു മനസിലാകുന്നില്ല. എതായാലും സമയം അധികമില്ലാത്തതുകൊണ്ട് ആ ഭാഗങ്ങളുടെ കാര്യം ഗവമ്മെണ്ട് പ്രത്യേകം ശ്രദ്ധിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. തയ്യിൽ കുഞ്ഞിത്തൊമ്മൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പി. എം. വർഗ്ഗീസിന്റെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. പ്രാദേശികമായിട്ട്, അതാതുസ്ഥലങ്ങളിലുള്ള വരവിനനുസരണമായിട്ട് ആ ഭാഗങ്ങളിൽ ചെലവുചെയ്യണമെന്നുള്ള ആശയം സ്വീകരിക്കത്തക്കതല്ല. ചില പ്രദേശങ്ങളിൽ വരവു വളരെ കുറവായിരിക്കും. ആ കാരണം കൊണ്ട് ആ പ്രദേശത്തെ പാടെ അവഗണിച്ചു പ്രവർത്തിക്കുക എന്നു പറയുന്നതു് ഒട്ടും ശരിയല്ല. പൊതുവായി രാജ്യത്തിന്റെ താല്പര്യങ്ങളേയും ജനക്ഷേമത്തേയും ലക്ഷ്യമാക്കിയാണ് ഗവമ്മെണ്ട് പണം വ്യയം ചെയ്യേണ്ടതു്. ഒരു ഭാഗത്തു കൂടുതൽ മുതലെടുപ്പുണ്ടെന്നു കരുതി ആ ഭാഗത്തെ സുഖസൌകര്യങ്ങൾ മാത്രം വർദ്ധിപ്പിക്കാമെന്നു വിചാരിക്കുകയാണെങ്കിൽ അതിനേക്കാൾ അപകടകരമായി മറെറാന്നില്ല. എല്ലാ ജനവിഭാഗങ്ങളേയും സമഭാവനയോടെ വീക്ഷിച്ചുകൊണ്ടും രാജ്യത്തെ എല്ലാജനങ്ങളുടേയും സുഖസൌകര്യങ്ങളെ മുൻനിത്തിക്കൊണ്ടും പ്രവത്തിക്കുന്ന ഒരു നയമാണ് ഗവമ്മെണ്ടിനുണ്ടായിരിക്കേണ്ടതു്. അല്ലെങ്കിൽ രാജ്യരക്ഷയും ജനക്ഷേമവും അപകടത്തിലാകുന്നതാണ്.

ശ്രീ. പി. എം. വർഗ്ഗീസ്: കേന്ദ്രഗവമ്മെണ്ടിനോടുള്ള നമ്മുടെ വാദം ശരിയാണോ?

ശ്രീ. തയ്യിൽ കുഞ്ഞിത്തൊമ്മൻ: നാം തെരഞ്ഞെടുത്തയച്ചിട്ടുള്ള ഏഴ് മെമ്പറന്മാർ അവിടെ ഉണ്ടല്ലോ. നമ്മുടെ മന്ത്രിമാരുടെ പിൻതുണയോടുകൂടി

അവർ നമ്മുടെ ആവശ്യങ്ങൾ അവിടെ ഉന്നയിച്ചു വാദിക്കുമ്പോൾ അതെല്ലാം സാധിച്ചുകിട്ടാതിരിക്കയില്ല എന്നാണ് എന്റെ വിശ്വാസം.

ശ്രീ. പി. എം. വർഗ്ഗീസ്: അങ്ങിനെ വാദിക്കുന്നതു് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തിൽ ശരിയാണോ, തെററാണോ എന്നാണ് ഞാൻ ചോദിക്കുന്നതു് ?

ശ്രീ. തയ്യുതുകുഞ്ഞിതൊമ്മൻ: എന്റെ അഭിപ്രായമാണ് ഞാൻ പറഞ്ഞതു്.

അതുകൊണ്ടു് രാജ്യത്തിന്റെ എല്ലാഭാഗങ്ങളിലും ഉള്ള റോഡുകൾ നന്നാക്കുന്ന കാര്യത്തിൽ ഗവമെന്റിന്റെ സമഭാവനയോടുകൂടിയ ദൃഷ്ടി പതിയണം. ചില ഭാഗങ്ങളെ അവഗണിക്കുന്നു എന്നുള്ള ആക്ഷേപത്തിനു ഒരിക്കലും ഇടയാകരുതു്. ഇപ്പോൾ ഗതാഗതസൌകര്യം ധാരാളമുള്ള സമുദ്രതീരപ്രദേശത്തുകൂടി റയിൽവേ കൊണ്ടുപോകുന്നതായി അറിയുന്നു. യാത്രാസൌകര്യം ഉള്ള സ്ഥലത്തു് റയിൽവേയും, നാഷ്ണൽ ഹൈവേയും മററും കൊണ്ടുവന്നു് കൂടുതൽ സൌകര്യങ്ങൾ നൽകുന്നു. എന്നാൽ മലംപ്രദേശങ്ങളിൽ യാതൊരു യാത്രാസൌകര്യങ്ങളും ചെയ്യുവാൻ ഗവമെന്റു് ഉത്സാഹിക്കുന്നില്ല. അവിടെയുള്ള റോഡുകളിൽ വർഷകാലത്തു് വെള്ളം നിറഞ്ഞുകിടക്കുന്നു. വേനൽക്കാലത്തു് ആ വെള്ളം മുഴുവൻ വററിപ്പോകുന്നു, ഇപ്പോൾ പ്രധാനമായ റോഡുകൾ കുണ്ടും കുഴിയുമായി കിടക്കുകയാണ്. കുണ്ടും കുഴിയുമായി കിടക്കുന്ന ഈ റോഡുകളിൽകൂടി ബസ്സുകൾ ഓടുമ്പോൾ റോഡുകൾ നിലവിളിക്കുന്നതുപോലെ കിടുകിടെ എന്ന ശബ്ദം കേൾക്കാവുന്നതാണ്. യാത്രക്കാർക്ക് ഈ ശബ്ദഘോഷങ്ങൾ കൊണ്ടു് വളരെ ഭീതിയുണ്ടാകുന്നുണ്ടെന്നു് എനിക്കു തോന്നുന്നു. നമ്മുടെ ജനകീയഭരണത്തെ ജനങ്ങൾ ആക്ഷേപിക്കുന്നതിനുവേണ്ടിയാണോ ഈ റോഡുകളെ ഇങ്ങനെ ഇട്ടിരിക്കുന്നതു് എന്നു് ഞാൻ ചോദിക്കുന്നു. അതുകൊണ്ടു് പുതുതായി റോഡുകൾ ഉണ്ടാക്കിയില്ലെങ്കിലും ഉള്ള റോഡുകൾ എല്ലാം കുണ്ടും കുഴിയും ഇല്ലാത്തതാക്കിത്തീർത്തു് ഈ അപകടങ്ങളെ തടയുവാൻ ഗവമെന്റു് ഉടനെ ശ്രദ്ധിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു. റോഡുകളെല്ലാം നന്നാക്കി ധാരാളം വണ്ടികൾ ഇട്ടു് യാത്രാസൌകര്യം വർദ്ധിപ്പിക്കണം. ധാരാളം ബസ്സുകൾ ഇടാൻ ഗവമെന്റിനു സാദ്ധ്യമല്ലെങ്കിൽ പ്രൈവററ് ഏജൻസിക്കു് ലൈസൻസ് കൊടുത്തു് അവരെ കൊണ്ടു് ബസ്സുകൾ ധാരാളം ഇടുവിക്കണം. അങ്ങനെ ധാരാളം ബസ്സുകൾ ഇട്ടു് ഓവർലോഡ് നമ്മുടെ രാജ്യത്തുനിന്നു ദൂരീകരിക്കണം. എന്നാൽ മാത്രമേ ഈ രാജ്യത്തിനുതന്നെ രക്ഷയുള്ളൂ. പ്രൈവററ് ഏജൻസികൾക്കു് ലൈസൻസു് കൊടുത്തു് ബസ്സുകൾ ഓടിക്കുന്നതായാൽ യാതൊരു അപകടവും ഇവിടെ ഉണ്ടാകുവാൻ പോകുന്നില്ല. അതുകൊണ്ടു് ഇന്നുള്ള യാത്രാക്ലേശങ്ങളെ ദൂരീകരിക്കുന്നതിനായി റോഡുകൾ എല്ലാം നന്നാക്കണമെന്നും വാഹനങ്ങൾ ധാരാളമായി ആ റോഡുകളിൽ എല്ലാം ഓടിക്കുന്നതിനു് ഗവമെന്റിനു് സാദ്ധ്യമല്ലെങ്കിൽ അതിനു പ്രൈവററ് ഏജൻസികൾക്കു് ലൈസൻസുകൊടുക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു. ഇതു ഗവമെന്റു ചെയ്യാത്തപക്ഷം അതു് ജനകീയഭരണത്തിനു ഒരു കളങ്കമായിത്തീരുന്നതാണ്. ഓരോ പ്രദേശത്തേയും കാര്യങ്ങൾ ദേശീയകാര്യങ്ങളായി ഉൾപ്പെടുത്താവുന്നതാണ്. ഓരോ പ്രദേശങ്ങളും കൂടിയതാണ് ദേശം എന്നുള്ളതു്. അതുകൊണ്ടു് നാട്ടിൽ എവിടെയൊക്കെ റോഡുകൾ മോശമായിക്കിടക്കുന്നുവോ ആ റോഡുകൾ എല്ലാം നന്നാക്കേണ്ടതു് ഒരു ദേശീയകാര്യമാണ്. ഒരു പ്രദേശത്തു ഒരു റോഡുണ്ടെങ്കിൽ, യാത്രാസൌകര്യം ഉണ്ടെങ്കിൽ, അതു് അനുഭവിക്കുന്നതു് ആ സ്ഥലത്തുള്ള ആളുകൾ മാത്രമല്ലാ രാജ്യത്തുള്ള മററാളുകളും അതിന്റെ ഗുണം അനുഭവിക്കുന്നുണ്ടു്. പട്ടണത്തിൽ

[Sir. Thariath Kunji Thomman]

നല്ല റോഡുകൾ ഉണ്ടെങ്കിൽ അതിന്റെ ഗുണം പട്ടണത്തിൽ ഉള്ളവർ മാത്രമല്ല പട്ടണത്തിനു പുറത്തുള്ള ആളുകളും അനുഭവിക്കുന്നുണ്ടു്. അതുകൊണ്ടു ഞാൻ പറയുന്നതു് രാജ്യത്തെ പ്രധാനപ്പെട്ട റോഡുകൾ എല്ലാം നന്നാക്കണമാണു് ഈ രാജ്യത്തിന്റെ വടക്കെ അറ്റത്തുനിന്നു് ഭാരതപ്പുഴമുതൽ തെക്കോട്ടു് കന്യാകുമാരിവരെയുള്ള റോഡുകൾ എല്ലാം ഉടനെ നന്നാക്കിച്ചു് രാജ്യത്തു് സഞ്ചാരസൌകര്യം വർദ്ധിപ്പിക്കണമെന്നു് പൊതുജനങ്ങളുടെ നാമത്തിൽ ഞാൻ ഗവർമ്മെണ്ടിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

<u>ஸ்ரீ. ஏ. சிதம்பரநாத நாடார்:</u> சர், இந்த பட்ஜெற்றில் சிவில் ஒர்க்ஸ்-க்கு இரண்டு கோடி ரூபாய் ஒதுக்கியிருப்பதாகக் காணப்படுகிறது. இந்த இரண்டுகோடி ரூபாய் எதற்காக ஒதுக்கப்பட்டிருக்கிறது என்று தெரியவில்லை. இந்த இலாகாவை தற்போது தலைமை வகிக்கும் சீப் எஞ்சினியர் இருக்கும் வரையில் இந்த நாட்டிற்கு யாதொரு பிரயோசனமும் ஏற்படாது. நந்தன்போகும் இடமெல்லாம் நந்தி குறுக்கிடுவதுபோல் இந்த சீப் எஞ்சினியர் குறுக்கிடுகிறார். எங்களுக்கு வடக்கே இருந்து கிழக்கு வரையில் ரோடுகள் வேண்டுமென்று சொல்லவில்லை. நாங்கள் கிருஷிகர்கள். எங்களுக்கு ஐம்பது (Ryots Roads) கிருஷிக்கு ஆவசியமான ரோடுகள் வேண்டுமென்று தான் சொல்கிறேன். இந்த ரோடுகளை நீங்கள் தந்தால் ஒவ்வொரு வருஷமும் ஆயிரக்கணக்கான ரூபாய் லாபம் இந்த நாட்டிற்குக் கிடைக்கும். சர், Appendices to the Detailed Budget Estimates 1951—52-ல் Works in page 11-ல் item 164—Opening of a road from 1/5 Neyyoor Hospital to Athi Vila என்றிருக்கிறது. சர், கல்குளம் தாலுகா ஒர்க்ஸ் கம்மிற்றி சிபார்சு செய்யாத இந்த ஐட்டம் இந்த பட்ஜெற்றில் சேர்க்கப்பட்டிருக்கிறது. இது ஜனங்கள் கண்களில் மண்ணை வாரிப் போடுகிறது போலிருக்கிறது. சர், காரணம் தக்கலையில் சங்கரன் தம்பி என்ற ஒரு செக்ஷன் ஆபீசர் இருக்கிறார். அவர் எந்தவிதமான தகருருகள் உண்டாக்கினாலும், அவைகளை இந்த சீப் எஞ்சினியரிடம் சொல்லியும் அவைகளை இவர் கேட்கத்தயாரில்லை. செக்ஷன் ஆபீசர் எஸ்டிமேட்டுகளை எப்படி சிபார்சு செய்கிறாரோ அதேபோல் சீப் எஞ்சினியரும், சர்க்காரும் சாங்ஷன் செய்கிறது. இவர் ஸ்ரீ. எலங்கத் அவர்களுக்கும், இந்த சீப் எஞ்சினியருக்கும் ஒரு உறவினர் என்று தோன்றுகிறது. இவர் ஒரு Anti-Nadar. சர், திருவிதாங்கூரில் பிறந்த தமிழர்களாகிய நாடார்களுக்கு உத்தியோகமோ, அல்லது ரோடுகளோ வேண்டுமென்று கேட்டால் அவர்களைக் கொன்றுவிட வேண்டுமென்று சொல்கிறார்கள்.

சர், நான் கேட்கிறேன், அட்டைக்குளத்தை இந்த டிப்பார்ட்மென்றிலிருந்து ஏதாவது ஒரு ஆபீசர் பார்த்திருக்கிறாரா என்று. இல்லை. சர், இந்த அட்டக்குளத்திட்டத்தை ஆரம்பித்து முடித்துத் தந்தால் சுமார் 500 ஏக்கரில் நெற்கிருஷி செய்யலாமென்று சொல்லியும் இதுவரையில் ஒன்றும் செய்ததாகக் காணவில்லை. இந்த ஜனநாயகத்தில் மந்திரியாயிருக்கிறவர்களாவது இதை வந்து பார்க்கிறார்களா? அவர்களும் போய் பார்க்கவில்லை. உததியோகஸ்தர்களிடம் கேட்டால் அவர்கள் பார்க்காமலே it is not feasible என்று சொல்கிறார்கள். கள்ளத்தனமாக சீப் எஞ்சினியர் எங்களது முன்னேற்றத்தை தடைபடுத்துகிறார்.

Mr. Speaker: That language is objectionable. Does the member use it with reference to the officer mentioned, or generally? Does it refer to the whole of mankind? (Laughter).

Sri. A. Chidambaranatha Nadar: Yes. *(Renewed Laughter).* சர், நான் ஒருவரையும் குறிப்பிட்டுக் கூறவில்லை. கழிந்த 7½ மாத பட்ஜெற்றில் Improvements to Roads என்ற ஐட்டத்தில் சேர்க்கப்பட்டவைகளெல்லாம் எட்டுச்சுரக்காய் கறிக்கு உதவாது என்றது போல் ஆய்விட்டன. Appendices to the Detailed Budget Estimates, 1951—52—Page 30–ல் new works ல் 147–ம் ஐட்டம் Improvements to the Road from Ethumboly Police Station to Rajakamangalam to 8/3 Rajakamangalam-Eraniel Road என்றிருக்கின்றன. சர், இந்த ஈத்தாமொழி—ராஜக்கமங்கலம் ரோடைப்பற்றி பல தடவைகள் பல அதிகாரிகளிடமும் சொல்லியும் யாதொரு பிரயோசனமும் உண்டாகவில்லை. இந்த ரோடில் ஒரு பாலம் கட்டப்பட்டிருந்தது. அது தற்போது உடைந்து, தகர்ந்திருக்கிறது. அந்தப் பாலத்தை மீண்டும் கட்டித்தரவோ, அல்லது சரியாக ரிப்பேர் செய்யவோ இந்த சீப் எஞ்சினியரிடம் எவ்வளவோ சொல்லியும் அவருக்கு மனம் வரவில்லை. இந்தமாதிரி எல்லா அதிகாரிகளுமிருப்பார்களானால் இந்த மந்திரிசபை நெடுநாள் நிற்காது என்று சொல்லிக்கொள்கிறேன். நேற்று நண்பர் ஜி. ஸ்ரீதர் கடுவை வாட ரோடைப் பற்றி சொன்னார். அதை நாங்களே வெட்டித்தருகிறோம் என்றும் சொன்னார்கள். சர், இந்த ரோடை வெட்டித்தந்தால் திருநெல்வேலிக்கும் திருவிதாங்கூருக்கும் ஒரு நல்ல ரோடு பாதை ஏற்படும் என்று சொல்லிக் கொள்கிறேன்.

ശ്രീ. എൻ. വി. ചാക്കോ: സർ, കുറെ നാളുകളായിട്ട് തിരുവിതാംകൂറിലെ റോഡുകൾക്കും പാലങ്ങൾക്കുമെല്ലാം സാധാരണയിൽ കവിഞ്ഞു കേടു വന്നുകൊണ്ടിരിക്കുകയാണ്. പാലങ്ങൾക്കും, റോഡുകൾക്കും, കലുങ്കുകൾക്കും മററും സാധാരണമായി കേടു സംഭവിക്കുന്നതിനുള്ള കാരണം എന്താണെന്ന് എനിക്കറിഞ്ഞുകൂടാ. അതു് കണ്ടുപിടിക്കുന്നതിനു ഞാൻ ചില ചോദ്യങ്ങൾ അയച്ചിട്ടുണ്ടായിരുന്നു. എന്നാൽ അതിനു ഇതേവരെ ഉത്തരം കിട്ടുകയുണ്ടായിട്ടില്ല. പതിവായി കേടുപാടുകൾ പോക്കിക്കൊണ്ടിരിക്കാത്തതുകൊണ്ടാണോ അതോ ആ വക ജോലികൾ ശരിക്കു ചെയ്യാത്തതുകൊണ്ടാണോ ഇങ്ങനെ വരുന്നതെന്ന് എനിക്ക് അറിഞ്ഞുകൂടാ. പതിവിൽ കവിഞ്ഞു കേടുവരുന്നതു് ശരിക്കു ഗവൺമെൻ്റ് അവ നന്നാക്കാത്തതുകൊണ്ടല്ലെങ്കിൽ വാഹനഗതാഗതം വളരെ കൂടുതലായി വർദ്ധിച്ചതുകൊണ്ടുമായിരിക്കാം. ആലുവായിൽനിന്നു വേങ്ങോല മൂവാററുപുഴയ്ക്കുള്ള റോഡു എക്സിക്യൂട്ടീവ് എൻജിനീയരാപ്പീസിൻ്റെ കൺമുമ്പിൽ കൂടിയുള്ളതാണ്. എറണാകുളത്തുനിന്ന് കിഴക്കമ്പലം വഴി മൂവാററുപുഴയ്ക്കും റോഡുണ്ട്. ഇവ രണ്ടും വളരെ പ്രധാന റോഡുകളാണെങ്കിലും വളരെ നാളായി വളരെ മോശമായി കിടക്കുന്നു. അങ്ങനെയുള്ള റോഡുകളിൽ ഓവർലോഡ് എത്രയും കൂടുതലായിരിക്കുകയാണ് നല്ലതു്. ഓവർലോഡ് ഇല്ലെങ്കിൽ വല്ലാതെ കുഴങ്ങുകയും, ആളുകൾക്കും വണ്ടികൾക്കും കേടുപററുകയും ചെയ്യും. അതുകൊണ്ട് ചീത്ത റോഡുകളെ സംബന്ധിച്ചിടത്തോളം ഓവർലോഡ് കഴിയുന്നതും കുറയ്ക്കുകയല്ല കൂട്ടുകയാണ് വേണ്ടതു്. മൂവാററുപുഴനിന്ന് പെരുമ്പാവൂർ വഴി ആലുവായ്ക്കും പുത്തൻകുരിശുവഴി എറണാകുളത്തേയ്ക്കുമുള്ള റോഡുകൾ ദേശീയമാക്കിയതുകൊണ്ട് പ്രൈവററുബസ്സു സർവ്വീസുകാർക്ക് സങ്കടം ഉണ്ടായിരുന്നോ അ

[Sri .N. V. Chacko]

ല്ലെങ്കിൽ അതിനു പരിഹാരം ഉണ്ടായിക്കഴിഞ്ഞില്ലേയെന്നു എനിക്കു് അറിഞ്ഞുകൂടാ. ഏതായാലും മേല്പറഞ്ഞ രണ്ടു ലൈനുകളിൽ കൂടി പ്രൈവററ ബസ്സ് സർവ്വീസ് അനുവദിച്ചിട്ടുള്ളതു് ജനങ്ങൾക്കു് വളരെ അനുഗ്രഹപ്രദമാണു്. ഈ രണ്ടു റോഡുകളും വളരെ മോശമായിട്ടുള്ള നിലയിലാണു് കിടക്കുന്നതു്. ആലുവായിൽ എക്സിക്യൂട്ടീവ് ഇൻജനീയർ ആഫീസ് ഉണ്ടായിരുന്നകാലത്തു് അവരുടെ മൂക്കിനുതാഴെക്കൂടിയായിരുന്നു ഒരുറോഡുപോയിരുന്നതു്. എന്നാൽ ആ റോഡു നന്നാക്കുന്നതിനു് അവർ അശേഷം ശ്രദ്ധപതിച്ചിരുന്നില്ല. റോഡു് മുതലായവ ഉണ്ടാക്കുന്നതിനൊ, നന്നാക്കുന്നതിനോ ഗവമെണ്ടിനൊ, ചീഫ് ഇൻജനീയർക്കോ വല്ല നിവേദനങ്ങളോ മററോ കൊടുത്തുപോയാൽ എന്തിനു് ആ കാര്യത്തിനു് മുകളിലേയ്ക്കുപോയി എന്നു താഴെയുള്ളവർ പരിഭവിക്കും. താഴെ നിന്നു നടപടി തുടങ്ങിക്കുന്നതു് ജനങ്ങൾക്കു കൂടുതൽ പ്രയാസമായിട്ടുള്ളതാണു്. വല്ല കൺട്രാക്ടറന്മാരുടെ ഉത്സാഹം മൂലമോ മററോ നടപടികൾ താഴെനിന്നെടുത്തു മുകളിലേയ്ക്കു പോകുകയാണെങ്കിൽ അവ അനുവദിച്ചുകിട്ടുന്നതിനു വളരെ കാലതാമസമുണ്ടായിയെന്നുവരാം.

മൂവാററുപുഴ ആറിൽനിന്നു അയ്യൂരനാട്ടു് പൂത്തൃക്ക മുതലായ സ്ഥലങ്ങളിലേയ്ക്കു് ഗവമെണ്ടു് ഒരു ലിഫ്ററു് ഇറിഗേഷൻ പദ്ധതി പ്ലാൻ ചെയ്തിട്ടുള്ളതായി അറിയുന്നു. എന്നാൽ തോടും മററും ഏതാനും വെട്ടിയതിനുശേഷം ആദ്യത്തെ പ്ലാൻ അനുസരിച്ചു മുഴവൻ പണിയും നടത്തുന്നില്ലെന്നു കേൾക്കുന്നു. അതു വല്ല കൺട്രാക്ടർമാരുടെ അഭിപ്രായമോ അസൌകര്യങ്ങളോ അനുസരിച്ചാണെങ്കിൽ വളരെ പരിതാപകരമാണു്. ആദ്യപ്ലാൻ അനുസരിച്ചു് മുഴവൻ ജോലിയും തുടർച്ചയായി നടത്തേണ്ടതാണു്. കോട്ടയത്തുനിന്നും എറണാകുളത്തേയ്ക്കു് പിറവം കൂടി പോകുന്ന റോഡിൽ കമ്പപ്പിള്ളിപാലം പണിയാൻ തുടങ്ങിയിരിക്കുന്നതിൽ ഗവമെണ്ടിനെ അഭിനന്ദിക്കുന്നു. ആ പാലം ഫൻ ഡവ—നു് മുമ്പു് പണിതു തീർക്കുമെന്നു ആശിക്കുന്നു. ഗ്രാമപ്രദേശങ്ങളിൽ റോഡുകളും മററും വളരെ കുറവാണു്. ഉള്ള റോഡുകൾതന്നെ നല്ലനിലയിലല്ല കിടക്കുന്നതു്. ഗവമെണ്ടു സഹായത്തോടുകൂടി ജനങ്ങൾ പണിയിച്ചു ഗവമെണ്ടിലേയ്ക്കു വിട്ടുകൊടുത്ത കെട്ടിടങ്ങൾക്കും മററും ഗവമെണ്ടിന്റെ വീതം പണം നിഷ്പ്രയാസം കൊടുക്കുന്നതിനു ദയവുണ്ടാകണം. അടുത്തയിടയായി റോഡുകൾക്കും പാലങ്ങൾക്കും, കലുങ്കുകൾക്കും മററു ഗതാഗതസൌകര്യങ്ങൾക്കും വേണ്ടി ഗവമെണ്ടു് കഴിയുന്നിടത്തോളം പണം ചെലവാക്കുകയും ഉത്സാഹമായി പണി നടത്തുകയും ചെയ്തുവരുന്നുണ്ടെന്നുള്ള വസ്തുത ഞാൻ വിസ്മരിക്കുന്നില്ല. റോഡിന്റെയും മററും നില മുമ്പിലത്തേക്കാൾ അഭിവൃദ്ധിപ്പെട്ടുവന്നുകൊണ്ടിരിക്കുന്നു എന്നു് സംസ്ഥാനത്തു സഞ്ചരിക്കുന്നവർക്കെല്ലാം അറിയാവുന്ന കാര്യമാണു്. മാത്രമല്ല, ഗവമെണ്ടിന്റെ ഉദ്ദേശവും ലക്ഷ്യവും അതാണെന്നുള്ളതു് ബഡ്ജററിൽനിന്നും നമുക്കു് മനസ്സിലാക്കാവുന്നതാണു്. ഇത്രയും പ്രസ്താവിച്ചുകൊണ്ടു് ഞാൻ ഈ ഡിമാൻറിനെ അനുകൂലിക്കുന്നു.

ശ്രീ. സി. വി. ഇയ്യു: സർ, കുന്നംകുളം മുൻസിപ്പാലിററിയിലുള്ള റോഡുകൾ നന്നാക്കുന്നതിനെപ്പററി സംസാരിക്കുവാനാണു് ഞാനും ഉപക്ഷേപം അയച്ചതു്. കുന്നംകുളം മുനിസിപ്പാലിററിയിലെ റോഡുകൾ ഒഴിച്ചു് മററു എല്ലാ മുനിസിപ്പാലിററികളിലും ഉള്ള ഏതാനും റോഡുകൾ എങ്കിലും Concrete ഇട്ടു നന്നാക്കുന്നതിനുള്ള പ്രൊവിഷൻ ഇക്കൊല്ലത്തെ ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. തൃശ്ശൂർ മുനിസിപ്പാലിററിയിലും ചിററൂർ മുനിസിപ്പാലിററിയിലും ഉള്ള എല്ലാ റോഡുകളും കാൺക്രീററു ചെയ്തില്ലെങ്കിലും കുറെ റോഡുകൾ കാൺക്രീ

ററ ചെയ്തിട്ടുണ്ടു്. അതുകൊണ്ടു് കുന്നംകുളം മുനിസിപ്പാലിററി അതൃത്തിയിലുള്ള ഗുരുവായൂർ ഷൊർണ്ണൂർ റോഡു് എങ്കിലും കാൺക്രീററചെയ്യേണ്ടതാണു്. ഈ കാര്യത്തിൽ ഗവമ്മെണ്ടിന്റെ ശ്രദ്ധയെ ക്ഷണിക്കുന്നതിനാണു് ഞാൻ ഈ ഉപക്ഷേപം ഹാജരാക്കുന്നതു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: സർ, എന്റെ ഉപക്ഷേപം അവതരിപ്പിച്ചുകൊണ്ടു ചില റോഡുകളുടെയും പാലങ്ങളുടെയും കാര്യം പറയാമെന്നു വിചാരിക്കുന്നു. ഒന്നാമതായി എനിക്കു പറയുവാനുള്ളതു് അമ്പലപ്പുഴ തിരുവല്ലാ റോഡിനെപ്പററിയാണു്. അതു് ഇപ്പോൾ ഇടത്വായിൽനിന്നു തകഴിവരെ നികത്തി റോഡിന്റെ പണി നടന്നുകൊണ്ടിരിക്കുകയാണു്. അതു തീർന്നാൽ കോഴഞ്ചേരി, പത്തനംതിട്ട, റാന്നി, കോന്നി, മുതലായ സ്ഥലങ്ങളിലേക്കും സമുദ്രതീരത്തുനിന്നും പോകുന്നതിനു സൗകര്യം ഉണ്ടാകുന്നതാണു്. ഇപ്പോൾ തിരുവല്ലാ, ചങ്ങനാശേരി മുതലായ പ്രദേശങ്ങളിൽനിന്നും അമ്പലപ്പുഴയ്ക്കും ആലപ്പുഴയ്ക്കും മററും പോകണമെങ്കിൽ മാവേലിക്കര, ഹരിപ്പാടു്, തോട്ടപ്പള്ളി മുതലായ പ്രദേശങ്ങൾ ചുററി നാല്പത്തഞ്ചു മൈൽ കൂടുതൽ സഞ്ചരിച്ചാൽ മാത്രമെ സാധിക്കുകയുള്ളു. ഞാൻ ഈ പറയുന്നതു് പ്രാദേശികമായ കാര്യമൊന്നുമല്ല. രാജ്യത്തിന്റെ ഗതാഗതത്തിനുതന്നെ ഏററവും പ്രാധാന്യമുള്ള ഒരു റോഡാണു ഇതു്. ഗവമ്മെണ്ടു ഈ റോഡിന്റെ നിർമ്മാണത്തെപ്പററി കൂടക്കൂടെ പറയാറുള്ളതു് സാമ്പത്തിക വിഷമത്തെപ്പററിയാണു്. ഇങ്ങനെയുള്ള റോഡുകൾ ഗവമ്മെണ്ടുതന്നെ ചിലവിട്ടു നിർമ്മിക്കേണ്ടതാണെന്നുള്ളതിനു സംശയമില്ല. എന്നാലും ഞാൻ പറയുന്നു, ഈ റോഡിനെ സംബന്ധിച്ചു ഗവമ്മെണ്ടിനു പണം ഇല്ലെന്നു പറഞ്ഞാൽ ഉള്ളിടത്തോളം പണം തരിക, ബാക്കിയുള്ള പണം ഞങ്ങൾ ഉണ്ടാക്കാമെന്നു. ഏതായാലും പണമില്ലെന്നുംപറഞ്ഞു മാററിവയ്ക്കാവുന്ന ഒരു കാര്യമല്ല ഇതു്.

മറെറാന്നു്, കോഴഞ്ചേരി തുമ്പമൺ റോഡാണു്. ഈ റോഡു ഇപ്പോഴും ഉണ്ടു്. എന്നാൽ രാമൻചിറയിൽ ഈ റോഡിനു ഒരു കുഴിയും ഒരു വളവും ഉണ്ടു്. അതു് തീർക്കുവാനായി പൊന്നുംവിലക്കു സ്ഥലമെടുത്തുകഴിഞ്ഞിട്ടു നാൾ കുറെ അധികമായി എങ്കിലും ഇതുവരെ ഈ റോഡിന്റെ വളവു തീർത്തു് ശരിപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. വളരെ പ്രാധാന്യമുള്ള ഒരു റോഡാണിതു്. ഈ കാര്യത്തിൽ ഗവമ്മെന്റ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. ഗവമ്മെന്റിനു കഴിവുള്ള പണം ഇതിലേക്കു ചിലവുചെയ്താൽ മതി. ബാക്കിയുള്ളതു് ജനങ്ങൾ ചിലവാക്കുന്നതാണു്.

മൂന്നാമത്തേതു് കിടങ്ങന്നൂർ-മെഴുവേലി റോഡിനെപ്പററിയാണു്. ഈ റോഡിനായി ഈയാണ്ടിൽ ൫,൦൦൦ രൂപാ അനുവദിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ ആണ്ടോടാണ്ടു ഗവമ്മെണ്ടു അനുവദിക്കുന്ന പണം ലാപ്സാക്കികളയുന്നതായിട്ടാണു കണ്ടുവരുന്നതു്. ഈ നയം ഏററവും അനാശാസ്യമാണെന്നു പറയാതെ തരമില്ല. അനുവദിക്കുന്ന തുക മുഴുവൻ ചെലവാക്കി പണികൾ നടത്തുവാനുള്ള പ്രാപ്തി ഇല്ലാത്ത ഉദ്യോഗസ്ഥന്മാരെ ഡിപ്പാർട്ടുമെണ്ടിൽനിന്നും മാറേറണ്ടതാണു്. ഈയാണ്ടിൽ ഈ റോഡിനു അനുവദിച്ചു പണമെങ്കിലും ലാപ്സാക്കി കളയാതെ ഇരിക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

Sri. Kalathil Velayudhan Nayar : Sir, the hon'ble member is bringing to the notice of the Hon'ble Minister very important and urgent proposals for being carried out. I doubt whether attention is paid by the Hon'ble Minister concerned to what is said here.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: കേട്ടിട്ടില്ലെന്നാണ് എനിക്കും തോന്നുന്നത്.

Sri. Kalathil Velayudhan Nayar: Two or three concrete suggestions were referred to by the hon'ble Member and I have strong doubts whether the Minister concerned heard them.

Sri. C. Kesavan: I have noted what the hon'ble Member said just now. I will reply to that during the course of my remarks.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അടുത്തതായി ആറൻമുള–പന്തളം റോഡിനെ പററിയാണ് എനിക്കു പറയുവാനുള്ളത്. ഈ റോഡിൽ കുറെ സ്ഥലം ഒട്ടുംതന്നെ സഞ്ചാരയോഗ്യമല്ലാത്ത നിലയിൽ കിടക്കുകയാണ്. ഏററവും നിസ്സാരമായ ഒരു തുക ചെലവാക്കാമെങ്കിൽ ഈ റോഡ് വളരെ എളുപ്പം സഞ്ചാരയോഗ്യമാക്കി തീക്കാം.

സർ, ഈ സംസ്ഥാനത്ത് പല സ്ഥലങ്ങളിലും ചങ്ങാടങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കഴിവുള്ളിടത്തോളം അവിടെയെല്ലാം പാലം കെട്ടി കൊടുക്കേണ്ടതു് അത്യാവശ്യമാണ്. അതിലേക്കു സുനിശ്ചിതമായ ഒരു പദ്ധതി ഗവമ്മെണ്ടിനു ഉണ്ടെന്നു തോന്നുന്നില്ല. ഉള്ള ചങ്ങാടങ്ങൾതന്നെ ശരിയായ നിലയിലല്ല നടത്തുന്നത്. ചങ്ങാടങ്ങളിൽ പലതിലും കമ്പി ഇട്ടിട്ടില്ല. അങ്ങനെ കമ്പി ഇല്ലാത്തതുകൊണ്ടു ബസ്സുകളും ലോറികളും കാറുകളും പലപ്പോഴും വെള്ളത്തിൽ പോകുന്നുണ്ട്.

ശ്രീ. മന്ദത്തു പത്മനാഭപിള്ള: ഒരു ദൃഷ്ടാന്തം പറയാമോ?

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അടുത്ത ഒരു ദിവസം എനിക്കുതന്നെ ആ അനുഭവം ഉണ്ടായി. ചങ്ങാടത്തിൽ കമ്പി ഇല്ലാതിരുന്നതുകൊണ്ട് കാർ വെള്ളത്തിൽപോയി. ഇതുപോലെ പല സ്ഥലങ്ങളിലുമുള്ള ചങ്ങാടത്തിൽ കമ്പിയില്ല. അതുകൊണ്ടു പല അപകടങ്ങളും ഉണ്ടാകുന്നുണ്ട്. ഇക്കാര്യത്തിൽ ഗവമ്മെണ്ടു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഇനി എനിക്ക് ചില പാലങ്ങളെപ്പററിയാണു പറയുവാനുള്ളത്. ആദ്യമായി കൊല്ലക്കടവിലെ പാലത്തെപ്പററി തന്നെ പറയാം. പാലത്തിൻെറ പണി തുടങ്ങിയിട്ട് നാലഞ്ചുകൊല്ലമായി. ഇക്കൊല്ലം രണ്ടു കാലുകൾകൂടി നീട്ടിയിട്ടുണ്ട്. വേണമെങ്കിൽ ഈയാണ്ടിൽതന്നെ ആ പാലത്തിൻെറ പണി തീക്കാവുന്നതാണ്. അതുപോലെ പാലക്കുഴ, മാന്നാർ, ഈരേററുപുരം എന്നീ സ്ഥലങ്ങളിൽ പാലങ്ങൾക്കായി കുറെ തുക ചെലവാക്കി കഴിഞ്ഞു. ഇവിടെ പാലങ്ങളില്ലാത്തതുകൊണ്ടു പലവിധ ക്ലേശങ്ങൾ ജനങ്ങൾ അനുഭവിച്ചുവരുന്നു. ധാരാളം ആളുകൾ വള്ളംമുങ്ങി മരിക്കുന്നതിനുപോലും ഇടവരുന്നുണ്ട്. അതുകൊണ്ട് ഈ പാലം പണികളുടെ കാര്യത്തിൽ കാലതാമസം ഒട്ടുംതന്നെ വരാതെയിരുന്നാൽ കൊള്ളാം.

ഗവമ്മെണ്ടു ഇപ്പോൾ വർക്ക്സ് കമ്മിററി എന്നു പറയുന്ന കമ്മിററികളെ ഉടനെ പിരിച്ചുവിടേണ്ടതാണ്. ആ കമ്മിററികളെ ഇനിയും വച്ചുകൊണ്ടിരിക്കുന്നതു് ഗവമ്മെണ്ടിനു ആക്ഷേപകരമാണ്. ഓരോ സ്ഥലത്തേക്കും അത്യാവശ്യമുള്ള കാര്യങ്ങൾ എന്തെല്ലാമാണെന്ന് അറിഞ്ഞു ഗവമ്മെണ്ടിലേക്കു ശുപാശ ചെയ്യുവാൻ വേണ്ടിയാണ് ഈ കമ്മിററികൾ ഏർപ്പെടുത്തിയിട്ടുള്ളതു്. എന്നാൽ ഏററവും ആക്ഷേപകരമായ ഒരു നിലയാണ് ഇപ്പോൾ ഈ കമ്മിററി കാണിക്കുന്നതു്. ആളുകളുടെ അഭിപ്രായം ആരായാതെ അവക്കു തോന്നിയപോലെ ഗവമ്മെണ്ടിലേക്കു ശുപാശചെയ്യുന്ന ഒരു നടപടിയാണ് ഇപ്പോൾ

സ്വീകരിച്ചു കാണുന്നതു്. അതുകൊണ്ടു എത്രയും വേഗത്തിൽ ഈ കമ്മിറ്റിയെ പിരിച്ചുവിടണമെന്നാണ് എന്റെ അഭിപ്രായം. അല്ലാത്തപക്ഷം ഓരോ സ്ഥലത്തേയും ആവശ്യങ്ങൾ മനസ്സിലാക്കി അതിലേക്ക് കാലാനുസൃതമായ പദ്ധതികൾ രൂപീകരിച്ചു ഗവമ്മെൻറിനെക്കൊണ്ടു് പ്രവർത്തിപ്പിക്കത്തക്ക പ്രവർത്തന പരിപാടികൾ ഈ കമ്മിറ്റി തുടങ്ങേണ്ടതാണു്.

ഒന്നുരണ്ടു സംഗതികൾകൂടി പറഞ്ഞു ഞാൻ അവസാനിപ്പിക്കാം. മുളക്കുഴ–ഇടവന്നൂർ, റോഡു് മൂന്നു മൈൽ ദൂരമേ ഉള്ളു. മെയിൻറനൻസ് ഒന്നും നടത്താതെ ഇപ്പോൾ ആ റോഡു് ഉപയോഗശൂന്യമായി കിടക്കുകയാണു്. ഗവമ്മെണ്ടിനെക്കൊണ്ടു് കഴിയുന്ന സംഖ്യ തരുന്നപക്ഷം ബാക്കിയുള്ള സംഖ്യ സ്ഥലവാസികൾതന്നെ ഉണ്ടാക്കി ഈ പണി നടത്തുന്നതാണു്.

സർ, ശ്രീ. പി. എം. വറുഗീസ് പറഞ്ഞതുപോലെ തിരുവല്ലാ താലൂക്കിനെ സംബന്ധിച്ചിടത്തോളം ഒന്നോ രണ്ടോ റോഡുകളൊഴിച്ചു ബാക്കിയുള്ള എല്ലാ റോഡുകളും മിക്കവാറും അവിടത്തെ ജനങ്ങൾതന്നെ പണം ചെലവുചെയ്തു ഉണ്ടാക്കിയിട്ടുള്ളതാണെന്നു് ഗവമ്മെണ്ടുകൂടി സ്മരിക്കേണ്ടതാണു്.

ஸ்ரீ. கேபரியல் நாடார்: சர், ஆண்டோடாண்டு திருவிதாங்கூர்–கொச்சி சர்காருக்கு உணவுபொருளுக்காக ஏழுகோடி ரூபாய் நஷ்டம் வந்துகொண்டிருக்கிறதென்று நேற்று நடந்த வாதபிரதிவாத வேளையில் வெளியானதே, இது மிகவும் வருத்தத்தோடு இந்த சர்க்கார் நேரிடவேண்டிய ஒரு காரியமாகும். மேலும் நமது நாட்டில் உண்டாக்கிவரும் உணவுபொருட்கள் இந்நாட்டின் அவசியத்தின் 50 % க்கு போதுமானதல்ல என்றறிவது மிகவும் கவனிக்கவேண்டிய விஷயமே. இநதக் காரியத்தில் முன்கையெடுத்து சரியான முயற்சி செய்ய வேண்டியது பி. டபிளியு. இலாகாவின் கடமையாகும். இந்த இலாகாவிற்கு மாத்திரந்தான் இதற்கு சரியான உதவி செய்ய முடியும். உணவுபொருள் உற்பத்தி அதிகரித்தல் இந்த இலாகாவின் முக்கிய நோக்கமாக இருக்கவேண்டும்.

தென் திருவிதாங்கூரில் நாஞ்சிநாடும் அதோடுதொட்ட தாலுகாக்களும் நெல்பயிருக்கும், உற்பத்திக்கும் மிகவும் ஏற்ற இடங்களாகும் என்பதற்கு எதிரபிப்பிராயமேயில்லை. இந்த இடங்களுக்கு போதுமான தண்ணீர் இருந்தபோதிலும் அவைகளை சரியாக பயன்படுத்தி பயிர் கரிந்து போகாமல் பாதுகாக்கவேண்டுமென்று நீர் பாசன திட்டங்கள் போன்ற போதுமான ஆதரவு சர்க்கார் அளிக்கக் காணவில்லை.

The House adjourned at 1 p.m. and re-assembled at 2 p.m. with Mr. Deputy Speaker in the Chair.

ஸ்ரீ. கேபரியல் நாடார்: சர், கோதையார் பிருஜக்ட் எக்ஸ்டன்ஷனில் திற்பரப்பு ஆர். பி. சானல் நீட்டுவதில் சில தகராறுகள் நடந்துகொண்டு வருகிறது. அதன் காரணமாக கழிந்த ஆறுமாத காலங்களாக சொல்லத்தக்க யாதொருஜோலியும் திற்பரப்பு ஆர். பி. சானலில் நடக்கவில்லை. அதன் காரணம் யாதென்று இலாகா தலைவரவர்கள் வெகு ஜாக்கிரதையாக ஆராய்ந்தறிந்து உடனடி பரிகரிக்க வேண்டுகிறேன்.

கழிந்த மார்ச் மாதம் முதல் தியதியன்று முன்பிருந்த முக்கிய மந்திரி கனம் டி. கெ. நாராயணபிள்ளை அவர்கள் குழித்துறை றெஸ்ட் ஹௌஸில் விஜயம் செய்தனர். அப்போது அவ்வூர் ஜனங்களும், நாங்களும் ஒரு டெப்புட்டேஷனாகச்சென்று தண்ணீர் கஷ்டத்தினால் வந்த பெரும் து

[Sri. Gaberial Nadar]

யரத்தையும் நஷ்டத்தையும் எடுத்துரைத்து, மெமோறியல் சமர்பித்தோம். திற்பரப்பு கால் நீட்டுதல், குலசேகரம் பட்டணம்—குறும்பனைகால் வெட்டுதல், லிப்டு இறிகேஷன் ஏற்படுத்துதல் முதலிய காரியங்களை விரிவாக கூறினோம். அதற்கு அவர்கள் திற்பரப்பு சானலில் 2 மைல் நீட்டுவதற்கு உத்தரவளிக்கலாமென்றும், குலசேகரம்—பட்டணம்—குறும்பனைக்கால் திட்டம் உடன் அமுலுக்கு கொண்டுவர முயற்சி செய்யலாமென்றும் வாக்களித்தார்கள். இன்று வருடம் ஒன்று கழிந்திருக்கின்றது.

பட்டணம் கால் திட்டமானது பேச்சிப்பாறை எல். பி. சானலில் குலசேகரத்திலிருந்து துவக்கி குறைந்த நீளத்திலும் மிகுந்த உயரத்திலும் விளவங்கோடு, கல்குளம் தாலுகாக்களின் வறண்ட பிரதேசங்களோடே பட்டணம், குறும்பனை முதலான கடலோரதேசங்களில் சென்று அப்பிரதேசங்களில் தண்ணீர் வசதியளித்து நெல் உற்பத்தி அதிகரிக்க மிகுந்த பலன் அளிக்கக்கூடியது. இதனால் விளவங்கோடு கல்குளம் தாலுகாக்களில் ஆக உத்தேசம் இருபத்தையாயிரம் ஏக்கர் ஸ்தலத்திற்கு தண்ணீர் வசதி அளித்து இருப்பூ நெல்கிருஷி செய்ய முடியும். இதில் ஆண்டோடாண்டு பூ தோறும் கரிந்து நஷ்டப்படும் 7000 ஏக்கர் பழ நிலங்களும், பதினெண்ணாயிரம் ஏக்கர் பூமியை புதிய நிலங்களாகத்திருத்தி, நெல் பயிர் செய்தலும் உட்படுகிறது.

இந்தத் திட்டம் விளவங்கோடு தாலுகா உணவு உற்பத்திக் கம்மற்றி ஒப்புக்கொண்டு, பி. டபிளியு. டிப்பார்ட்மெண்டினால் ஆரம்பரிப்போர்டு கொடுக்கப்பட்டு, அவர்களால் தானே இன்வஸ்டிகேஷன் பூர்த்தியாக்கப்பட்டு, முடிந்து, ஏறக்குறைய இரண்டு மாதங்கள் கழிந்தன. இதுபரியந்தம் றிப்போர்ட் சர்க்காரிடம் கொடுக்கப்படவில்லை என்றறிகிறேன். உடனடி வேண்டிய காரியங்கள் நடத்தி, சானலை வெகு சீக்கிரத்தில் வெட்டித்தரும்படி கேட்டுக்கொள்கிறேன்.

இந்த திட்டத்தோடு இணைக்கப்பட்ட ஒரு திட்டமான விள்த்தறை லிப்ட் இறிகேஷனுக்காக அடியந்திரமான ஜோலிகள் நடத்தப்படவில்லை என்றிருக்க இந்த பட்ஜெட்டில் எழுபத்திஐயாயிரம் ரூபாய் ஒதுக்கி வைத்திருப்பதை துடர்ந்து முழு துகைக்கும் அனுமதிகொடுத்து கூடிய முயற்சியுடன் உடன் நடை முறையில் கொண்டுவரக் கேட்டுக்கொள்கிறேன்.

அடுத்தாக குளங்கள் விருத்தி செய்வதையிட்டு இரண்டு வார்த்தை கூறிக்கொள்கிறேன். இப்போது ஒரு definite programme இல்லாமல் மனம் போனவாறு குளங்களை ஆங்காங்கு விருத்திசெய்து அடுத்த மழையில் ஸில்டினால் நிரத்தப்பட்டு நஷ்டப்பட்டு போகின்றது. அவைகள் ஒரு நிச்சித Programme படி சீர்திருத்தி கிருஷிகரிடம் சுமதலைப்படுத்தி ஸில்டினால் நிரந்துபோகாதபடி பாதுகாப்பதற்கு ஏற்பாடுகள் செய்யப்படவேண்டுமென்று கேட்டுக் கொள்கிறேன்.

முடிவாக ரோடு காரியங்களில் தென் திருவிதாங்கூரில் சரியான கவனம் செலுத்தப்படவில்லை. அவைகள் கவனிக்கப்படவேண்டும். பி. டபிளியு. இலாகா முன் மந்திரி கனம் இலங்கத் அவர்கள் இந்தயிடத்தை வந்து பார்த்து புதுக்கடை—கொல்லங்கோடு ரோடும், குழிவிளை—நம்பாளி ரோடும் கூடிய சீக்கிரம் விருத்திசெய்து பூர்த்தியாக்கலாமென்று சொன்னார்கள்.

இரண்டோ மூன்றோ கலுங்குகள் மாத்திரம் இதுபரியந்தம் இந்த ரோடுக ளில் செய்யப்பட்டிருக்கின்றது. இவைகளில் மிகுந்த கவனம் செலுத்தி முன் கூறியுள்ள எல்லா ஜோலிகளையும் கூடிய சீக்கிரம் பூர்த்தி செய்யவே ண்டுமென்று கேட்டுக்கொண்டு எனது சிற்றுரையை முடித்துக்கொள்கி றேன்.

ஸ்ரீ. டி. பொன்னையா: சர், இங்கே பல அங்கத்தினர்களும் ரோடுக ளைப் பற்றி பேசினார்கள். சுசீந்திரம் என்பது தென் திருவிதாங்கூரில் ஒ ரு முக்கியமான ஸ்தலம். இவ்வூர் பாலத்திலிருந்து போகிற இரண்டரை பர்லாங்கு நீளமுள்ள ஒரு ரோடு இருக்கிறது. இந்த ரோடை பழுது பா ர்க்க வருஷா வருஷம் 160 ரூபாய் அனுவதிக்கப்படுகிறது. இத் துகையை அங்குள்ள டிப்பார்ட்மென்ருர் எப்படிச் செலவு செய்கிருர்களெ ன்ருல், பழுது பார்ப்பதற்காக கல்லடித்து, கற்குவியலை அளவு எடுத்த பி றகு அந்தக் கற்குவியல் மாயமாக மறைந்து விடுகிறது. ரோடும் சரியான முறையில் பழுதுபார்க்கப்படுவதுமில்லை. அங்குள்ள அதிகாரிகள், அந்த ரோடின் பக்கத்திலுள்ள மண்ணைத் தோண்டிப்போட்டுவிட்டு போகிருர் கள். ஆற்றில் வெள்ளப்பெருக்கின்போது, தண்ணீர் கரையை உடைத்து ரோடில் பாய்கிறது. மேலும் இந்த ரோடின் கீழுள்ள மண்ணை ஜனங்கள் தங்களது உபயோகத்துக்காக எடுத்துக்கொண்டு போகிருர்கள். டிப்பார் மென்ருர் இதைப் பார்த்துக் கொண்டிருந்தும் ஒன்றும் செய்ய வில்லை. இனிமேல் ஆற்றில் ஒரு வெள்ளப்பெருக்கு ஏற்படுமானல், இந்த ரோடை யே எடுத்துக்கொண்டு போய்விடும். இந்த ரோடானது அந்தப் பக்கத்தி லுள்ள கிருஷிக்கு ஒரு அணைக்கட்டுபோல் இருக்கிறது. இதை செய்து முடித்துக்கொடுக்க அகஸ்தீஸ்வரம் தாலுகா ஓர்க்க் கம்மிற்றியும் சிபார்சு செய்திருந்தது. இந்த ரோடின் இரண்டாவது பர்லாங்கின் அற்றத்தைப் பார்த்தால் சமீபத்தில் ஏற்பட்ட வெள்ளப்பெருக்கினல் அந்த பாகத்தை யே எடுத்துக்கொண்டு போகப்பட்டிருக்கிறது. இதனல் உறம் கொண்டு போவதற்கும், நெல் கொண்டுவருவதற்கும் வசதியில்லாமலிருக்கிறது. மழைத் தண்ணீர் கரையை எடுத்துக்கொண்டு போயிற்று. அதைப் பழுது பார்க்க வேறு எங்கேயிருந்து துகை அனுமதிக்கப் போகிறீர்கள்? டிப் பார்ட்மென்ருர் வருஷா வருஷம் கொஞ்சம் களி மண்ணை போட்டுவிட்டுப் போகிருர்கள்.

சர், ரெவினியூ டிப்பார்ட்மென்றிலிருந்து பாவங்களுக்கு வீடுகள்கட்டி கொடுத்தும் பிரயோசனமில்லை. மேலும் இந்தப்பணம் நியாயமான மு றையில் செலவு செய்யப்பட்டிருக்கிறதா என்பதைப் பார்க்க பிரதான மந் திரியிடம் முறையிடுகிறேன். கறையான்குழி என்ற யிடத்தில் ஏழைக ளுக்கு வீடு கட்ட பன்னீரெண்டாயிரம் ரூபாய் அனுமதித்திருக்கிறது. இந்தப் பணம் சரியானமுறையில் செலவுசெய்யப்படவில்லை. ஸ்ரீ. குஞ்சு ராமன் மந்திரியாயிருக்கும்போது, அவரை வரச்சொல்லி, நான் இந்த இ டத்திற்குக் கூட்டிக்கொண்டு போனேன். ஆனல் அவர் இதை சரியான முறையில் பார்வையிடவில்லை. அவர் வருவதற்குப் பயந்தார். அதனல் க னம் முதல் மந்திரியவர்கள் கனனியாகுமாரிக்குப் போகும்போது சௌக ரியமாயிருக்குமானல் அந்த யிடத்திற்குப் போய் விசாரணை செய்தால் தெரியவரும். சமுதாயத்தலைவர்கள் என்று சொல்லிக்கொள்ளும் சில சுய நலமிகளுக்கு அனுசரணையாக காரியங்கள் நடந்து வருகிறது. ஆரல்வாய்

[Sri. D. Ponniah]

மொழியில் 22 வீடுகள் கட்டப்பட்டிருக்கின்றன. அந்த வீடுகள் பணக்காரர்களுக்கு கட்டிக்கொடுக்கப்பட்டிருக்கின்றனவே யொழிய ஏழைகளுக்கல்ல. இதைப்பற்றி நான் எத்தனையோ தடவை அரசாங்கத்தின் கவனத்திற்குக் கொண்டுவந்திருக்கிறேன். என்னைப் போலுள்ளவர்களுக்கு வெளியில் தலைதூக்கி நடக்கமுடியவில்லை. ஏதோ சிலர் சமுதாயத் தலைவர்கள் என்று சொல்லி சர்க்காரை ஏய்த்து வருகிறார்கள். அவர்கள் சொல்வது போல் காரியங்கள் நடந்திருக்கின்றன. நாங்கள் ஏதோ ஒரு இயக்கக் கூட்டத்தைச் சார்ந்தவர்களென்றும், இச்சுய நலமிகள் பிரசாரம் செய்கிறார்கள். நாங்கள் ஒரு இயக்கத்தையும் சேர்ந்தவர்களல்ல.

சர், தோவாளை தாலுகாவிலுள்ள ஆரல்வாய்மொழி காலனியைப் பற்றி விசாரணைசெய்து, அதிலுள்ள குற்றங்குறைகளைத் தீர்த்துத்தரக் கேட்டுக்கொள்கிறேன்.

ശ്രീ. കെ. രാമകൃഷ്ണപിള്ള: സർ: നിശ്ചിതമായ ഒരു പ്ലാൻ ഇല്ലാത്തതുകൊണ്ടു് പരാജയപ്പെട്ടുകൊണ്ടിരിക്കുന്ന പല ഡിപ്പാർട്ടുമെൻറുകളെപ്പോലെയുള്ള ഒരു ഡിപ്പാർട്ടുമെൻറാണു് ഈ മരാമത്തു ഡിപ്പാർട്ടുമെൻറു്. ജനകീയ ഗവമ്മെൻറു് അധികാരത്തിൽ വന്നിട്ടു് ഏകദേശം ൩ കൊല്ലത്തോളമായിട്ടുണ്ടു്. നിശ്ചിതമായ ഒരു പരിപാടി ഉണ്ടായിരുന്നുവെങ്കിൽ ഒന്നുരണ്ടു ദിവസമായി ഇവിടെ കേട്ടുകൊണ്ടിരിക്കുന്ന ആക്ഷേപങ്ങൾ ഗവമ്മെൻറിനു കേൾക്കാതിരിക്കാൻ കഴിയുമായിരുന്നു. എൻെറ പല മാന്യ സ്നേഹിതന്മാരും ഗ്രാമീണ റോഡുകളെപ്പററി പല ആരോപണങ്ങളും ഉന്നയിക്കയുണ്ടായി. ഈ റോഡുകളെ സംബന്ധിച്ചു് അതാതു സ്ഥലങ്ങളിലെ പൊതുജനങ്ങൾ സ്വന്തം പ്രയത്നത്താൽ ചിലതൊക്കെ ചെയ്തിട്ടുണ്ടു്. എന്നാൽ അവയെ ഏറെറടുക്കുന്നതിനും സംരക്ഷിക്കുന്നതിനും ഗവമ്മെൻറിനു യാതൊരു പദ്ധതിയുമില്ല. അതുകൊണ്ടു് മേലാലെങ്കിലും ഈവിധ ആരോപണങ്ങൾക്കു് ഇടകൊടുക്കാതെ നിശ്ചിതമായ ഒരു പ്ലാനോടുകൂടി പ്രവർത്തിക്കണമെന്നു് എനിക്കൊരപേക്ഷയുണ്ടു്. എൻെറ മാന്യ സ്നേഹിതൻ മി. തമ്പിയോടു് തികഞ്ഞ ബഹുമാനത്തോടുകൂടിയാണു് ഞാൻ പറയുന്നതു, ഗവമ്മെൻറിൽനിന്നും ചില വലിയ മരാമത്തു ജോലികൾ തുടങ്ങുകയും അതു് ഇടക്കുവച്ചു് നിറുത്തുന്ന ഒരു സംപ്രദായം ഗവമ്മെണ്ടു് അംഗീകരിച്ചു വരുന്നതായി കാണുകയും ചെയ്യുന്നുവെന്നു്. ആലപ്പുഴ, ചേർത്തല തോടു് വെട്ടുന്നതിനായിട്ടു് ഗവമ്മെൻറു് ഒരന്വേഷണക്കമ്മിററിയെ നിയമിക്കയും ആ കമ്മിററിയുടെ ശുപാർശയനുസരിച്ചു് പെട്ടെന്നു് ഉത്തരവു പാസ്സാക്കി തോടിൻെറ കുറെ ജോലി ആരംഭിക്കുകയും പെട്ടെന്നു് അതു് അവിടെവച്ചു് നിറുത്തുകയും ചെയ്തു. ജോലി തുടർന്നുകൊണ്ടു പോകാത്തതിനെപ്പററി കഴിഞ്ഞ നിയമസഭയിലും അതിനു മുൻപിലത്തെ നിയമസഭയിലും ഞാനും എൻെറ മൂന്നുനാലു സ്നേഹിതന്മാരും ചോദ്യങ്ങൾ ചോദിക്കയും മററും ചെയ്തു. അതിൻെറ ഫലമായി ഏകദേശം ൧൫ മൈൽ നീളമുള്ള ഈ തോട്ടിൻെറ ഇരുവശങ്ങളിലുമുള്ള വൃക്ഷങ്ങൾ മുഴുവനും നശിപ്പിക്കയും തൻമൂലം അവിടങ്ങളിൽ കൃഷിചെയ്യാൻകൂടി നിവൃത്തിയില്ലാത്തവിധം ആക്കിത്തീർക്കുകയും ചെയ്തതല്ലാതെ ഗവമ്മെൻറു് മറെറാന്നും ചെയ്തില്ല. ഗവമ്മെൻറു് വാഗ്ദാനം ചെയ്യുന്ന എല്ലാ കാര്യവും ചെയ്യാൻ സാധിക്കയില്ലെങ്കിലും ചെയ്യുന്ന കാര്യം എത്രയുംവേഗം പൂർത്തിയാക്കുന്നതിനു് ശ്രദ്ധിക്കേണ്ടതാണു്.

ഭക്ഷ്യവികസനപദ്ധതിയെ സംബന്ധിച്ചും ഇവിടെ ചില വിമർശനങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരു വലിയ തുകയാണ് ഈ ആവശ്യത്തിലേക്ക് ചിലവാക്കുന്നതെന്ന് ഭക്ഷ്യമന്ത്രി പ്രസ്താവിച്ചു. പക്ഷെ അതു മുഴുവൻ ചിലവായിട്ടില്ലെന്നും വലിയ ഒരു സംഖ്യ ഇനിയും ചെലവാക്കാനുണ്ടെന്നും ഇദ്ദേഹം പ്രസ്താവിച്ചു. കുട്ടനാട്ടിനെ സംബന്ധിച്ചിടത്തോളം അനേകായിരംപറ നിലങ്ങൾ ഈ പ്രാവശ്യം മട വീണുപോയിട്ടുള്ളതായി കാണാവുന്നതാണ്. അതിനുള്ള പ്രധാന കാരണം വരമ്പ് ശരിയായി കെട്ടുന്നതിന് കൃഷിക്കാർക്ക് സാധിക്കാത്തതുകൊണ്ടാണ്. എല്ലാവർഷവും കൃഷിക്കാർ വലിയ വരമ്പുകൾ കെട്ടേണ്ടതായിട്ടാണ് വന്നിരിക്കുന്നതു്. ദുർബലമായ വരമ്പുകൾ കെട്ടുന്നതുകൊണ്ടാണ് ഇങ്ങനെ കൂടക്കൂടെ മടവീണുകൊണ്ടിരിക്കുന്നതു്. ഗ്രോമോർഫുഡ് ഇനത്തിൽ വലിയ തുക ശേഖരിച്ചിരിക്കുന്നതു് ഫലപ്രദമായി വരത്തക്കവിധത്തിൽ നാം പരിശ്രമം നടത്തേണ്ടതാണ്. ഇന്ന് കുട്ടനാട്ടിലുള്ള സാധാരണക്കാരും, കർഷകരും, തൊഴിലാളികളും പരിശ്രമിച്ചതിന്റെ ഫലമായി നെല്ലുവിളവ് വർദ്ധിപ്പിക്കാനുള്ള പല പ്രവർത്തനങ്ങളും നടന്നിട്ടുണ്ട്. തീരപ്രദേശങ്ങളിൽ ഫലഭൂയിഷ്ഠമായി ഉല്പാദനം ഉണ്ടാകത്തക്കവിധത്തിൽ ഉള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കുറച്ചു സ്ഥലങ്ങൾ ഇനിയും ഡ്രെഡ്ജർ ഉപയോഗിച്ച് ചിറകെട്ടേണ്ടതായിട്ടുണ്ട്. ഗവൺമെന്റിന്റെ സഹായമുണ്ടെങ്കിൽ ഉപയോഗശൂന്യമായി, അതായതു് ഈയാവശ്യത്തിനുപയോഗിക്കാതെ എവിടെയോ കൊണ്ടിട്ടിരിക്കുന്ന എട്ടു് ഡ്രെഡ്ജറുകൾ അവിടെ കൊണ്ടുവന്ന് ചിറകെട്ടുന്നതിന് സഹായിക്കുകയാണെങ്കിൽ മേലാൽ മട വീഴാതിരിക്കുന്നതിനും വിളവ് വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നതാണ്.

ശ്രീ. എ. താണുപിള്ള: ഡ്രെഡ്ജറുകൾ എവിടെ കൊണ്ടിട്ടിരിക്കയാണ്?

ശ്രീ. കെ. രാമകൃഷ്ണപിള്ള: ഏതായാലും കുട്ടനാട്ടിലെ കൃഷിയാവശ്യത്തിന് ലഭിച്ചിട്ടില്ലെന്നാണ് എനിക്കു മനസ്സിലാക്കുവാൻ സാധിച്ചിട്ടുള്ളതു്.

ശ്രീ. ജോസഫ് മാത്തൻ: പി. ഡബ്ലിയു. ഡി. യെപ്പറ്റി സംസാരിക്കുമ്പോൾ ഒരു ഗ്രന്ഥരൂപത്തിൽതന്നെ പറയുവാനുള്ള കാര്യങ്ങൾ ഇന്നത്തെ പ്രവർത്തനരീതിയിൽ അടങ്ങിയിട്ടുണ്ട് എന്നാണു ഞാൻ വിശ്വസിക്കുന്നതു്. അല്ലാതെ അഞ്ചോ പത്തോ മിനിട്ടുകൊണ്ട് ഈ കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരിക എന്നുവെച്ചാൽ അതു് സാദ്ധ്യമല്ല. കൂടാതെ പ്രാദേശികമായിട്ടുള്ള കാര്യങ്ങൾ സംസാരിക്കുന്നതുതന്നെ അധഃപതിക്കുവാനുള്ള ഒരു ലക്ഷണമാണെന്നാണ് മി. ബാലകൃഷ്ണൻ തമ്പിയും അദ്ദേഹത്തെപ്പോലുള്ളവരും അഭിപ്രായപ്പെടുന്നതു്. മന്ത്രിമന്ദിരങ്ങളും മണിമേടകളും എല്ലാം കേറിയിറങ്ങി അദ്ദേഹത്തിന്റെ മനസ്സ് കുളത്തിരിക്കുമ്പോൾ ഗ്രാമങ്ങളെപ്പറ്റി സംസാരിക്കുന്നതിനെ ഒരു പുച്ഛസ്വരത്തിൽ അദ്ദേഹം വീക്ഷിക്കുന്നതിൽ ഞാൻ അതിശയിക്കുന്നില്ല. എന്നാൽ 'അപ്കൺട്രി' റോഡെന്നും, അപ്കൺട്രി ടീച്ചറെന്നും മറ്റും പറയുന്നതു് തീർച്ചയായും അധികാരം വികേന്ദ്രീകരിക്കണമെന്ന് ഏകലക്ഷ്യത്തോടുകൂടി പ്രവർത്തിക്കുന്ന ഈ രാജ്യത്തിലെ ജനങ്ങൾക്കു പററിയതല്ല. അതദ്ദേഹത്തിനൊരു ഭൂഷണവുമല്ല. ഞാൻ അദ്ദേഹത്തിന്റെ ആഗ്രഹത്തിനു വിരുദ്ധമായിത്തന്നെ എന്റെ നിയോജകമണ്ഡലത്തിലെ ചില പ്രത്യേക ആവശ്യങ്ങളെപ്പററി ബഹു. ഗവൺമെന്റിന്റെ മുമ്പാകെ ചിലതു് പറയുകയാണ്.

Sri. P. Balakrishnan Tampi: I want to make a personal explanation regarding the member's reference to me.

Mr. Deputy Speaker: Yes, you can, but not now.

ശ്രീ. ജോസഫ് മാത്തൻ: ശ്രീ രാമകൃഷ്ണപിള്ള ഇവിടെ പറഞ്ഞതുപോലെതന്നെ ചേർത്തല ആലപ്പുഴ തോട് പരിതാപകരമായ സ്ഥിതിയിൽ കിടക്കുകയാണ്. ഇന്ന് ഇതിൻെറ ഇരുവശങ്ങളിലും കാണുന്ന നിലവും പുരയിടങ്ങളും മററുമെല്ലാം നല്ലവണ്ണം കൃഷി ചെയ്ത് ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സഞ്ചാരസൗകര്യം കൂടി ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാണല്ലോ. ഈ തോട് കുറെ നാളായി പകുതിയാക്കിയിട്ടിരിക്കയാണ്. ഈ തോട് വെട്ടിത്തീർക്കാൻ നിവൃത്തിയില്ലെങ്കിൽതന്നെ ഇന്നത്തെ ദുരിതനിവാരണത്തിനു വേണ്ടിയെങ്കിലും ഈ തോടു നികത്തിതരണമെന്ന് ഞാൻ ഗവമെൻറിനോട് അപേക്ഷിച്ചുകൊള്ളുന്നു.

നാലുവർഷം മുമ്പ് ചില രാഷ്ട്രീയ കാര്യങ്ങളെ അടിസ്ഥാനപ്പെടുത്തി ചില പുതിയ റോഡുകൾ ചേർത്തല മുതലായ സ്ഥലങ്ങളിൽ വെട്ടിയിട്ടുണ്ടെങ്കിലും ആ റോഡുകളിൽ ആവശ്യമുള്ള കലുങ്കുകളും പാലങ്ങളും ഇല്ലാത്തതുകാരണം യാത്രയ്ക്കു് വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. ഈ റോഡുകളിലുള്ള പാലങ്ങളുടേയും കലുങ്കുകളുടേയും പണി എളുപ്പത്തിൽ പൂർത്തിയാക്കിയില്ലെങ്കിൽ കലുങ്കുകളുടേയും പാലങ്ങളുടേയം പണി തുടങ്ങുന്ന സമയത്തു് ഒരു പക്ഷെ റോഡുകൾ കാണാതെ ആയേക്കാം. ചേർത്തല തീരപ്രദേശങ്ങളിൽ ആളുകൾ ഉപ്പുവെള്ളം കുടിച്ച് കഴിച്ചു കൂട്ടുകയാണ്. ചെല്ലാനംവരെ വന്നുചേർന്നിട്ടുള്ള പൈപ്പുലൈൻ പള്ളിത്തോട്ടിലേക്ക് നീട്ടുന്നതിന് കഴിഞ്ഞപ്രാവശ്യത്തെ ബഡ്ജററിൽ പണം കൊള്ളിച്ചിരുന്നു എങ്കിലും ആ പണി ഇതേവരെ ഏറെറടുത്തിട്ടില്ലെന്ന് കാണുന്നതിൽ ഖേദിക്കാതെ തരമില്ല. അരൂക്കുററി-മാരാരിക്കുളം റോഡിൻെറ കാര്യവും ഇതുപോലെ തന്നെയാണ്. ഈ റോഡ് പൂർത്തിയാക്കുന്നതിന് മൂന്നു പാലങ്ങൾ കെട്ടണം. ഇതു പൂർത്തിയാക്കിയാൽ കൊച്ചിയിൽനിന്നും ആലപ്പുഴവരെ കടൽത്തീരത്തുകൂടിയുള്ള ഒരു റോഡു നിർമ്മിക്കാൻ സാധിക്കും കൂടാതെ ചെല്ലാനം പാണ്ടിക്കുടി റോഡിൻെറ പണി നടക്കുമ്പോൾതന്നെ പള്ളിത്തോട് തുറവൂർ റോഡും പണി ചെയ്യേണ്ടതാണ്. ഈ റോഡ് പള്ളിത്തോട്ടിൽ നിന്നും തുറവൂർ വന്നു പഠിക്കുന്ന ഏകദേശം മുന്നൂറിൽപരം വിദ്യാർത്ഥികൾക്ക് വലിയ സൗകര്യമായിരിക്കും. സഞ്ചാരസൗകര്യമില്ലാതെ ഈ വിദ്യാർത്ഥികൾ ഇന്ന് ഏകദേശം രണ്ടു മൈൽ ചെളി കുത്തിയിട്ടു വരമ്പിൽകൂടി നടന്നുപോയി പഠിക്കുകയാണ്. അവിടെ ഒരു പള്ളിക്കൂടംപോലും ഇല്ലെന്നു മനസ്സിലാക്കുന്ന ഗവമെൻറ് ഈ റോഡ കഴിയുന്നതും വേഗത്തിൽ വെട്ടിത്തരണം. അതു പൂർത്തിയാക്കിയാൽ അരൂർ പാലം പണി ചെയ്യുന്നതിന് മുമ്പ് ഉദ്ദേശം അൻപതിനായിരം രൂപാ ചിലവാക്കി കൊച്ചിയേയും തിരുവിതാംകൂറിനേയും തമ്മിൽ കരമാർഗ്ഗമായി ബന്ധിപ്പിക്കാവുന്നതാണ്. ചേർത്തല താലൂക്കിൽ ഇറിഗേഷന് ഇനിയും കൂടുതൽ പണം ചിലവാക്കിയാലെ എന്തെങ്കിലും പ്രയോജനം ഉണ്ടാവുകയുള്ളു. അവിടെ ഈയാണ്ടിൽ പുതിയ പ്രവർത്തനം ഒന്നും നടന്നിട്ടില്ല. ഇറിഗേഷന് പ്രത്യേകം ഒരു സൂപ്രവൈസറെ നിയമിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇപ്പോൾ അതു് തല്ക്കാലം പി. ഡബ്ലിയു. ഡി. യിൽ ചേർത്തിരിക്കുകയാണ്. ഒരു സ്പെഷ്യൽ ഇറിഗേഷൻ സൂപ്പർവൈസറുടെ ആവശ്യം ചേർത്തലയ്ക്കുണ്ടെന്ന് ഡിവിഷൻ കമ്മിററിയും ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ നിയമനം ഇനിയും നടത്തിട്ടില്ല. ഈ കാര്യത്തിൽ ഗവമെൻറിൻെറ ശ്രദ്ധപതിയണമെന്നപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. പി. ബാലകൃഷ്ണൻ തമ്പി: സർ, ഞാൻ ഇംഗ്ലീഷ് സംസാരിച്ചതുകൊണ്ട് തെററിദ്ധരിച്ചതാണെന്നാണ് എനിക്കു തോന്നുന്നതു്. നാട്ടിൻപുറം

എന്നുള്ള അർത്ഥത്തിൽ മാത്രമാണ് ഞാൻ അപ്ക്ൺട്രി എന്ന വാക്ക് ഉപയോഗിച്ചത്. പ്രാദേശിക ആവശ്യങ്ങൾ പറയാൻ പാടില്ലെന്നല്ല; എന്നാൽ പ്രാദേശികാവശ്യങ്ങൾ പറയുന്നതിനെക്കാൾ രാജ്യത്തിലെ പൊതുവായ കാര്യങ്ങൾ പറയുന്നത് കുറെക്കൂടി നന്നായിരിക്കുമെന്നാണ് ഞാൻ പറഞ്ഞത്. മണിമേടകളിലും മന്ത്രി മന്ദിരങ്ങളിലും കയറി ഇറങ്ങിയതുകൊണ്ടുതന്നെയാണ് ഇന്നിവിടെ വന്ന് അതായത് മന്ത്രി മന്ദിരത്തെപ്പോലെയുള്ള ഈ വിശാലമായ ഹാളിൽ വന്ന് സംസാരിക്കാൻ ഇടയാകുന്നത്. ഏതായാലും ഞാൻ പറഞ്ഞത് പൊതുതാൽപ്പര്യങ്ങളെ കുറിച്ച് പറയുന്നത് കുറേക്കൂടി നന്നായിരിക്കുമെന്നു മാത്രമാണ്.

ശ്രീ. പൊന്നറ ജി. ശ്രീധർ: സർ, ഒരു മറുപടി പറവാൻവേണ്ടിമാത്രം അതായത് രണ്ടുതവണ പ്രസംഗിക്കാൻ വേണ്ടി മാത്രം ഇങ്ങനെ തമ്മിൽ നേരത്തെ സംസാരിച്ചുകൊണ്ട് ഇവിടെ വന്ന് ഇങ്ങനെ സഭയുടെ സമയം എടുക്കാമോ എന്ന് റൂളിംഗ് തന്നാൽ കൊള്ളാം. അതായത് മി. തമ്പിയും മി. മാത്തനും വലിയ സ്നേഹിതന്മാരാണ്. അവർ നേരത്തെ തമ്മിൽ സംസാരിച്ചുകൊണ്ട് ഇങ്ങനെ രണ്ടാമതും സംസാരിക്കാൻ ഒരു സന്ദർഭം ഉണ്ടാക്കുന്നതിനാണ് മി. തമ്പി മി. മാത്തനെക്കൊണ്ടു ഇങ്ങനെയൊക്കെ പറയിച്ചത് എന്നാണ് എന്റെ അഭിപ്രായം.

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: ഇതിനു റൂളിംഗിന്റെ ആവശ്യമില്ല.

ശ്രീ. എ. പി. ഉദയഭാനു: ചില പ്രധാന നിർദ്ദേശങ്ങൾ സഭയുടെ മുമ്പിൽ സമർപ്പിക്കണമെന്നുദ്ദേശിച്ചാണ് ഞാൻ സംസാരിക്കുന്നത്. ഗവമ്മെന്റിന്റെ മുമ്പിൽ നടത്തുന്ന നിവേദനങ്ങളും പരാതികളും പരിശോധിച്ചാൽ റോഡുകളുടെ കാര്യത്തിൽ ജനങ്ങൾക്കുള്ള തീഷ്ണത വളരെ വ്യക്തമാകും. പല രാഷ്ട്രനിർമ്മാണ പദ്ധതികളും നമ്മുടെ മുൻപിൽ ഉണ്ടെങ്കിൽ ജനങ്ങളുടെ മുൻപിൽ വളരെ പ്രാധാന്യമർഹിച്ചു നിൽക്കുന്ന നിർമ്മാണപദ്ധതികൾ പാലങ്ങളുടേയും കലുങ്കുകളുടേയും റോഡുകളും തോടുകളുടേതുമാണ്.

പാലങ്ങളുടെ കാര്യമാണെങ്കിൽ ഇന്നു വലിയ പാലങ്ങൾ പലതും തീരേണ്ടതായിട്ടുണ്ട്. പഴയ കണക്കുകൾ നോക്കിയാൽ ഇങ്ങിനെയുള്ള പാലങ്ങൾ പത്തും ഇരുപതും വർഷങ്ങളുടെ കാല അളവിലാണ് തീർത്തിട്ടുള്ളതെന്നു കാണാം. ആ കണക്കിനുപോയാൽ ഏതാനും ശതാബ്ദങ്ങൾ വേണ്ടിവരും. നമുക്കു ഇന്നു ആവശ്യമുള്ള പാലങ്ങൾ തീർന്നു വരുന്നതിനും ഈ പാലങ്ങൾ തീരുന്നതിനു വളരെ അധികം പണം ആവശ്യമാണ്. രാഷ്ട്രനിർമ്മാണത്തിനു നമുക്ക് ഇന്ന് ലബ്ധമായിട്ടുള്ള പണം വളരെ കുറവാണ്. ഭക്ഷണത്തിനുള്ള സബ്സിഡിയിൽ സാരമായ സഹായം ഇൻഡ്യാഗവമ്മെന്റിൽനിന്നു കിട്ടിയില്ലെങ്കിൽ രാഷ്ട്രനിർമ്മാണത്തിനു ഒട്ടും പണം ഇല്ലാതെവരുകയും ചെയ്യും. അതുകൊണ്ടു പ്രധാനപാലങ്ങൾ നിർമ്മിക്കുന്നതിനു പണം കടം വാങ്ങി എടുത്തു പാലം പണി കഴിച്ചാൽ പാലത്തിന് "ടോൾ" ഏർപ്പെടുത്തി അതിൽനിന്നു കിട്ടുന്ന പണം കൊണ്ടു ആ കടം വീട്ടാൻ കഴിയുന്നതാണ്. ചങ്ങാടത്തിനു കൊടുക്കുന്ന കൂലിയും ചങ്ങാടം കാത്തുകിടന്നു നഷ്ടപ്പെടുന്ന സമയവും കണക്കാക്കിയാൽ ഈ 'ടോൾ' ഒട്ടും അരോചകമായി കരുതുകയില്ല.

ഇനിയും എനിക്കു വില്ലേജു റോഡുകളെപ്പറ്റിയാണ് പറയാനുള്ളത്— വളരെ അധികം വില്ലേജു റോഡുകൾ ഇന്നു നാടിന്റെ നാനാഭാഗത്തും ഉണ്ടാ

[Sri. A. P. Udayabhanu]

യിട്ടുണ്ട്, ഉണ്ടായിക്കൊണ്ടിരിക്കുകയുമാണ്—അതൊന്നും ഒരു പ്ലാനും വ്യവസ്ഥയുമനുസരിച്ചല്ല. പ്രാമാണ്യവും സ്വാധീനവുമുള്ള ചില വ്യക്തികൾക്കു റോഡു വേണമെന്നു തോന്നും—അവരുടെ വീടുകളുടെ മുൻപിൽക്കൂടെ 'പറയിട്ടുപോകുന്ന' ഒരു റോഡും ഉണ്ടാകും—പലപ്പോഴും കിഴക്കോട്ടു പോകുന്നതിനുള്ള റോഡ് അധികവും തെക്കുവടക്കുകിടക്കുന്നതുകാണാം. ചിലപ്പോൾ ഒരു ഫർലാങ്ങും അര ഫർലാങ്ങും അകലത്തിൽ റോഡുകൾ കാണാം, വളരെ ദൂരെ റോഡുകൾ ഇല്ലാതെയും ഇരിക്കും. ഈ ഓരോ റോഡും കല്ലിടുന്നതിന് പത്തും ഇരുപതും ആയിരം രൂപാ മൈൽ ഒന്നിനു ചിലവിടേണ്ടിവരും—അതു നോക്കുമ്പോൾ ഈ റോഡുകൾ എല്ലാം എടുക്കുക എന്നുള്ളത് നമ്മുടെ സാമ്പത്തികമായ കഴിവിന്റെ പരിധിക്ക് അപ്പുറമാണ്. നമുക്കു ചെയ്യാവുന്നത് അത്യാവശ്യമുള്ള റോഡുകൾ തെരഞ്ഞെടുത്തു ക്ലിപ്തകാലാവധിക്കുള്ളിൽ കല്ലിട്ടു തീർക്കുക എന്നുള്ളതാണ്. ജനങ്ങളുടെ യത്നവും സ്ഥലവും വ്യർത്ഥമായിപ്പോകാതെ ഇരിക്കണമെങ്കിൽ ഇന്ന ഇന്ന റോഡുകൾ എടുക്കണമെന്നു ജനങ്ങളെ മനസ്സിലാക്കി അങ്ങിനെയുള്ള റോഡുകൾമാത്രം വെട്ടുവാൻ അനുവദിക്കണം—ഒരു സ്ഥലത്തു റോഡു വേണമെന്നു നിവേദനം ഉണ്ടായാൽ അതിനുള്ള alignment നോക്കി അതു വെട്ടുവാൻ അനുവദിക്കണം—അങ്ങിനെ വെട്ടുന്ന റോഡുകൾ മാത്രം ഏറെറടുക്കണം—റോഡുവെട്ടുന്നതിനു കിട്ടുന്ന നിവേദനം സത്വരമായിത്തന്നെ കൈകാര്യം ചെയ്യണം. വച്ചുതാമസിപ്പിച്ചു ജനങ്ങളുടെ ഔൽസുക്യം നശിപ്പിക്കരുത്—നമുക്കു ഇപ്പോൾ തന്നെ Ryot Rules ഉണ്ട്. അതു ആവശ്യമായ രീതിയിൽ ഭേദഗതി ചെയ്തു് പ്രയോഗക്ഷമമാക്കിത്തീർക്കണം.

ഇന്നു റോഡുകൾക്കുപോലും ജാതിയുണ്ടെന്നാണ് കാണുന്നത്. നായർ റോഡുണ്ട്. ഈഴവറോഡുണ്ട്, ക്രിസ്ത്യൻറോഡുണ്ട്. ഒരു റോഡെടുത്താൽ അതു നായർറോഡ് ആയതുകൊണ്ടാണ് എടുത്തതു്, അല്ലെങ്കിൽ ക്രിസ്ത്യൻ റോഡായതുകൊണ്ടാണ് എടുത്തതു് എന്നിങ്ങനെ വളരെയധികം പരാതികൾ ഉണ്ടാകുന്നുണ്ട്. പ്രാദേശികമായി ഒരു റോഡു് ആവശ്യമാണെന്നു കണ്ടാൽ അതു് എങ്ങിനെയാണ് തീർക്കേണ്ടതു് എന്നു തീരുമാനിച്ചു അതിനുള്ള alignment നിശ്ചയിച്ചു കൊടുക്കണം. അതു ഏറെറടുക്കാൻ ഡിപ്പാർട്ടുമെൻറു സന്നദ്ധമാകുകയും വേണം. അങ്ങനെയായാൽ അനാരോഗ്യകരമായ പല മത്സരങ്ങളും നിവാരണം ചെയ്യാൻ സാധിക്കും. ചില സ്ഥലത്തു് റോഡുകൾ പുതുതായി ഉണ്ടായുടൻ ആ സ്ഥലത്തെ വസ്തുക്കളുടെ വില ക്രമാതീതമായി വർദ്ധിക്കുന്നുണ്ടെന്നു കാണാം. അങ്ങനെ വില വർദ്ധിക്കുന്ന സ്ഥലത്തെ വസ്തുക്കളുടെ മേൽ ഒരു betterment ലെവി ചുമത്തുകയാണെങ്കിൽ അതു് ഒരു ധനാഗമമാർഗ്ഗമായിരിക്കുമെന്നാണ് എനിക്കു തോന്നുന്നതു്. ഒരു റോഡു തുറക്കുന്നതുകൊണ്ടു് വസ്തുവിന്റെ വില കൂടുമ്പോൾ വസ്തു ഉടമസ്ഥന്മാർ ആ റോഡുണ്ടാക്കുന്നതിനുവേണ്ടി ഒരു തുക കൊടുക്കണമെന്നു പറയുന്നതു് വളരെ യുക്തിയുക്തം മാത്രമാണ്. ഈ വിഷയത്തിലേക്കു ഗവൺമെണ്ടിന്റെ ശ്രദ്ധ ക്ഷണിക്കാൻ എനിക്കു താല്പര്യമുണ്ട്.

മറെറാരു സംഗതി റോഡുകളുടെ മെയിൻറനൻസ് സമയാസമയത്തിനു ചെയ്യാത്തതുകൊണ്ടാണ് പലപ്പോഴും വളരെയധികം പണം ആ കാര്യത്തിലേക്കു ചിലവാക്കേണ്ടിവരുന്നതു് എന്നുള്ളതാണ്. സൂചികൊണ്ടു എടുക്കേണ്ടതു് തൂമ്പാകൊണ്ടു എടുക്കേണ്ടിവരും. റോഡുകളുടെ മെയിൻറനൻസ് നടത്തുന്നതു സംബന്ധിച്ച് ശരിയായ ഒരു വ്യവസ്ഥ ആവശ്യമാണ്. അററകുററങ്ങൾ പെട്ടെന്നുതന്നെ ചെയ്തുതീർക്കേണ്ടതാണ്.

പി. ഡബ്ലിയു.ഡിയും, ലാൻഡ് റവന്യൂവും, ഫോറസ്റ്റും ഡിപ്പാർട്ടുമെന്റുകൾ തമ്മിൽ ഒരു co-ordination ആവശ്യമാണ്. ഈ ഡിപ്പാർട്ടുമെന്റുകളെല്ലാം കോഓർഡിനേറ്റ് ചെയ്യുന്നതിനു വ്യവസ്ഥ ഉണ്ടാക്കണം. പുതുതായി റോഡുകൾ ഉണ്ടാക്കുന്നതിലേക്കു സ്ഥലം പൊന്നും വിലയ്ക്കെടുക്കുന്നതിന് റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ സഹകരണം ആവശ്യമാണ്. അതുപോലെതന്നെ വനം പ്രദേശത്തു റോഡുകൾ നിർമ്മിക്കുന്നതിന് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന് P.W.D.യുടെ സഹകരണം ആവശ്യമാണ്. വനംപ്രദേശങ്ങളിൽ പുതുതായി റോഡു തുറക്കുകയാണെങ്കിൽ വനങ്ങളിൽനിന്നു നശിച്ചുപോകുന്ന വളരെ വൃക്ഷങ്ങൾ നല്ല വിലയ്ക്കു വില്ക്കുന്നതിനും മനുഷ്യർക്കു ഉപയോഗപ്രദമാക്കിത്തീർക്കുന്നതിനും കഴിയും. വനവിഭവങ്ങൾ ക്രയവിക്രയം ചെയ്യുന്നതിനും ഫോറസ്റ്റ് റോഡ്സ് വളരെ അത്യാവശ്യമായിട്ടുള്ളതാണ്.

പി. ഡബ്ലിയു. ഡി.യുടെ കീഴിലാണ് ജലവിതരണവും വന്നിരിക്കുന്നതു്. ട്യൂബ് വെൽസ് ഉണ്ടാക്കി അതിൽനിന്നും വെള്ളം സംഭരിച്ചു ടാങ്കിനുള്ളിലാക്കി തീരപ്രദേശങ്ങളിൽ കൊണ്ടുപോയി കൊടുക്കാൻ കഴിയും. ഇന്നുണ്ടാക്കിയിട്ടുള്ള ട്യൂബ്‌വെൽസിൽനിന്നു ഉപയോഗശൂന്യമായി പോകുന്ന വെള്ളം വള്ളത്തിൽ ടാങ്കുകളിലാക്കി കൊണ്ടുപോയി ആളുകൾക്കു് ഉപയോഗിക്കുന്നതിനു് പ്രയോജനപ്പെടുത്താൻ സാധിക്കുമെന്നാണ് എനിക്കു തോന്നുന്നതു്.

എനിക്കും ചില "സ്ഥലപുരാണ"ങ്ങളൊക്കെ പറയാനുണ്ടു്. സമയം വളരെയധികം ഇല്ലാത്തതുകൊണ്ടു് എന്റെ കാൺസ്റ്റിറ്റ്യുവെൻസിയിലെ 'സ്ഥലപുരാണ'ങ്ങളിലെ ചില വസ്തുതകൾ പറയാനേ ഞാൻ ആഗ്രഹിക്കുന്നുള്ളു. ആയിരം തെങ്ങിൽ നിന്നും താമരക്കുളത്തേക്കുള്ള ഒരു റോഡ് ഏതാണ്ടു് പൂർത്തിയാക്കിയിരിക്കുകയാണ്. മുഴുവൻ പൂർത്തിയാക്കിയാൽ മാത്രമേ അതുകൊണ്ടു ഫലമുള്ളൂ. ഒരു റോഡ് എടുത്തുകഴിഞ്ഞാൽ ആ റോഡ് പൂർത്തിയാക്കണം. ഇന്നത്തെ നിലയിൽ ഒരു റോഡ് പൂർത്തിയാക്കുകയാണെങ്കിൽ ആ റോഡിലേക്കു് ബസ് സർവ്വീസ് നടത്തുന്നതിനുള്ള ഡിമാൻഡ് ധാരാളമുണ്ടാകും. അങ്ങനെ വരികയാണെങ്കിൽ വെഹിക്കിൾ ടാക്സ് ഇനത്തിൽ ഒരു നല്ല തുക കിട്ടും. അതായതു് ആ റോഡിന്റെ മെയിൻറനൻസ് ചെയ്യുന്നതിനുള്ള ചെലവു് ആ റോഡിൽ ഓടുന്ന വണ്ടികളുടെ വെഹിക്കിൾ ടാക്സ് ഇനത്തിൽ നിന്നും ഈടാക്കാൻ കഴിയും. അതിനാൽ പുതിയ റോഡുകൾ ഓപ്പൺ ചെയ്യുന്നതു നഷ്ടമായി കരുതേണ്ടതില്ല. എന്നാൽ റോഡുകളിൽ കല്ലും, കലുങ്കും തൊട്ടും പുരട്ടിയും പോകുന്ന ഏർപ്പാടു നഷ്ടമായിരിക്കും. അങ്ങനെയുള്ള റോഡുകൾ ഒരു മഴകഴിയുമ്പോൾ മുഴുവൻ നഷ്ടപ്പെട്ടുപോകും. അതുകൊണ്ടു് എടുക്കുന്ന റോഡുകൾ പൂർത്തിയാക്കണമെന്നാണ് എനിക്കു പറയാനുള്ളതു്. റോഡരികിൽ നിൽക്കുന്ന പ്രായമായ വൃക്ഷങ്ങൾ ഉപയോഗശൂന്യമായിത്തീരുന്നതിനുമുമ്പ് വെട്ടിവിറ്റാൽ അതു് റോഡുകൾ തുറക്കുന്നതിനുള്ള ഒരു പ്രത്യേകഫണ്ടിലേക്കു നീക്കിവെക്കാവുന്നതും അതുകൊണ്ടു് പുതിയ പുതിയ റോഡുകൾ നിർമ്മിക്കാവുന്നതുമാണ്. ജോലികൾക്കു നീക്കിവെക്കുന്ന തുകകൾ സമയത്തിനു ചെലവഴിക്കാത്തതുകൊണ്ടു് ജോലികൾ തീരാതെ ഇരിക്കുന്നു എന്നു മാത്രമല്ല പല ജോലികളും തീർന്നുവരുമ്പോൾ ആവശ്യമില്ലാതായിത്തീരുന്നു എന്നുള്ളതു് ഗവൺമെന്റ് ശ്രദ്ധിക്കണം.

Sri. T. Kochukrishna Pillai: At the outset I may speak about the serious allegation levelled against the Works Committee. It is alleged that the Works Committee has not done well in budgeting works. What I have to say on the

[Sri. T. Kochukrishna Pillai]

matter is that the main factor that stood in the way of proper budgeting of works is the failure of many taluk committees to submit their recommendations in time, to the Central Works Committee.

The second thing I want to impress on the treasury benches is regarding civil works. It is better they keep in mind the proverb "A stitch in time saves nine." Three cross bars along a road have been washed away long long ago. Representations were submitted to the P. W. D. The authorities have done nothing so far. With the result a by-road constructed by a Village Union is completely ruined.

The third thing I want to bring to the notice of this House is about "Attakulam" kal. It belongs or takes its source from a chain of tanks. To our most disaggreeable surprise an order has been issued that the proposal is impracticable and therefore the matter dropped. The local agriculturists have constructed a kal from the lowest of these tanks and thereby have converted hundreds of acres of dry land into wet paddy fields. I request the Chief Minister to make arrangements with the Chief Engineer to revise his judgment. If the kal is constructed from the other place it can easily water about 500 acres of dry lands, for it has been practically demonstrated by the local agriculturists.

Another matter which I am very anxious to bring to notice is a matter which was referred to by Mr. Chidambaranatha Nadar in his overwhelmingly carping speech.

He referred to the Section Officer, Thucklay. He is one of the few officers who are very sincere. We are proud of him. And I sincerely feel that the Chief Engineer has done well in posting him to that Section and in charge of the Teakode Channel. He is very able hence has to be encouraged by government.

One more point I wish to mention, That is as regards the allotting of inadequate funds for improving tanks. For the improvement of a tank about one thousand five hundred rupees were sanctioned. Sanction was accorded for providing one bathing ghat also. A very serious situation arose. Only one bathing ghat was provided for a tank over eight acres in extent. We have made representations to the Chief Engineer, for providing more bathing ghats. In this connection I may request Government to concentrate more attention to the Chambakulam Scheme in Agasteeswaram also. With these observations I close.

Sri. A: K. George: Yesterday and to-day I was listening to the speech of honourable Members with great interest. Most of them have been finding fault with the Central Works Committee. I was a little surprised that of all persons, Mr. Thaliath has come out with this attack on the working of the Central Works Committee. Hailing as he does from Parur, I must most candidly say that his taluk, Parur got the biggest quota of new works in spite of the vigilance and care exercised by the members of the Central Works Committee. If all the recommendations of various Taluk Works Committees are to be included in the Budget, we require not less than 10 crores of rupees. Again I wish to repudiate the charge of interference by the Central Committee of the items recommended by Taluks. Not even one is unduly interfered with by us. So far about Committees.

Secondly, in the various speeches made on the floor of this House, many honourable Members mentioned about the lapsing of money budgetted for various items of public works. The main fault is not with the Sub-Division Officer, but with the Department. We will realise that the Department, like many other Departments, is highly centralised. So long as the Department is centralised, whatever may be the diligence and care taken by the Sub-Division Officer or the Chief Engineer, at the close of the financial year a certain amount, will be found lapsed.

Therefore steps may be taken to avoid that. If the getting of administrative sanction is given up most of the works will be implemented as early as possible and at the close of the financial year no amount will lapse. So decentralise the Department and let the Chief Engineer be asked to share his powers as an old father with his sons—the divisional Engineers.

Now a word about the Grow More Food Campaign. Even in the field of Grow More Food Campaign, lots of money seems to have been lapsed. Mr. K. A. Mathew has explained the whole thing. Thiruvalla is no exception. So far as the Trichur and Mukundapuram Taluks are also concerned, ever so many proposals are lying idle. It is never the fault ot the Sub-Division Officer. There also you will find that even the proposals under the Grow More Food Campaign are being taken up by the ordinary P. W. D. Most of the major or all the minor irrigation works are being taken up by the P. W. D. Government must appoint several Engineers, specially and exclusively to look into the Grow More Food Campaign for the hands of P. W. D. are full with other ordinary works.

Now another word about the budgeting system of works. This House knows that unfortunately the practice of the budgetting of works in Travancore area is a little different from the practice in Cochin. That is, in Cochin as far as possible full and major allotments will be budgeted for all works included in the Budget. If you look into the Travancore Budget before integration you can find very meagre allotments are made for certain very costly works. For example for a bridge or for a road costing Rs. 50,000 a glorious allotment of Rs. 1,000 or even less costing two crores of Rupees here the practice was to put Rs. 5,000. Thus at the end of the year certain amounts will have to be necessarily lapsed and then it will be diverted to some other work. On the one side lapse of money and on another side diversion of funds. But if you look into this year's budget you will find that full amounts are allotted for works and thus Cochin practice is being introduced here.

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): സർ, ഈ ഗ്രാമീണജീവിതത്തേയും പട്ടണജീവിതത്തേയും ഒരുപോലെ ബാധിക്കുന്ന ഏററവും പ്രധാനപ്പെട്ട ഒരു സംഗതിയായതുകൊണ്ടാണ് ഈ സിവിൽവർക്കിനെ സംബന്ധിച്ച് ഇത്രവളരെ ആവേശഭരിതമായ നിവേദനങ്ങൾ ബഹുമാനപ്പെട്ട മെമ്പറന്മാരിൽനിന്നും ഉണ്ടായതെന്നു ഞാൻ വിചാരിക്കുന്നു. കൃഷിക്കാരായ ചില്ലറക്കാർക്കും വലിയ വ്യവസായികൾക്കും വ്യാപാരികൾക്കും കച്ചവടക്കാർക്കും അവരുടെ പ്രവർത്തനങ്ങൾ സൗകര്യപ്രദമായ വിധത്തിൽ നടത്തിക്കൊണ്ടുപോകുന്നതിനത്യാവശ്യമായ ഗതാഗത സൗകര്യങ്ങൾ ഉണ്ടാക്കികൊടുക്കേണ്ടതാണ്. മാത്രമല്ല, ധനവാന്മാരെന്നോ, ദരിദ്രന്മാരെന്നോ നോക്കാതെ എല്ലാവർക്കും ആവശ്യം വേണ്ടതായ കാര്യങ്ങളായതുകൊണ്ട് ഈ സഭയിൽ പ്രാധിനിധ്യപരമായി ഓരോ സ്ഥലത്തേയും ആവശ്യങ്ങളെ സംബന്ധിച്ചും പ്രത്യേകിച്ചു ഡിപ്പാർട്ടുമെണ്ടിനെ സംബന്ധിച്ചും ചെയ്തിട്ടുള്ള നിരൂപണങ്ങൾ വളരെ ശ്രദ്ധയോടുകൂടി ഞാൻ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ഈ ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനം സംബന്ധിച്ചു ഗവമ്മെൻറിൽനിന്നും ഇതിലേക്കനുവദിക്കാവുന്ന തുകകൾ അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. അതുപയോഗിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനു ലാഘവമുണ്ടാകണമെന്നു കരുതിയും പ്രാദേശികമായ ആവശ്യങ്ങൾ മുഴുവൻ കഴിവുള്ളിടത്തോളം നിറവേററണമെന്നും ഉദ്ദേശം ഉണ്ടായിരുന്നതുകൊണ്ടുമാണ് എല്ലാ സ്ഥലത്തും താലൂക്ക പ്രതിനിധികൾ അടങ്ങിയ വർക്ക്സ് കമ്മററികൾ രൂപീകരിച്ചത്. അതാതുസ്ഥലത്തെ സകല ആവശ്യങ്ങളേയും നോക്കി അവിടെ പ്രാധാന്യം

[Sri. C. Kesavan]

കൊടുക്കേണ്ടതായ പണികൾ ഏതാണെന്നു നോക്കി പ്രാധാന്യം കൊടുത്തു അതിന്റെ മുറപ്രകാരം റിപ്പോർട്ട് ചെയ്താൽ അവ സെൻട്രൽ കമ്മററിയിൽവച്ച് അതിന്റെ പ്രാധാന്യമനുസരിച്ചു മററു കാര്യങ്ങളേയും പരിഗണിച്ചു മൊത്തത്തിൽ ഒരു ലിസ്ററുണ്ടാക്കി അനുവദിക്കാൻ ഇടയുള്ളിടത്തോളം തുക ഉപയോഗിച്ച് പ്രവർത്തനം നടത്താൻ മാത്രമേ സാധിക്കയുള്ളു. അങ്ങിനെ വർക്സ് കമ്മററിയുടെ ശുപാർശയനുസരിച്ചു ജോലി നടത്തിക്കൊണ്ടിരിക്കയുമാണ്. കഴിഞ്ഞകൊല്ലത്തിലും അങ്ങിനെ വർക്സ് കമ്മററിയുടെ നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. രണ്ടോ മൂന്നോ താലൂക്കുകളിൽ നിന്നും നിർദ്ദേശം അയച്ചിട്ടില്ലാ എന്നും അറിയുവാനിടയായി. എങ്കിലും ഇതുവരെ മിക്ക താലൂക്കുകളിൽനിന്നും വന്നിട്ടുള്ള വർക്സ് കമ്മററികളുടെ നിർദ്ദേശങ്ങളാണു സെൻട്രൽ കമ്മററിക്കു കിട്ടീട്ടുള്ളതു്. സെൻട്രൽ കമ്മററി ഇതിനെ എല്ലാം കൂടി സംയോജിപ്പിച്ച് പ്രധാനമായി എടുക്കാവുന്നവക്ക് പ്രാധാന്യം കൊടുത്തും കുറെയെല്ലാം വിട്ടും കുറേയെല്ലാം സ്വീകരിച്ചും ബഡ്ജററിൽ ഉൾപ്പെടുത്തുന്നതിനായി അയക്കുന്ന ഒരു പതിവാണ് നടന്നുവരുന്നതെന്നു വിശ്വസിക്കുന്നു. ഈ എല്ലാ താലൂക്കുകളിൽ നിന്നും വന്നിട്ടുള്ളതായ ശുപാർശകൾ മുഴുവൻ അംഗീകരിക്കുകയാണെങ്കിൽ ബഹുമാനപ്പെട്ട മെംബർ പറഞ്ഞതുപോലെ അനേകം കോടി ഉറുപ്പിക ഈ കാര്യത്തിനുതന്നെ ഈ ബഡ്ജററിൽ കൊള്ളിക്കേണ്ടതായ ആവശ്യം വരും.

ഇനി ഈ റോഡുകളെ സംബന്ധിച്ചിടത്തോളം അവയെ പ്രധാനപ്പെട്ട റോഡൊന്നും ഗ്രാമീണരുടെ ആവശ്യത്തിലേയ്ക്കുള്ള റയട്ട് റോഡുകൾ എന്നും രണ്ടായി കരുതാവുന്നതാണ്. റയട്ട് റോഡിനെ സംബന്ധിച്ചിടത്തോളം ഇതിനകം ഗവമെണ്ട് ഒരു പരിപാടി ഉണ്ടാക്കീട്ടുണ്ട്. അതിലേയ്ക്ക് ഒരു സ്പെഷ്യൽ ഡിവിഷനെതന്നെ നിയമിച്ചിട്ടുണ്ട്. ഈ ഡിവിഷന്റെ നേതൃത്വത്തിൽ വില്ലേജുകളുടെ ആവശ്യത്തിനു വില്ലേജുകളിലെ റയട്ട്സ് തന്നെ സ്ഥലംഎടുത്തു റോഡു വെട്ടി ഗവമെണ്ടിലേക്കു് കൊടുത്തിട്ടുള്ളതിനേയും അല്ലാതുള്ള വില്ലേജുറോഡുകളേയും ഗവമെണ്ട് ഏറെറടുക്കുന്നതിനെ സംബന്ധിച്ചും എല്ലാംകൂടി കണക്കെടുത്തു അതിൽ അത്യാവശ്യമുള്ളതു് ആദ്യമെ പരിഗണനയ്ക്കെടുക്കുന്നതിനും മററുമായി ഒരു സ്കീംതന്നെ തയാറാക്കിവരികയാണ്. അതിന്റെ പ്രവർത്തനം കഴിഞ്ഞ മൂന്നുമാസംമുമ്പുതന്നെ ആരംഭിച്ചതാണ്. ഇതിനു മുമ്പുണ്ടായിരുന്ന അസംബ്ലിയിൽ നാലു ലക്ഷം രൂപാ അതിലേയ്ക്കനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ നാലുലക്ഷം രൂപാകൊണ്ട് ഒരു പ്ലാൻ തയാറാക്കി ഈ ജോലികൾ ആരംഭിക്കാൻ കുറെ സമയം എടുത്തു. ഇതുവരെ ഇതിലേക്കു് ഏകദേശം ഒരു ലക്ഷത്തിനുമേൽ രൂപാ ചെലവാക്കീട്ടുണ്ട്. കുറെ രൂപാ കൂടി മാർച്ച് ൩൧-ാം തീയതിക്കകം ചെലവാകും. ബാക്കി സംഖ്യ ഒരു ഫണ്ടിംഗ് അക്കൌണ്ട് ആയതു കൊണ്ട് വില്ലേജ്റോഡുകളുടെ ഉപയോഗത്തിനായി ചെലവാക്കുന്നതാണ്. അടുത്ത കൊല്ലത്തേയ്ക്ക് പത്തുലക്ഷം രൂപാ കൂടി കൊള്ളിച്ചിട്ടുണ്ട്. ഇങ്ങനെ പത്തുലക്ഷമോ ധനസ്ഥിതി അനുസരിച്ചോ അല്ലെങ്കിൽ അഞ്ചുകൊല്ലംകൊണ്ടോ പരമാവധി പത്തുകൊല്ലംകൊണ്ടോ തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തെ റയട്ട്സ് റോഡുകൾ മുഴുവൻതന്നെ പരിപൂർണ്ണമാകുമെന്നാശിക്കാവുന്ന വിധത്തിൽതന്നെ വിജയകരമായി ചെയ്തുതീർക്കാൻ കഴിയുമെന്നാണ് ഗവമെണ്ടിന്റെ ബലമായ വിശ്വാസം. ഇതാണ് ഈ ഡിപ്പാർട്ടുമെണ്ടു പ്രവർത്തനങ്ങളെപ്പററി എനിക്കു പറയാനുള്ളതു്.

ഇനി ഒരു സംഗതി അധികാരം സെൻട്രലൈസ് ചെയ്തിരിക്കുന്നതിനെക്കുറിച്ചാണ്. ഇന്ന് അധികാരം സെൻട്രലൈസ് ചെയ്തിരിക്കുന്നതുകൊണ്ട് പ്രവർത്തനങ്ങൾക്ക് കുറെ വൈഷമ്യങ്ങൾ ഉണ്ടെന്നുമറിയാം. ഏതുകാര്യത്തിനും സെൻട്രലിൽനിന്നും നിർദ്ദേശം വരണമെന്നു പറയുന്നതു് ഒരു തടസ്സമാണ്. എന്നാൽ അങ്ങിനെയുള്ള തടസ്സങ്ങൾ ഇപ്പോൾ ഗവൺമെണ്ട് മനസ്സിലാക്കിയതിന്റെ ഫലമായി രണ്ടു സൂപ്രണ്ടിംഗ് എൻജിനീയറന്മാരെ തിരുവിതാംകൂർ കൊച്ചിൻ ഏരിയായ്ക്കു മുഴുവനുമായി നിയമിച്ചിട്ടുണ്ട്.

ശ്രീ. കളത്തിൽ വേലായുധൻനായർ: ഈ രണ്ടു സൂപ്രണ്ടിംഗ് എൻജിനീയറന്മാരുടേയും ആഫീസ് തിരുവനന്തപുരത്തുതന്നെയാണോ ഇട്ടിരിക്കുന്നതു്?

Sri. C. Kesavan: I am going to say that.

ഇപ്പോൾ അവർ രണ്ടുപേരും തിരുവനന്തപുരത്തുതന്നെ താമസിച്ചു ജോലി ചെയ്തുവരികയാണ്. അവർ ചെയ്യേണ്ടതായ ജോലി മുഴുവൻ ക്രോഡീകരിച്ചതിനുശേഷം അവരെ ഉടനെതന്നെ ആലുവായിലും തിരുവനന്തപുരത്തും കൂടുതൽ അധികാരങ്ങളോടും അതായതു്, ഒരു ലക്ഷം രൂപാവരെ അനുവദിക്കുന്നതിനുള്ള അധികാരം അവരുടെ ചുമതലയിലാക്കാനും പോവുകയാണ്. അവർ പോയി എന്നല്ല ഞാൻ പറഞ്ഞതു്, അതുകൊണ്ടു് ഡീസെൻട്രലൈസേഷൻ ഉള്ള നടപടികൾ എടുത്തു കഴിഞ്ഞിട്ടുണ്ട്. അവർക്ക് വളരെ കൂടുതൽ അധികാരങ്ങൾ കൊടുക്കുന്നതുകൂടാതെ പണം വിനിയോഗിക്കുന്നതിനുള്ള അധികാരവും കൊടുത്തിട്ടുണ്ട്. ഇതിനു മുമ്പ് പതിനായിരം രൂപാവരെയുള്ള സംഖ്യ ചെലവു ചെയ്യുന്നതിനുള്ള അധികാരം മാത്രമാണ് ഉണ്ടായിരുന്നതു്. അതിനു മുകളിലുള്ള തുകകൾക്ക് ചീഫ് എൻജിനീയരുടെ അനുവാദം ആവശ്യമാണ്. അതു പോരെന്നു വിചാരിച്ചാണ് ഇപ്പോൾ സൂപ്രണ്ടിംഗ് എൻജിനീയറന്മാരെ നിയമിച്ചു് അവർക്ക് ഓരോരുത്തർക്കും ഒരുലക്ഷം രൂപാവരെ മുൻ അനുവാദം കൂടാതെ ഉപയോഗിക്കുന്നതിനുള്ള അധികാരം ഇപ്പോൾ കൊടുത്തിട്ടുള്ളതു്. ഇങ്ങനെ ഡീസെൻട്രലൈസ് ചെയ്യുന്നതിനുള്ള നടപടികൾ ഗവൺമെണ്ട് തുടങ്ങിയിട്ടുണ്ടെന്നു ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കുവാൻ ഞാനാഗ്രഹിക്കുന്നു.

ശ്രീ. കെ. എ. മാത്യു: എസ്റ്റിമേറ്റ് തയാറാക്കാൻ അവർക്ക് അധികാരമുണ്ടോ?

ശ്രീ. സി. കേശവൻ: അവർക്ക് അധികാരം ഉണ്ട്.

ശ്രീ. കെ. എ. മാത്യു: സാധാരണയായി എസ്റ്റിമേറ്റ് തയാറാക്കുന്നതിലേയ്ക്കു് ചീഫ് എൻജിനീയറാഫീസിലേയ്ക്കു് അയക്കുന്നതു് ഒരു പതിവായിത്തീർന്നിട്ടുണ്ട്. അതു കൂടാതെ വർക്സ് ഉടനടി തുടങ്ങിയാൽ സൗകര്യമായിരിക്കും.

ശ്രീ. സി. കേശവൻ: അതു നിങ്ങൾ പറയുന്നതു്, കാളയെ വണ്ടിയുടെ പുറകിൽ കെട്ടിയതുപോലെയാണ്. അവർക്കുതന്നെ എസ്റ്റിമേറ്റ് തയാറാക്കുന്നതിനും പണം ചെലവാക്കുന്നതിനും അധികാരം ഉണ്ടെന്നു ഞാൻ പറഞ്ഞുകഴിഞ്ഞതാണ്. അതു മനസ്സിലാക്കിയില്ല. അതിലേയ്ക്കു് ഒരു പരിപാടി രൂപീകരിച്ചുകഴിഞ്ഞു. അതിനാളുകളെ നിയമിച്ചുകഴിഞ്ഞു. ആകെപ്പാടെ ചീഫ് എൻജിനീയറുടെ ജോലി ലഘൂകരിക്കുന്നതിനും കാര്യക്ഷമമായ പ്രവർത്തനത്തിനും വേണ്ടിയാണ് ഒരുലക്ഷം രൂപാവരെയുള്ള പണികൾക്ക് എസ്റ്റിമേറ്റ് തയാറാക്കുന്നതിനും സംഖ്യ ചെലവാക്കുന്നതിനുള്ള അധികാരം സൂപ്രണ്ടിംഗ് എൻജിനീയറന്മാർക്ക് കൊടുത്തിരിക്കുന്നതു്. അതിൽ കൂടുതലായിട്ടുള്ള തുകകൾക്ക് ചീഫ് എൻജിനീയരുടെ സാങ്ഷൻ വരേണ്ടതായിട്ടുണ്ട്.

[Sri C. Kesavan]

പണം അത്രയും പഴയ തിരുവിതാംകൂർ വിഭാഗത്തേക്ക് ചിലവാക്കികളയുന്നു എന്നും കൊച്ചി വിഭാഗത്തെ പുറംതള്ളിയിരിക്കുന്നു എന്നുമാണ് ശ്രീ. ഇയ്യുവിനെപ്പോലെയുള്ള ആളുകളുടെ പരാതി.

ശ്രീ. സി. വി. ഇയ്യു: ഫെഡറൽ ഫിനാൻഷ്യൽ ഇൻറഗ്രേഷൻ കഴിഞ്ഞതിനുശേഷം കൊച്ചിയിൽനിന്നും തിരുവിതാംകൂറിൽനിന്നും പിരിക്കുന്നതായ നികുതികൾ താരതമ്യപ്പെടുത്തിനോക്കിയാൽ കൊച്ചിയിൽനിന്നും കിട്ടുന്നതിൻെറ ഇരട്ടി മാത്രമേ തിരുവിതാംകൂറിൽനിന്നും കിട്ടുന്നുള്ളു എന്നു കാണാൻ കഴിയും. അതുകൊണ്ട് അഞ്ചിൽ ഒന്നോ, നാലിൽ ഒന്നോ, ചിലവാക്കിയാൽ പോരാ, കുറഞ്ഞതു മൂന്നിലൊന്നെങ്കിലും പഴയ കൊച്ചി വിഭാഗത്തിനുവേണ്ടി ചിലവിടണമെന്നാണ് ഞാൻ പറയുന്നതു്. ഞങ്ങളുടെ റവന്യൂവിൽനിന്നും പലതിനും അനാവശ്യമായി പണം ചിലവാക്കുന്നുണ്ട്. ദേവസ്വംബോർഡിനു് ൩൨ ലക്ഷം രൂപ കൊടുക്കണം. അതിൽ ൨൭ ലക്ഷം ഞങ്ങളാണ് കൊടുക്കേണ്ടിയിരിക്കുന്നതു്. ഞങ്ങളുടെ പൂർവ്വികന്മാരാരും ചെയ്ത കാര്യത്തിനുവേണ്ടിയല്ല ഈ ൨൭ ലക്ഷം ഞങ്ങൾ കൊടുക്കുന്നതു്. അതിനൊന്നും ഞങ്ങളല്ല ഉത്തരവാദികൾ.

ശ്രീ. സി. കേശവൻ: ഏതായാലും എൻെറ സ്നേഹിതനു് വളരെ തെററു പററിയിരിക്കുകയാണെന്നാണ് എനിക്കു് പറയുവാനുള്ളതു്. മൂന്നിലൊന്നുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ തൃപ്തിപ്പെടുമെങ്കിൽ തരക്കേടില്ലായിരുന്നു. പി. ഡബ്ലിയു. ഡി. യെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ എല്ലായിനങ്ങളിലുമായി ൮൫൨ ലക്ഷം രൂപ ചിലവാക്കുന്നതിൽ—

ശ്രീ. സി. വി. ഇയ്യു: ഞാൻ പറഞ്ഞതു് അതിനെപ്പററിയല്ല. കൊച്ചിയിലെ റവന്യൂ—

Mr. Deputy Speaker: Another question is pending.

Sri. C. Kesavan: Sir, I am not yielding.

എല്ലാ ഇനങ്ങളിലുമായി ആകെ ൮,൫൨,൦൦,൦൦൦ രൂപ ചിലവാക്കുന്നതിൽ ഉദ്യോഗസ്ഥന്മാരുടെ ശമ്പളമായും മററും പോകുന്നതു കഴിച്ചാൽ ഉണ്ടാകുന്ന തുകയിൽ മൂന്നിലൊന്നു മാത്രമല്ല, ഏകദേശം ൪൦ ശതമാനത്തോളംതന്നെ കൊച്ചി വിഭാഗത്തിനുവേണ്ടി വിനിയോഗിക്കുന്നുണ്ട്. അതാണ് ഈ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചിടത്തോളമുള്ള പരമാർത്ഥം. മററു ഡിപ്പാർട്ടുമെണ്ടുകൾ ഇപ്പോൾ ഇവിടെ വ്യവഹാരവിഷയമല്ല.

ശ്രീ. സബാസ്റ്റ്യൻതോപ്പിൽ: പഴയ കൊച്ചിവിഭാഗത്തെപ്പററി മാത്രം പറയുകയാണോ? പുതിയ തൃശ്ശൂർ സിസ്റ്റ്രിക്ടിനെ ഒന്നാകെ ചേർത്തു പറയുകയാണോ?

ശ്രീ. സി. കേശവൻ: യാതൊരടിസ്ഥാനവുമില്ലാത്ത ഒരു പരാതിയാണിതെന്നും വെറുതെ ഒരു ഭ്രാന്താവേശംകൊണ്ടുമാത്രം ഇങ്ങനെ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുകയാണെന്നും മാത്രമേ എനിക്കു് ഇതിനു മറുപടിയായി പറയുവാനുള്ളൂ.

തുകകൾ ലാപ്സായിപ്പോകുന്നു എന്നൊരു പരാതിയുണ്ട്. മുൻ കാലങ്ങളിൽ ഇതു വളരെ കൂടുതലായി നടന്നുകൊണ്ടിരുന്ന ഒരു സംഗതിയാണെങ്കിലും, കഴിഞ്ഞകൊല്ലം ഡിപ്പാർട്ടുമെണ്ടിൻെറ ചാർജ്ജു വഹിച്ചിരുന്ന ബഹുമാനപ്പെട്ട മന്ത്രിയും ചീഫ് ഇഞ്ചിനീയരും നേരിട്ടുതന്നെ പണികൾ നടക്കുന്ന എല്ലാ

സ്ഥലങ്ങളിലുംപോയി പരിശോധനകൾനടത്തി പ്രവത്തനം ധ്രുതഗതിയിൽ നടത്തുന്നതിനു പ്രത്യേകം ശ്രദ്ധിച്ചിരുന്നതുകൊണ്ടു് മാച്ച് 31-ാംതക്കകം തന്നെ അനുവദിച്ചിട്ടുള്ള തുകകൾ മിക്കവാറും ചിലവാക്കാൻ കഴിയുമെന്നും, അവയെല്ലാം പണികൾ നടന്നിട്ടുണ്ടെന്നുമാണു് എനിക്കു് ബഹുമാനപ്പെട്ട സഭയെ അറിയിക്കുവാനുള്ളതു്. അതുകൊണ്ടു് ലാപ്സായിപ്പോകുന്നു എന്നുള്ള പരാതിക്കു് ഇപ്പോൾ വലിയ അടിസ്ഥാനമില്ല.

പിന്നെ ഡിപ്പാർട്ടുമെൻറിലെ അഴിമതികളെപ്പററിയുള്ള പരാതികളാണു്. അഴിമതി എല്ലാ ഡിപ്പാർട്ടുമെൻറിലും ഉണ്ടു്. പി. ഡബ്ല്യു. സി. യിൽ പ്രത്യേകിച്ചും അതിനു സൌകര്യമുള്ളതുകൊണ്ടു് വളരെ കൂടുതൽ അഴിമതിയുണ്ടു് എന്നെല്ലാവരും പറയുന്നുണ്ടു്. കുറെ ഒക്കെ ശരിയുമായിരിക്കാം. അതിനെ തടയാൻ ശ്രമിക്കുക എന്നല്ലാതെ മറെറന്തെങ്കിലും പറഞ്ഞതുകൊണ്ടു് പ്രയോജനമില്ല. ബോദ്ധ്യമുള്ള കാര്യങ്ങളിൽ സംഗതിയുടെ ശരിയായ വിവരം അന്യാപദേശരൂപത്തിലൊന്നും പറയാതെ ഞങ്ങളെപ്പോലെ നേരെ അറിയിക്കുകയാണെങ്കിൽ........

ശ്രീ. സി. വി. ഇയ്യു: ഞങ്ങളെപ്പോലെ എന്നു പറഞ്ഞാൽ അതു പെണ്ണുങ്ങൾക്കു് ആക്ഷേപകരമാണു്.

ശ്രീ. സി. കേശവൻ: എന്നാൽ ആ വാക്കു് ഞാൻ പിൻവലിച്ചേക്കാം. പൗരുഷത്തോടുകൂടി ശരിയായ വിവരങ്ങൾ തരികയാണെങ്കിൽ കുററക്കാർക്കു് പരമാവധി ശിക്ഷകൊടുത്തു് ഡിപ്പാർട്ടുമെൻറിലെ അഴിമതിയെ തടയാൻ സാധിക്കുമോ എന്നു് ഗവമ്മെണ്ടു് ഒന്നു ശ്രമിച്ചുനോക്കാം. ഇതിൽ കൂടുതലായി എനിക്കു അതിനെപ്പററി ഒന്നും പറയാനില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: ശരിയായ വിവരം അറിയിക്കുക എന്നു പറഞ്ഞാൽ അതെപ്പോഴും സാദ്ധ്യമല്ല. കൈക്കൂലി വാങ്ങുന്നവർ അത്ര മഠയന്മാരൊന്നുമല്ല. ചില പരിതസ്ഥിതികളിൽ ചിലർ കൈക്കൂലി വാങ്ങിയിട്ടുണ്ടെന്നു ബലമായ സംശയം ഉണ്ടായാൽ പരാതിപ്പെടാമെന്നല്ലാതെ ആക്ഷം പോയി തെളിവെടുക്കത്തക്കവണ്ണം അത്ര ബുദ്ധിയില്ലാത്തവരല്ല കൈക്കൂലി വാങ്ങുന്നതു്. അങ്ങിനെ ബലമായി സംശയമുണ്ടായ ചില കേസുകളിൽ ഞങ്ങളെപ്പോലെതന്നെ ഞാൻ പരാതി എഴുതി കൊടുത്തിട്ടുണ്ടു്. എന്നിട്ടെന്തുചെയ്തു എന്നു ഞാൻ ചോദിക്കുന്നു. ഒടുവിൽ എഴുതിക്കൊടുത്തവൻ മഠയനാകുക എന്നുള്ളതാണു് ഇവിടത്തെ ഏർപ്പാടു്.

ശ്രീ. സി. കേശവൻ: എഴുതിക്കൊടുത്തു എന്നുള്ളതുകൊണ്ടു് മാത്രം ആരെയെങ്കിലും ശിക്ഷിക്കണമെന്നില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ: ശിക്ഷിക്കണമെന്നില്ലെങ്കിലും അതിനെപ്പററി അന്വേഷിച്ചിട്ടു് ഫലം എന്തായി എന്നെങ്കിലും അറിയിക്കേണ്ടതു ഒരു മര്യാദയാണു്.

Sri. C. Kesavan: I am not going to answer his question.

റോഡുകളുടെ ഉപരിതലം ശരിയായി വൃത്തിയാക്കിയിട്ടില്ലെന്നുള്ളതിനെപ്പററി ധാരാളം പരാതികൾ ഉണ്ടായിട്ടുണ്ടു്. തിരു-കൊച്ചിയിലെ സകല റോഡുകളും ഒരു കൊല്ലംകൊണ്ടോ രണ്ടുകൊല്ലംകൊണ്ടോ ടാർചെയ്തോ, കാൺക്രീററിട്ടോ പൊടിയില്ലാതാക്കുന്നതിനു ശ്രമിക്കുകയാണെങ്കിൽ അനേകകോടി രൂപ പെട്ടെന്നു അതിലേക്കു ചിലവാക്കേണ്ടിവരും. അതു ഉടൻതന്നെ സാധി

[Sri. C. Kesavan]

ക്കാത്ത ഒരു കാര്യമായതുകൊണ്ടു് അതിലേക്കു് ഒരു പദ്ധതി അനുസരിച്ചു് ഒരു തുക പ്രത്യേക ഫണ്ടെന്ന നിലയിൽ നീക്കിവെച്ചു് പണി നടത്തണമെന്നാണു് ഗവമ്മെൻറു് ഉദ്ദേശിക്കുന്നതു്. ൧൮ ലക്ഷം രൂപ അടുത്ത കൊല്ലത്തെ ബഡ്ജററിൽ ഇതിനുവേണ്ടി കൊള്ളിച്ചിട്ടുണ്ടു്. ചെങ്ങന്നൂർ—ഏററുമാനൂർ റോഡിൽ ഇപ്പോൾതന്നെ പണി നടന്നുകൊണ്ടിരിക്കുകയാണു്. ചെങ്ങന്നൂർ മുതൽ ആലുവാവരെയുള്ള റോഡിലും ഉടനെ പണി ആരംഭിക്കണമെന്നു് ഗവമ്മെൻറു് ഉദ്ദേശിക്കുന്നുണ്ടു്. കടലോരറോഡുകളെപ്പററി പറയുകയാണെങ്കിൽ. അതു ഹൈവേസിലുൾപ്പെടുത്തി മെയിൻറനൻസുപോലും ഇൻഡ്യാഗവമ്മെൻറു് ഏറെറടുത്തിരിക്കുന്ന സ്ഥിതിക്കു് നമ്മുടെ റവന്യൂ ഉപയോഗിച്ചു് അതു നന്നാക്കുന്നതിനോ കാൺക്രീററു ചെയ്യുന്നതിനോ സാദ്ധ്യമല്ല. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പട്ടണങ്ങൾപോലെയുള്ള സ്ഥലങ്ങളിൽ മാത്രം പൊടിശല്യം ഇല്ലാതാക്കുന്നതിനു് എന്തെങ്കിലും ചെയ്യാൻ സാധിക്കുമെങ്കിൽ അതു ചെയ്യാൻ നോക്കാമെന്നല്ലാതെ മററു യാതൊരു പണികളും അവിടെ ചെയ്യുവാൻ നമുക്കു് സാദ്ധ്യമല്ല. ഇൻഡ്യാ ഗവമ്മെൻറിൽനിന്നും അനുവദിച്ചിട്ടുള്ള മൈലിനു ൩,൦൦൦ ഉറുപ്പിക എന്ന കണക്കിനുള്ള തുകകൊണ്ടും മുനിസിപ്പാലിററികളെക്കൊണ്ടു് എന്തെങ്കിലും ചിലവഴിക്കുവാൻ സാധിക്കുമെങ്കിൽ അങ്ങിനെ കിട്ടുന്ന തുകകൊണ്ടും നിവൃത്തിയുള്ളിടത്തോളം ഈ റോഡുകൾ ശരിപ്പെടുത്താൻ നോക്കാമെന്നല്ലാതെ മറെറാന്നും സാദ്ധ്യമല്ല. മുനിസിപ്പാലിററികളിൽനിന്നും ഭാഗികമായി പണം ചിലവാക്കി റോഡുകൾ നന്നാക്കുന്ന ഒരു പദ്ധതി ഇപ്പോൾതന്നെ നിലവിലുണ്ടു്.

ബഹുമാനപ്പെട്ട മെമ്പറന്മാർ പറഞ്ഞ സംഗതികളുടെയെല്ലാം ഒരു പട്ടിക തയ്യാറാക്കി ഒന്നൊന്നായി മറുപടിപറയുവാൻ സാദ്ധ്യമല്ലെങ്കിലും പൊതുവിൽ ചില കാര്യങ്ങൾക്കു് മറുപടി പറയുവാൻ ശ്രമിക്കുകയാണു് ഞാൻ ചെയ്യുന്നതു്. ഇനി പ്രാദേശികമായ ആവശ്യങ്ങളെ സംബന്ധിച്ചു് ചില കാര്യങ്ങൾകൂടി ബഹുമാനപ്പെട്ട സഭയുടെ അറിവിനായി പ്രസ്താവിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളാം. ചേർത്തല—അമ്പലപ്പുഴ റോഡ് പൂർത്തിയാക്കുന്നതിനു് യാതൊന്നും ചെയ്യുന്നില്ലെന്നാണു് ശ്രീ. ഈപ്പൻ അറയ്ക്കലിൻെറ പരാതി. അറത്തുങ്കൽ—മാരാരിക്കുളം റോഡിൽ ഒരു പാലത്തിൻെറ ആവശ്യം വന്നതുകൊണ്ടാണു് ആ റോഡിൻെറ പണി പൂർത്തിയാകാതെ കിടക്കുന്നതു്. അതിനു അടുത്ത കൊല്ലത്തിൽതന്നെ അനുവദിക്കാവുന്നിടത്തോളം തുക അനുവദിച്ചു പണിതീർക്കാൻ ശ്രമിക്കണമെന്നാണു് ഗവമ്മെൻറിൻെറ ആഗ്രഹം. ആലപ്പുഴ യാതൊരു റോഡും ടാർചെയ്തിട്ടില്ലെന്നും, റോഡുകളെ സംബന്ധിച്ചിടത്തോളം പൊതുവായി ഒന്നുംതന്നെ ചെയ്തിട്ടില്ലെന്നുമാണു് മറെറാരു പരാതി.

Sri. A. Thanu Pillai: Sir, the allotted time is over.

Mr. Deputy Speaker: Five minutes more.

Sri. C. Kesavan: I wanted to go into details, but there is no time.

ആലപ്പുഴെ അഞ്ചുമൈലോളം ഇതിനകം ടാർ ചെയ്തിട്ടുണ്ടു്. പൊടിശല്യമില്ലാത്ത റോഡുകൾ ഉണ്ടാക്കുന്നതിനായി ൫൦,൦൦൦ രൂപ ബഡ്ജററിൽ നീക്കിവച്ചിട്ടുമുണ്ടു്.

ചേർത്തല തോടിനെ സംബന്ധിച്ചും പരാതികളുണ്ടു്. ഇന്നുതന്നെ എനിക്കു ഒരു നിവേദനം കിട്ടിയിട്ടുണ്ടു്. ആ തോടു് കഴിയുന്നത്ര വേഗത്തിൽ നിവൃത്തിയുണ്ടെങ്കിൽ മററു സ്ഥലങ്ങളിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഒന്നോ രണ്ടോ ഡ്രഡ്ജറുകൾ ആ ജോലികൾ നിറുത്തിവച്ചിട്ടു് ഇവിടത്തേക്കു കൊണ്ടുവന്നു പണി

നടത്തുവാൻ ഏർപ്പാട് ചെയ്യണമെന്നാണ് ഉദ്ദേശിക്കുന്നതു്. വർഷകാലത്തുണ്ടാകുന്ന വെള്ളപ്പൊക്കത്തിന്റെ വൈഷമ്യങ്ങൾക്കു വിധേയമായി ചെയ്യാവുന്നിടത്തോളമുള്ള പണി എത്രയും വേഗത്തിൽ നടത്താൻതന്നെയാണ് ഗവമ്മെണ്ടു് ഉദ്ദേശിച്ചിരിക്കുന്നതു്.

റോഡരുകിലുള്ള ചോലമരങ്ങളെപ്പററി എന്റെ സ്നേഹിതൻ ശ്രീ. ബാലകൃഷ്ണൻതമ്പിയുടെ പ്രസംഗത്തിൽ ഒരു നിർദ്ദേശംകണ്ടു. ചോലമരങ്ങൾ പലതും ഇന്നു് ദ്രവിച്ചുതുടങ്ങിയ ഒരവസ്ഥയിൽ എത്തിയിട്ടുണ്ടു്. പ്ലാവു്, മാവു്, മരുതു്, തേമ്പാവു് ഇങ്ങനെയുള്ള ചോലമരങ്ങൾ പല സ്ഥലങ്ങളിലും വളരെ കാലപ്പഴക്കംകൊണ്ടു് ദ്രവിച്ചുതുടങ്ങിയിട്ടുണ്ടെന്നുള്ളതു പരമാത്ഥമാണു്. അതു ലേലം ചെയ്തുകൊടുത്താൽ നല്ലവില കിട്ടുന്നതുമാണു്. അങ്ങിനെയുള്ള വൃക്ഷങ്ങൾ ലേലംചെയ്തുകൊടുത്തു് റോഡിന്റെ ആവശ്യത്തിനായി ഉപയോഗിക്കാമോയെന്നുള്ള കാര്യം ഗവമ്മെണ്ടു് ആലോചിക്കുന്നതാണു്. അതിനെസംബന്ധിച്ചു് യാതൊരു പ്രതിജ്ഞയും ഇപ്പോൾ ചെയ്യാൻ സാദ്ധ്യമല്ലെങ്കിലും അതു് ആലോചനാവിഷയമാക്കാവുന്നതാണു്.

മണ്ഡപത്തുംകടവു പാലത്തെ സംബന്ധിച്ചു് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എൻ. കെ. കൃഷ്ണപിള്ള വളരെ ആവേശത്തോടുകൂടി പറയുകയുണ്ടായി. അതുകൊണ്ടു് അതിനെ സംബന്ധിച്ചുകൂടി ഒരുവാക്കു് പറയണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ആ സ്ഥലത്തു നെയ്യാററിൽ ഒരു അണകെട്ടുന്നതിനുള്ള പദ്ധതി ഗവമ്മെണ്ടു് സ്വീകരിച്ചിട്ടുണ്ടു്. ആ അണയുടെ ഒരംശമെന്നനിലയിൽ ഈ പാലവും പണിയിക്കുന്നതാണെന്നുള്ള വിവരം അദ്ദേഹത്തെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ஸ்ரீ. ஸ்ரீ. வி. தாஸ்: அட்டக்குளம் காலைப்பற்றி மந்திரி அவாகள் என்ன சொல்கிறீர்கள்?

<u>ശ്രീ. സി. കേശവൻ:</u> അതുമാത്രമല്ല, മററപലതും പറയാനുണ്ടു്. സമയമില്ലാത്തതുകൊണ്ടു് പ്രത്യേകം പ്രത്യേകം പറയുവാൻ നിവൃത്തിയില്ല. ഇതെല്ലാം ഗവമ്മെണ്ടു് ശ്രദ്ധിച്ചുകൊള്ളാമെന്നു് പൊതുവെ പറയുകമാത്രമേ നിവൃത്തിയുള്ളൂ. ഈ ഡിമാൻറു് അനുവദിച്ചുതരണമെന്നു് ഞാൻ ഒരിക്കൽകൂടി അപേക്ഷിക്കുന്നു.

<u>ശ്രീ. സി. വി. ഇയ്യു:</u> കൊച്ചിവിഭാഗം എന്നുപറഞ്ഞാൽ ചാലക്കുടിപ്പുഴയുടെ ഇക്കരെമുഴവൻ തിരുവിതാംകൂർ വിഭാഗമായതുകൊണ്ടു് ഇൻഡ്യാ ഗവമ്മെണ്ടിൽനിന്നും തരുന്ന മുഴവൻ തുകയും—

Mr. Deputy Speaker: Now, I put the cut motions to vote.

Cut motion No. 1 Moved by Sri. Eapen Arakkal—"To reduce the allotment of Rs. 30,09,800 for original works—Buildings by—Rs. 5—to point out the need of constructing buildings and housing Government Offices in them thereby to save the large amounts given as rent by the Government.

Sri. Eapen Arakkal: I do not press it.

The motion was, by leave of the House, withdrawn.

Cut motion No. 8 Moved by Sri. A. K. Patchu Pillai—"To reduce the allotment of Rs. 43,40,300 for communications by Rs. 5" was put to vote and lost.

Sri. Kalathil Velayudhan Nayar: I demand a poll.

A poll was taken when the House divided as follows:

Ayes 36.

1. Sri. A. Atchuthan.
2. " P. C. Adichan.
3. " K. Balakrishna Menon
4. " Chellaswami Nadar
5. " A. Chidambaranatha Nadar
6. " N. Daniel Jose
7. " Sree V. Das
8. " A. Easwara Pillai
9. " Elias (Mary Antony).
10. " Gabriel Nadar
11. " P. C. George
12. " D. Gnanasigamoni
13. " E. Gopalakrishna Menon
14. " Kannara Gopala Panicker
15. " M. Govindan
16. " K. K. Kannan
17. " T. Kochukrishna Pillai
18. " Krishna Das
19. " P. K. Krishnan Sastri
20. Sri. N. K. Krishna Pillai
21. " P. K. Kumaran Asari
22. Sahib Bahadur T. A. Moideen Kunju
23. Sri. A. P. Nambiar
24. " P. S. Nataraja Pillai
25. " N. Neelakantaru Pandarathil
26. " Mannathu Padmanabha Pillai
27. " C. C. Prasad
28. " A. K. Patchu Pillai
29. " D. Ponniah
30. " K. Ramakrishnan Achari
31. " Sadasivan
32. " R. Sankar
33. " K. N. Sankunni Pillai
34. " Ponnara G. Sreedhar
35. " A. Thanu Pillai
36. " Kalathil Velayudhan Nayar

Noes 56

1 Sahib Bahadur Abdul Majeed
2 Sri. R. Atchuthan
3 " T. S. Bandu
4 " N. V. Chacko
5 " G. Chandrasekhara Pillai
6 " Cheriyan J. Kappan
7 Dr. M. O. Cheriyan
8 Mrs. Devaki Gopidas
9 Sri. Ambat Eachara Menon
10 " Eapen Arakkal
11 " Gasper D'Silva
12 " A. K. George
13 " P. Gopalan
14 Hon'ble Sri. Panampilli Govinda Menon
15 Sri. A. L. Jacob
16 Hon'ble Sri. A. J. John
17 Sri. Joseph Mathen
18 " Joseph (Thumbasseri)
19 " V. K. Joseph
20 Hon'ble Sri. C. Kesavan
21 Sri. K. K. Kesavan
22 " T. T. Kesavan Sastri
23 " N. S. Kochukunju
24 " P. Kunjukrishnan
25 " Hon'ble Sri. N. Kunjuraman
26 Sri. Mankuzhi M. Madhavan
27 " V. Madhavan
28 Sahib Bahadur P. K. Makkaru Pillai
29 Sri. K. A. Mathew
30 Sahib Bahadur K. C. Mayankutty Mether
31 Sahib Bahadur K. A. Muhammed
32 Sri. P. Nanoo
33 Hon'ble Sri. Parur T. K. Narayana Pillai
34 Sri. G. P. Nilakanta Pillai
35 " M. I. Paul
36 " P. K. Paul
37 " Paul Thaliat
38 " Paulose Pylee
39 " Philipose Muthalaly
40 " K. Ramakrishna Pillai
41 " P. K. Raman
42 " M. Raman Pillai
43 " Pandavathu Sankara Pillai
44 " A. K. Sankunni
45 " T. M. Sannalan
46 " K. Sarangadharan
47 " Sebastian Thoppil
48 " K. Sekhara Panicker
49 " S. Sivaraman Asari
50 " A. P. Sivaramakrishnan
51 " A. M. Thomas
52 " A. P. Udayabhanu
53 " P. M. Varghese
54 " N. P. Varghese
55 " M. Varkey
56 " K. I. Velayudhan

Netural

Sri. C. V. Iyyu

The motion was lost

ஸ்ரீ. ஏ. சிதம்பரநாத நாடார்: கவர்ன்மெண்ட் பாகத்திலிருந்து வோட் செய்த மெம்பர்களில் கொச்சிக்காரர்கள் எத்தனைபேர்கள்? (Laughter.)

Mr. Deputy Speaker: Order, order. I am putting the cut-motions to vote.

Motion No. 16 moved by Sri. K. A. Mathew to reduce the allotment of Rs. 2,98,400 for Original Works, Miscellaneous, by Re. 1, was, by leave, withdrawn.

Motion No. 21 moved by Sri. Paul Thaliath to reduce the allotment of Rs. 2,01,700 for Direction by Re. 1, was by leave, withdrawn.

Motion No. 29 moved by Sri. A. K. Kunjumohideen to reduce the allotment of Rs. 13,600 for pay of establishment, Canal and backwater navigation, Cochin, by Re. 1 was put and lost.

Motion No. 37 moved by Sri. P. S. Nataraja Pillai to reduce the allotment of Rs. 53,14,000 for Establishment by Re. 1 was, by leave, withdrawn.

Motion No. 40 moved by Sri. P. Nanoo to reduce the total allotment of Rs. 2,01,89,200 under Demand XXVII by Re. 1 was, by leave, withdrawn.

The question that Government be granted a sum of Rs. 2,01,89,200 under Demand XXVII—Civil Works—was put and carried.

The demand was passed and the grant was made.

Demand XL—Capital Outlay on Government Trading Schemes

Minister for Education, Food and Labour **(Sri. T. K. NarayanaP illai):**

Sir, I move for a grant of Rs. 2,92,98,400 under Demand XL—Capital Outlay on Government Trading Schemes. A token demand for Rs. 100 is alone moved so that there may be a discussion on the matter.

Chief Minister **(Sri. C. Kesavan):** I second it.

ശ്രീ. കെ. എ. മഹമ്മദ്: സർ, കട്ട്മോഷൻ മൂവ് ചെയ്യുന്നതിനുമുമ്പായി എന്തുകൊണ്ടാണ് ഈ ടോക്കൺ ഗ്രാന്റ മൂവ് ചെയ്തതു് എന്ന് പറഞ്ഞാൽ കൊള്ളാം.

Sri. P. S. Nataraja Pillai: On a point of order, Sir. Before we proceed further, I would like to have a matter clarified. In the demand paper printed and circulated, it is a token demand for Rs. 100. We gave notice on the basis of the figures presented under each head under the Demand in the Budget. For example, take the cut-motion: "To reduce the allotment of Rs. 2,100 for Pay of Assistant Commissioner of Civil Supplies.. ......by Rs. 5". Now, what the Hon'ble Minister has moved is only a token motion for the grant of Rs. 100. Then how can this motion to reduce Rs. 2,100 come in? I don't exactly understand. Is it, in the circumstances, in order to move, after the presentation of the budget, for a token grant? The demand ought to have been included in budget as a token amount and later on, some financial procedure must be adopted to regularise the actual expenditure.

[Sri. P. S. Nataraja Pillai.]

Apart from this, the budget under this head is worked out on some definite basis. "To reduce the allotment of Rs. 6,51,000 for establishment charges by Re. 1". That is another motion. To reduce the allotment of Rs. 25 crores for purchase price and transport charges, that is the next motion. The motions were accepted and printed. The budget did not contain any intimation that the demand was going to be discussed on the basis of a token motion. Now, the Honourable Minister has, all of a sudden, moved for a token grant of Rs. 100. It would have been all right if in the budget, the amount had been included as a token demand. The amount could be found by some financial adjustment. For expenditure for example, the Contingency Fund may be drawn upon or a vote under Debt Head may be made. Some such procedure could be adopted. I want a definite ruling from the chair whether this is in order?

Mr. Deputy Speaker: What does the Hon'ble Finance Minister say?

ശ്രീ. എ. ജെ. ജോൺ. സർ, ബഡ്ജററ് പേജ് ൨൮൩-ൽ ആണ് ഈ ഡിമാൻറിൻെറ വിവരങ്ങൾ എല്ലാം പറഞ്ഞിരിക്കുന്നതു്. എസ്റ്റാബ്ളിഷ്മെൻറ് ചാർജ്ജിനു് ൬,൫൧,൬൦൦ ക.യും വർക്സ് ആൻഡ് മെയിൻറിനൻസിനു് ൫൦,൦൦൦ ക.യും ആണ് പറഞ്ഞിരിക്കുന്നതു്. രണ്ടാമതു് (—) ൨൬,൭൫,൦൦,൦൦൦ ക. എന്നു പറഞ്ഞിരിക്കുന്നതു് അരിയും മററും വിററു കിട്ടുന്ന സംഖ്യയാണ്. അതിൽനിന്നു് അരിയും മററും വാങ്ങുന്നതിനു് ചിലവാകുന്ന ൨൫ കോടി രൂപാ കഴിച്ചാൽ ൧,൬൭,൯൮,൪൦൦ ക. ആണ് ആ ഇനത്തിൽ ബാക്കിയുള്ളതു്. ഓർഡിനറി റവന്യൂവിൽനിന്നു് ഫൈനാൻസ് ചെയ്തിട്ടുള്ള സംഖ്യ ഒരുകോടി ഇരുപത്തിഅഞ്ചു് ലക്ഷം ഉറുപ്പികയാണ്. അവസാനം ഈ രണ്ടിനത്തിലുംകൂടി ഗ്രാൻറ് ടോട്ടൽവരുന്നതു് (—)൨,൯൨,൯൮,൪൦൦ ക. ആണ്. മൈനസിനുവേണ്ടി ബഡ്ജററ് കൊണ്ടുവരുവാൻ സാധിക്കാത്തതുകൊണ്ടാണ് ടോക്കൺമോഷനായി കൊണ്ടുവരുന്നതു്.

Sri. P. S. Nataraja Pillai: On a point of information. On the Establishment side, the establishment charges come to Rs. 6 lakhs odd. Is it not a permanent expenditure? Is it not a charge on the Administration? Can it not be moved? Why should a token grant be moved for?

ശ്രീ. എ. ജെ. ജോൺ: എസ്റ്റാബ്ളിഷ്മെൻറ് ചാർജ്ജസ് പ്രത്യേകമല്ലേ? അതിനു് കട്ട്മോഷൻ മൂവ് ചെയ്യാം. എന്നാൽ ഈ സംഖ്യയ്ക്കു അതായതു് (—) ൨,൯൨,൯൮,൪൦൦ ക.യ്ക്കു് കട്ട്മോഷൻ കൊണ്ടുവരാൻ പാടില്ല. അതുകൊണ്ടാണു് ഒരു ടോക്കൺമോഷൻ കൊണ്ടുവന്നിരിക്കുന്നതു്.

Sri. P. S. Nataraja Pillai: I would like to have a ruling. When a demand of Rs. 6 lakhs odd is charged on the Consolidated Fund and is transferred, can it be done under a token demand for Rs. 100? The permanent establishment charges, which are going to be charged on the Consolidated Fund, is Rs. 6,51,600 vide page 283 and 284 of the budget. Now, can that substantial amount be voted by a motion for a token grant? I want a ruling on it.

ശ്രീ. എ. താണുപിള്ള: അതിനെപ്പററി എനിക്കു് ഒരുവാക്കു് പറയുവാനുണ്ടു്. ഇപ്പോൾ ൧൦൦ ക.യ്ക്കു് ടോക്കൺമോഷൻ കൊണ്ടുവന്നിരിക്കുന്നതു് നമ്മുടെ ഉദ്ദേശത്തിനു തീരെ പററിയതല്ല. എസ്റ്റാബ്ളിഷ്മെൻറിനു് മാത്രം ൬,൫൧,൬൦൦ ക. ഇപ്പോൾ ആവശ്യപ്പെടുന്നു. ബഡ്ജററിൻെറ ൨൮൩-ാം പേജിൽ അതിനെ സംബന്ധിച്ചുള്ള വിവരങ്ങളും കൊടുത്തിട്ടുണ്ടു്. അതിൽ അസിസ്റ്റൻറ് കമ്മീഷണർ ആഫ് സപ്ലൈസ്—സ്റ്റോറേജ് ആൻഡ് മൂവുമെൻറ്.

എന്ന ഒരു ഉദ്യോഗസ്ഥനു് ൨,൫൦൦ ക. കൊള്ളിച്ചിട്ടുണ്ടു്. ഒരു മെമ്പർക്കു് ആ ഉദ്യോഗസ്ഥൻ ആവശ്യമില്ലെന്നു പറഞ്ഞുകൊണ്ടു് ൨,൫൦൦ ക. അതിൽ നിന്നു കുറയ്ക്കണമെന്നു് ഒരു കട്ടു്മോഷൻ കൊണ്ടുവരുവാനും ആ കട്ടു്മോഷൻ പാസ്സാകുകയാണെങ്കിൽ സഭയ്ക്കു് അതു് കുറയ്ക്കുവാനും അവകാശമുണ്ടു്. അതായതു് ൧,൩൫,൦൦൦ ക.യിൽ ഏതെങ്കിലും ഒരു തുക കുറയ്ക്കണമെന്നു് നിയമസഭയ്ക്കു് തീരുമാനിക്കുവാൻ അധികാരമുണ്ടു്. ൫൦൦ ഉറുപ്പികയ്ക്കു് ഒരു ടോക്കൺ ഗ്രാൻറു് ആയാൽ അതു് എങ്ങിനെ ചെയ്യും? അതുകൊണ്ടു് ഈ മാതിരിയുള്ള ഒരു ടോക്കൺമോഷൻ കൊണ്ടുവരുന്നതു് ശരിയല്ല.

ശ്രീ എ. ജെ. ജോൺ: അതു് ൫൦൦ ഉറുപ്പികയുടെ ഒരു ഡിമാൻറല്ല. ൧,൩൫,൦൦൦ ക.യെ സംബന്ധിച്ചിടത്തോളം കട്ടു്മോഷൻ കൊണ്ടുവരാം.

ശ്രീ. എ. താണുപിള്ള: സഭ അനുവദിക്കേണ്ടതായ സംഖ്യ എന്താണു്?

ശ്രീ. എ. ജെ. ജോൺ: ൨,൯൨,൯൭,൪൦൦ ക.യുടെ കണക്കുകളാണു് സഭ സ്വീകരിക്കേണ്ടതു്. മദ്രാസു് ഗവമെണ്ടും ഈ കാര്യത്തിൽ സ്വീകരിച്ചിരിക്കുന്ന വഴിയും ഇതാണു്. മദ്രാസു് ഗവമെണ്ടും സ്വീകരിച്ചിരിക്കുന്ന ബഡ്ജററു് ഹെഡ്ഡു് ഇതുതന്നെയാണു്. കേന്ദ്രഗവമെൻറിൻെറ ബഡ്ജററു് ഹെഡ്ഡു് അനുസരിച്ചാണു് ഈ ഗവമെൻറും ബഡ്ജററു് ഉണ്ടാക്കിയിരിക്കുന്നതു്. അതുകൊണ്ടു് ൫൦൦ ക.യുടെ ഡിമാൻറല്ലാ ഇതുകൊണ്ടു് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. ഇതിനെപ്പററിയുള്ള എല്ലാ കട്ടു്മോഷൻസും ഇവിടെ മൂവു് ചെയ്യാവുന്നതും ചർച്ചകൾ നടത്താവുന്നതുമാണു്.

മി. ഡെപ്യൂട്ടി സ്പീക്കർ: ടോക്കൺ ഡിമാൻറായി ൫൦൦ ക. അവതരിപ്പിച്ചിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ ഡിമാൻറു് അതല്ലാത്തതുകൊണ്ടു് കട്ടു്മോഷൻസു് എല്ലാം ഇവിടെ അവതരിപ്പിക്കാവുന്നതും വാദപ്രതിവാദം ചെയ്യാവുന്നതുമാണു്

ശ്രീ. എ. താണുപിള്ള: ൫൦൦ ക.യുടെ ഡിമാൻറു് അവതരിപ്പിക്കുന്നതിൻെറ ആവശ്യം എന്താണു്?

Sri. P. S. Nataraja Pillai: I would like to know what will be the appropriation—what will be the amount appropriated in the Appropriation Bill from the Consolidated Fund.

ശ്രീ. എ. ജെ. ജോൺ: എസ്റ്റാബ്ലിഷ്മെൻറിനുള്ള ൧,൩൫,൦൦൦ ക. സഭ അനുവദിക്കുന്നില്ലെങ്കിൽ ൨,൯൨,൯൭,൪൦൦ ക.യിൽനിന്നു അതു് കുറയ്ക്കേണ്ടിവരും. അതു കുറച്ചാൽ ആ സംഖ്യ ഏതാണ്ടു് ൨ കോടി ൯൭ ലക്ഷത്തിൽ ചില്വാനം വരും.

Mr. Deputy Speaker: A ruling has already been given on the point. No further question arises.

Sri. D. Gnanasigamoni: Sir, I move—

"To reduce the allotment of Rs. 6,51,600 for establishment charges by Re 1".

My object in tabling a motion of this kind is to discuss the procurement policy of Government. We are now at what is called the levy system of procurement and in my humble opinion this system is hardly distinguishable from the excess basis procurement scheme which has been given the go-by. If I understand aright, in a levy system of procurement, the cultivator must definitely know how much he must surrender to Government. Otherwise he has to depend on the whims and

[Sri. D. Gnanasigamoni]

fancies of the procurement officer as is happening at the present day. The excess basis system has been given up on account of the large volume of complaints that have arisen and the illegal manner in which procurement has been resorted to. There are very many cases where that kind of procurement has been done to the urtter dismay of the agriculturists. Though no doubt, this is a matter in which many cases have been brought to the notice of Government yet there has been very few cases where actual redress has been rendered, I just want to place before the House a case which arose few months ago and in respect of which an application was moved before the Hon'ble High Court. In respect of the particular procurement which happened somewhere near Alleppey, the application was moved before the High Court as O. P. 39/1950 to quash the order of Government directing the procurement of a particular quantity of paddy. Notice was issued on the Advocate-General the very same day and notice was served on the G. P. Tahsildar of Alleppey at 9 p.m. that day. Immediately after that it has now become clear that the Tahsildar and other procuring authorities had been in communication over the phone with this Government. As per orders of this Government that quantity of paddy which was the subject matter of proceedings before the Hon'ble High Court was procured and distributed the very next day. On this matter, the Hon'ble High Court while discussing it has said as follows: I am reading from 1950 Kerala Law Times at page 649. "We cannot help remarking that notice having been served upon the Advocate-General as also on the Tahsildar on the day on which the application for injunction was filed and notice ordered, the acquisition and distribution of paddy the next day when the matter stood posted for hearing in this court two days later, would lead to a strong suspicion that there was an attempt to circumvent the proceedings in court".

Their Lordships finally conclude by saying,

"We shall content ourselves with observing that the Government should not countenance dubious tactics being pursued by their departments or servants".

That is the verdict of the highest judiciary in the land on the manner of procurement adopted by this Government. Sir, these are proceedings not easily available to the ordinary man. The labour and trouble involved in these proceedings are considerable and therefore, whenever complaints arise, Government must exert their utmost to examine the cases dispassionately and in their proper perspective with a view to do justice by the parties. I can give many other instances but I do not now wish to proceed to recount the cataloge of Choas. I started by saying that the levy system is not distinguishable from the excess basis system which we have now given up. Now the present system of levy has also in it the very same danger. It is based on estimates of yield of comparatively better lands. I shall place before the House an actual case of procurement adopted by the G. P. Tahsildar at the present day, That gives serious hardship to the middle class agriculturists who own from one acre of land to 5 acres. The levy is not based on the actual yield but on the estimated yield of comparative better land. That is the basis adopted by the G. P. Tahsildar. In the estimate made on the basis of yield from a comparative better land, a fanciful idea is also thrown along with it namely that if a sheaf could produce 25 grains, the yield is considered as 25 fold irrespective of whether other sheafs produce the same quantity. That is the basis on which the present day G. P. Tahsildar proceeds with procurement scheme. In Nanjinad especially this system is detrimental to the interests of the land-holder or cultivator. The sowing capacity of one acre is taken arbitrarily as 11 paras per acre when in Central and North Travancore the sowing capacity is taken as 7 1/4 paras. That way the yield on one acre is estimated to be 115 paras in Nanjinad and 75 in North and Central

Travancore. What I want to place before the House is, these are fanciful foundations which have no practical basis on the actual yield of land. If an estimate could be arrived at from the actual yield, we can appreciate that.

Again, this Government has proclaimed from house top, that owners of land possessing one acre and less will be exempted from the procurement scheme. Actually we find otherwise. Such owners of land are required to surrender paddy to Government. Government in their press note has made the fact clear that owners of land possessing one acre and less are exempted from the procurement scheme. In very unambiguous terms that has been made clear and still the G. P. Tahsildars have collected paddy from such persons. That proclaimed policy has not been given effect to. Again the Government have stated that cultivators of paddy land will be given for domestic consumption a certain rate, a certain quantity for seed and certain other quantity for labour charges etc. Actually, this has not been observed at all. This is never taken into account in the calculation of the levy. When 132 paras is considered as yield from one acre, 52 paras have to be surrendered to Government. This is a concrete instance of the manner in which G. P. Tahsildars function now-a-days. Only 80 paras is left to the cultivator, which in most cases proves to be quite insufficient for his purpose. Even according to the ration card in his possession this quantity is quite insufficient. That is the actual state of affairs. It has become evident that cultivators are not able to find out what exactly is the principle that is followed in the matter of procurement. One has to concede that there is very great difficulty in the matter of procurement of paddy. One principle that the Government ought to consider in this context is that they must raise the price of paddy. Though this Government in their communique have referred to that, it is still under the consideration of Government. They do not appear to have taken any step to implement that statement. As a matter of fact, if the price of paddy is raised to Rs. 3 a para, there will be no difficulty for people to surrender paddy, because normally you will find that no man will ordinarily keep paddy for more than 6 months. All the available paddy will have to come into the market, and such paddy is always available in the market. The present price of Rs. 1—13—6 is too uneconomic for the cultivator to produce and that is the reason why there is no incentive to production as also the reluctance to surrender. No doubt in a crisis just like the one before us people ought to come to the aid of Government. But Government also have a duty to discharge. They should understand the position of the cultivator and help him as far as possible so that he may be enabled to produce as much quantity as he can. With these words I move my motion for consideration of the House.

ശ്രീ. എ. പി. ഉദയഭാനു: ഈ ഡിമാൻറിനെ പരാമർശിക്കുന്ന ഏതാനും വസ്തുതകൾ സംസാരിക്കണമെന്ന് ഞാനാഗ്രഹിക്കുന്നു. അസാധാരണമായ പരിതസ്ഥിതിയിലാണ് ഗവമ്മെണ്ടിൽനിന്നും നെല്ലു സംഭരണം ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനും തീരുമാനിച്ചതു്. അതിൻെറ ഏററവും പ്രധാനമായ ഉദ്ദേശം ഇന്നത്തെ പരിതസ്ഥിതിയിൽ ഗവമ്മെണ്ടിൽനിന്നും ആഹാരസാധനങ്ങൾ സംഭരിച്ചു വിതരണം ചെയ്യാത്തപക്ഷം ഈ രാജ്യത്തെ ഒരു വലിയ ജനവിഭാഗത്തിന് ഓപ്പൺ മാക്കററിൽ നെല്ല് വാങ്ങിച്ചു ജീവസന്ധാരണം ചെയ്യുവാൻ സാദ്ധ്യമല്ലാതെ വരുമെന്നുള്ളതുകൊണ്ടാണ്. ഇങ്ങനെ സംഭരണ വിതരണത്തെ സംബന്ധിച്ചിടത്തോളം പല പരീക്ഷണങ്ങൾ നടത്തി ഇപ്പോൾ ലെവി സിസ്റ്റം ഏർപ്പെടുത്തിയിരിക്കുകയാണ്. അതിനെ സംബന്ധിച്ച് ചില വിമർശനങ്ങൾ എൻെറ മാന്യ സ്നേഹിതൻ ഇവിടെ നടത്തുകയുണ്ടായി. ഏതായാലും ഇതിൽ രണ്ടുമൂന്നു സംഗതികൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. രാജ്യത്തെ സംബ

[Sri. A. P. Udyabhanu]

ന്ധിച്ചിടത്തോളം നമ്മുടെ ഏററവും പരമമായ ലക്ഷ്യം ഭക്ഷണകാൎയ്യത്തിൽ ആവുന്നത്ര സ്വയം പര്യാപ്ത ഉണ്ടാക്കുക എന്നുള്ളതാണ്. അതായതു് കൂടുതൽ നെല്ലു വിളയിക്കുക എന്നുള്ളതാണ്. അരിയും നെല്ലും ഇറക്കുമതി ചെയ്യുന്ന അവസ്ഥ ഉണ്ടാകരുതു്. അതിന് ഏററവും പ്രധാനമായിട്ടുള്ളതു് കൂടുതൽ നെല്ല് വിളയിക്കുന്നതിനുള്ള ഉത്സാഹവും, പ്രേരണയും, പ്രചോദനവും, കർഷകൎക്ക് ഉണ്ടായിരിക്കണം. അവ ഉണ്ടാകണമെന്നുണ്ടെങ്കിൽ അവരുടെ വികാരങ്ങളെത്തന്നെ സ്പർശിക്കണം. കൂടുതൽ നെല്ല് വിളയിക്കണമെന്നുള്ളതു് രാജ്യത്തിന്റെ ഒരാവശ്യമാണ്. വിളയിക്കുന്ന നെല്ലിൽ കഴിയുന്നതും കൂടുതൽ ഭാഗം ഗവണ്മെൻറിനെ ഏല്പിക്കുന്നതു് രാജ്യസ്നേഹമുള്ള ഓരോ കർഷകന്റെയും ചുമതലയാണെന്നുള്ള ഒരു ബോധം കർഷകൎക്ക് ഉണ്ടാകണം. ഇന്നു ഗവണ്മെൻറ് കർഷകരെ സമീപിക്കുന്നതു് ഏതാണ്ട് ഭീഷണിയുടെ മറവിൽക്കൂടി അല്ലയോ എന്നു സംശയമുണ്ട്. നിലം കൃഷിക്കാരെ സംബന്ധിച്ചിടത്തോളം നെല്ലെടുപ്പിന് ഒരു ക്ലിപ്തത ഉണ്ടായിരിക്കണം. ഓരോ കൃഷിക്കാരനിൽനിന്നും എത്ര നെല്ലുവീതമാണ് എടുക്കേണ്ടതെന്ന് നിശ്ചിതമായ ഒരു കണക്കുണ്ടെങ്കിൽ പ്രവൎത്തികാരന്മാരുടെ പൃവൃതോവമുള്ള പീഡനത്തിൽനിന്നും കർഷകന് മുക്തി കിട്ടും. അങ്ങനെയാണെങ്കിൽ അതായതു് അവരെ ഒരു തരത്തിലും ഉപദ്രവിച്ചില്ലെങ്കിൽ ആത്മാൎത്ഥമായി സകല ക്ലേശങ്ങളും സഹിച്ച് അവർ കൂടുതൽ നെല്ല് വിളയിക്കാൻ നോക്കും. ഓരോ പൃതോവം ഇത്ര പറ നെല്ലുവീതം ഓരോ കൃഷിക്കാരനിൽനിന്നും എടുക്കേണ്ടതാണ് എന്നുള്ള ഒരു കണക്ക് ഉണ്ടാക്കുകയും ആ വിവരം കൃഷിക്കാരെ ധരിപ്പിക്കുകയും വേണം. കർഷകൎക്ക് ആശ്വാസം നൽകുന്നതിനുവേണ്ടിയാണ് ലെവി സിസ്റ്റം ഏർപ്പെടുത്തിയതു എന്നാണ് ഞാൻ വിശ്വസിക്കുന്നതു്. ഏതായാലും കർഷകരെ സംബന്ധിച്ചിടത്തോളം രാജ്യസ്നേഹമായ അവന്റെ വികാരത്തെ തട്ടിയുണർത്തണം. കരിഞ്ചന്ത പാടില്ലെന്ന് പ്രസംഗിക്കയും ഉള്ള നെല്ല് മുഴുവൻ കരിഞ്ചന്തയിൽ വിൽക്കുകയും ചെയ്യുന്ന യോഗ്യന്മാരായ കുറെ ആളുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അവരിൽനിന്നും കൎശനമായി നെല്ലെടുക്കേണ്ടതായിട്ടുമുണ്ട്. സർ, ഓരോ കർഷകനിൽനിന്നും എടുക്കുന്ന നെല്ലിനെപ്പററി ഒരു പരസ്യം എല്ലാ പകുതികച്ചേരികളിലും താലൂക്കുകച്ചേരികളിലും പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഈ ദുർഘട സന്ധിയെ തരണം ചെയ്യുന്നതിനായി ഗവണ്മെണ്ടിനെ ആത്മാൎത്ഥമായി സഹായിച്ചതു് ആരെല്ലാമാണെന്നും എത്രത്തോളം സഹായമാണ് അവരിൽനിന്നും കിട്ടിയിട്ടുള്ളതെന്നും മററും ഈ പരസ്യംമൂലം പൊതുജനങ്ങൾ അറിയാനിടയാകും. ഒരുമണിനെല്ലുപോലും കൊടുക്കാത്ത യോഗ്യന്മാരും ധാരാളമുണ്ട്. നെല്ല് പരമാവധി കൊടുക്കുന്നവരുമുണ്ട്. എന്നാൽ ഇങ്ങനെ കൊടുത്തിട്ടുള്ളവരും ജനദൃഷ്ടിയിൽ സംശയിക്കപ്പെട്ടവരാണ്. അതുകൊണ്ട് ഈവിധത്തിൽ ഒരു പരസ്യം പ്രസിദ്ധപ്പെടുത്തുന്നതായാൽ നെല്ലെടുപ്പിനെപ്പററിയുള്ള സകല സംഗതികളും അറിയാനിടയാകും.

<u>ശ്രീ. കളത്തിൽ വേലായുധൻനായർ</u>: കള്ളന്മാരെ തിരിച്ചറിയാൻ ഈ പരസ്യംകൊണ്ടല്ലാതെ സാധിക്കയില്ലേ?

<u>ശ്രീ. എ. പി. ഉദയഭാനു</u>: ചിലപ്പോൾ സാധിച്ചില്ലെന്നും വരാം.

സർ, ഒരു പറ നെല്ലിന് ൧ രൂപവച്ച് കരിഞ്ചന്തയിൽ അനവധി നെല്ല് വിൽക്കുകയും ഇങ്ങനെ കിട്ടുന്ന പണംകൊണ്ട് വൻതരം കെട്ടിടങ്ങളും മററും കെട്ടിക്കയും ചെയ്തിട്ട് കരിഞ്ചന്തയെപ്പററി പ്രസംഗിച്ച വിപ്ലവകാരികളെ എനിക്കു നേരിൽ അറിയാം. എന്റെ ചില സ്നേഹിതന്മാർ എന്നോട് പറഞ്ഞിട്ടു

മുണ്ടു്. അതുകൊണ്ടു് എന്റെ ഈ അഭിപ്രായം ഗവമ്മെൻറ് സ്വീകരിക്കണമെന്നു് അപേക്ഷിക്കുന്നു. അതുകൂടാതെ നെല്ലിന്റെ സ്റ്റോറേജിലും മററു പല തകരാറുകളും ഉണ്ടാകുന്നുണ്ടു്. അവയൊന്നും ഞാൻ ഇവിടെ വിമർശിക്കാൻ ഒരുങ്ങുന്നില്ല. എന്നാൽ ഗവമ്മെണ്ടു് ഈ കാര്യത്തിൽ ശ്രദ്ധ പതിക്കുമെന്നു് വിശ്വസിക്കുന്നു.

Sri. A. Thanu Pillai: I beg to move that the allotment of Rs. 6,51,600 be reduced by One Rupee. Sir, there are many—

Mr. Deputy Speaker: The member need not move motion No. 7. There is already the motion No. 4, and the member may forthwith begin his speech.

Sri. A. Thanu Pillai: But then, Sir, there is one difficulty. The motion No. 4 may be withdrawn but I want to press my motion. So I think it is better that I move motion No. 7.

Mr. Deputy Speaker: That may be done.

Sri. A. Thanu Pillai: Sir, this grain supply question has been subjected to a lot of adverse criticism from time to time. There are many aspects of the matter that deserve consideration. The quantity supplied, the continuity of the supply, the quality of the grains, the price of the grains—all these have to be taken into account, and it is only if all these conditions are satisfactory that we can say that the grain supply system is working well. Of course, along with that there is the further question of procurement. Now, Sir, with regard to these aspects, the scheme is a failure. Early this year we had practically a breakdown in the food supply. In many parts of the State, in almost all parts of the State, for weeks practically nothing was available. Various explanations were, as usual, given by the Government, but it was practically a collapse. The reason given was that the Government of India did not give us adequate supplies.

One thing which I would like to bring to the notice of this House, in this connection, is that even this shortage should be shared equally. But what we actually find is just the reverse. There are parts of the State where the supply is almost continuous, while there are other parts where people are suffering due to lack of foodgrains. That is because of the defective arrangements of the Government. Whatever we get must be distributed in an equitable manner through out the State. There is no point in saying that in one part more paddy was available, and that in another part there was better distribution because it was near the port of arrival of the grains, etc. So in this matter Government have clearly failed.

Now, Sir, in regard to procurement of paddy, Government have been shifting their ground and adopting what they call new policies, though they are in fact, experiments. When there is so much shortage in the country it is higly undesirable that Government should thus go on changing their methods. The most recent change that they have made is the adoption of what is called the levy system. The system has not yet been fully evolved, and so nobody knows what it really is. There are complaints about it from everwhere. Of course, the best system of procurement is to take over all the paddy produced in the State and distribute it equitably to all, giving, to the cultivator something which he needs for his domestic purposes and seed purposes so that he may be encouraged. In assessing his domestic purposes, we should have also reference to the general needs of the State.

But the difficulty is not one of principle, but one of agency. Now, what is the agency we have here? This morning, in answer to a question, we were told that there was a shortage of grains in the Alleppey Go-down, and that six clerks were suspended. I do not understand on what basis this was done. Grains

[Sri. A. Thanu Pillai]

to the value of Rs. 50,000 were lost and it is said that six clerks are responsible. I ask how can this explain the situation? Were these clerks in sole charge of the depot? What about the officer? Was he sleeping all the while? When did he find out this? Surely the leakage must have been continuing for a period of time. There are a number of big officers in this department. And that was an important store. But this is only one instance. Therefore, Sir, unless the agency is pure, no scheme can be successful. So far as the present administration is concerned, it has come to such a stage, that no pure service can be expected. If this statement holds good in respect of all services in the State, it will apply with greater force to the department for the supply of foodgrains. This is the sad fact.

In regard to price, we must get our foodgrains for reasonable prices. Of course, the Government of India is involved in this matter. We heard something about it yesterday evening. There is no use in our crying hoarse here, because in Delhi our voices will not be heard. There they are managing things in their own way. Therefore we must insist that adequate quantities of foodgrains must be supplied to us and that at reasonable prices. We must induce the Government of India to do it.

While on the point of prices, I want to refer to a particular aspect of the matter. Practically for the last year or two, all the rice that comes here from outside by sea has been landing at Cochin. I should like to know why the landing should be solely in Cochin and why the port of Alleppey has been practically given up for this purpose. Formerly when our own Trivandrum pier was in good condition, we used to get all our rice landed here. But probably that is not possible now because the pier is not in existence. It has been damaged and has to be replaced. But as far as Alleppey port is concerned, why no paddy is landed there, requires explanation.

From the figures that I have been able to collect it is seen that there would be substantial gains say, from Rs. 6 to Rs. 7 per ton of rice if it is landed at Alleppey instead of at Cochin. Now, Sir, the practice is that rice is landed at Cochin and then it is taken by vallams to Alleppey at a distance of about 40 miles. The conveyance charge would itself cost Rs. 35 and the loading and unloading charges Rs. 45 for 100 bags. On the other hand if rice is landed at Alleppey there would be a gain of Rs. 6 to Rs. 7 per ton. That is the figure that I have been able to arrive at. I do not know why the Alleppey Port could not be used for this purpose. If it is landed at Alleppey, there would be substantial gain. Out of 3 lakhs and 20 thousand tons of rice that is landed roughly 50 per cent. is spent in areas south and east of Alleppey. Sir, I hope at least some satisfactory explanation would be forthcoming why they don't think of Alleppey for landing riee. With these words I move my motion.

Sri. Eapen Arakkal: Sir, it requires no degree of emphasis to be laid on this matter considering its importance. In view of the fact that this is a Department the working of which is closely associated with the welfare of the people the question involved needs urgent and earnest consideration. Sir, this matter has come up for discussion even during the last session. That amount of attention which this should receive has not been bestowed by the Government. Sir, I need not here reiterate the fact that scarcity of food grains is causing immense trouble to all the people of the State. The circumstances and causes that contribute to this scarcity need not be described here. We have to face realities and look for means and measures for removing this long standing evil which affects all the people in the State. Sir, one efficient measure by which we propose to remedy this evil is by

procuring rice from among ourselves. It has been declared by the Government of India that no food grains will be imported during the period 1950—51. That is the policy adopted by the Central Government and we could only conform ourselves to that policy. So unless producton is accelerated, unless we are in a position to procure more rice in the State we are not going to fare well as no food grains will be imported into our State.

How to accelerate production is the question. This can best be done by giving proper encouragement to those people who are engaged in the production of paddy. It has been already expressed here that if we want production to be accelerated or enhanced we should give more and more encouragement to the cultivator. It is not given to all people alike to produce paddy. It depends upon local and agricultural conveniences and conditions for a man to be a paddy cultivator. Kuttanad and Nanjinad are the main agricultural regions of the State. I ask whether any proper encouragement in the form of financial aid-that is by enhancing the price of paddy produced—is being rendered to the cultivator. No, Sir, it is not being done. That has been the regular complaint of the agriculturist in the country. They are not given that degree of encouragement that they deserve. They feel that they are the back bone of the country. They have got the capacity to produce as much paddy as possible. The Government and a certain section of the people think that giving more money to the agriculturists would be making rich people more rich and encouraging blackmarket. But I say, Sir, that if we do not give sufficient encouragement to the cultivator we are not going to get the best out of them. It appears from statistics that the cost of cultivation in Kuttanad and Nanjinad does not in any way compare favourably with the money that is being given to the agriculturists by Government as price of paddy procured. It is a matter of gratification, Sir, that of late there was a move to increase the price of paddy in the State. I don't know how far the proposal has been brought into effect. I want to request the Government to consider this question as a serious matter. In enhancing the price of paddy we will be doing more service to the State in so far as the cultivator will be able to produce more paddy. In saying this I am not unaware of the financial commitments and difficulties that the Government have to face. Government is even now incurring a loss involving a huge amount on account of food Supply Section. Realising this I would suggest that if we really stand to lose a huge amount by way of buying rice it would not be too much for Government to pay the cultivator at least the minimum charges for cultivation demanded by them. If this is done Government would be able to procure more paddy as there would be more production.

I wish to add one word more, regarding the storing and distribution of imported rice. Well, Sir, I find that there is gross negligence of duty on the part of the people entrusted with the purchase of foreign rice, and the rice that is being imported into our State is handled most carelessly affecting the quality and the quantity of the foodstuffs. The depot officers and the other officers engaged in this work think that the supply of food to the people is matter of playful concern only. They do not take as much care as they ought to have taken in the matter of purchasing and storing rice or paddy. They are all indifferent in the discharge of their duties. In transit, due to the carelessness of the officers concerned considerable quantity of food stuffs is being pilfered. This has become a regular feature when food grains are sent by vallams both from Cochin and Alleppey. When we are experiencing acute shortage of food I was astounded to see how these people engaged in the transport of food stuffs from one place to another show no scruples to neglect their duty and pilfer this precious commodity. That ought to be checked at the earliest possible moment.

[Sri. Eapen Arakkal]

Now, coming to the Depots, there are cases to my knowledge that these food grains are stacked in open spaces open to rain and sun-shine alike. This affects to a considerable extent the quality and quantity of the stuff. The misconduct of some of these officers entrusted with the management of a Depot is so gross and serious that they must be adequately dealt with. We heard in an answer to a question that a certain depot officer was charged with defalcation and misappropriation. Well, Sir, I should think that these offences are going on not only in the particular depot to which reference was made this morning but it has become an universal feature in all these depots. These people are in charge of such precious food stuffs—to be considered more precious in these times than the 'Koh-i-noor' itself—that I would request Government to take stern and immediate measures to prevent pilfering and neglect of duty of officers that is usually going on in all these depots.

ஸ்ரீ. ஆர். செல்வஸ்வாமி நாடார்: சர், நமது ராஜ்யத்தில் நெல்லெடுப்புத் திட்டம் வருடந்தோறும் ஒவ்வொருவிதமாக மாறிமாறிக்கொண்டு வருகிறது. முதலில் "செட்டில்மென்ட் பாட்டம்" என்றதொரு முறையை வைத்திருந்தீர்கள். அதற்குப் பிறகு "எக்ஸஸ் பேலிஸ்' என்று வைத்தீர்கள். இப்பொழுது "லெவி ஸிஸ்டம்" என்றதொரு ஸிஸ்டத்தை கொண்டுவந்திருக்கிறீர்கள். இதனால், கிருஷிக்காரர்களுக்கிடையில் ஒரு வித்தியாசம் ஏற்படக் காணவில்லை. இந்த லெவி ஸிஸ்டம் மூலம் ஒரு ஏக்கருக்கு மேல் உள்ளவர்களிடமிருந்து நெல் எடுத்தால் போதும் என்று காணப்படுகிறது. ஆனால் நாட்டுப்புறங்களில், ஒரு எக்கருக்கு கீழுள்ள ஆட்களிடமிருந்தும் நெல் எடுக்கிறார்கள். இரண்டாவதாக, நான் சொல்ல விரும்புவது என்னவென்றால், ஒவ்வொரு கிருஷிக்காரர்களும் எவ்வளவு நெல் கொடுக்கவேண்டும் என்று நோட்டீஸ் கொடுக்கவோ, அப்படி ஒன்றும் கிடையாது நோட்டீஸ் ஏன் கொடுக்கவில்லை என்று கேட்டால், நோட்டீஸ் கொடுக்கவேண்டியதற்கு அவசியமில்லை. பார்வத்திக்காரர்களுக்கு ஒவ்வொருவரிடமிருந்தும் எவ்வளவு நெல் எடுக்க வேண்டுமென்று தெரியும். அவ்விதம் அவர்கள் எடுத்துக்கொள்வார்கள் என்று அதிகாரிகள் சொல்கிறார்கள். சர்க்காரிலிருந்து அவர்களுக்கு அப்படி ஏதாவது இரகசிய டைரக்ஷன்ஸ் கொடுக்கப்பட்டிருக்கிறதா என்று தெரியாது. சர்க்காரின் நோக்கம், கூடுதல் நெல் எடுக்கவேண்டுமென்பதுதான். ஆனால் கிருஷிக்காரர்களிடமிருந்து எடுக்கும் நெல்லுக்கு சரியான விலை கொடுக்க இச்சர்க்காருக்கு மனம் வரவில்லை. நேற்று தனகாரிய மந்திரியவர்கள் சொன்னார்கள், உத்தரப்பிரதேசத்திலிருந்து முதல்தரமான நெல் கிடைத்திருக்கிறது. அதை சப்ஸிடி இல்லாமல் விற்கவேண்டுமென்றால் இடங்கழி ஒன்றுக்கு 15½ அணா வீதம் விற்கவேண்டுமென்று சொன்னார்கள். அப்படி விற்கப்படுமானால் ஒரு பறை நெல்லுக்கு 5 ரூபாய் வருகிறது. அப்படி, உத்தரப்பிரதேசத்திலுள்ள கிருஷிக்காரர்களுக்கு, ஒரு பறை நெல்லுக்கு 5 ரூபாய் கொடுக்க முடியுமானால் நம் சகோதரர்களாகிய, நம் நாட்டு கிருஷிக்காரர்கள் தரும் நெல்லிற்கு, பறை ஒன்றுக்கு 3 ரூபாய் வீதம் ஏன் கொடுக்கக்கூடாது என்று கேட்கிறேன். 3 ரூபாய் வைத்து கொடுத்தால் இந்த ஸிஸ்டங்கள் ஒன்றுமே இல்லாமல் நமக்கு நெல் தாராளமாகக் கிடைக்கும். அப்படி ஒரு பறை நெல்லுக்கு 3 ரூபாய் வீதம்

நாம் கொடுத்தால் ஒரு குழப்பமும் இல்லாமல் சர்க்காருக்குப் போதுமான நெல் கிடைக்கும் என்று நான் உறுதிகூறுகிறேன். அடுத்ததாக நான் குறிப்பிட விரும்புவது என்னவென்றால், நமது ராஜ்யத்தில் விதரணம் செய்யும் ஏஜென்ஸியைப் பற்றித்தான். கொச்சியில் டிப்போக்கள் முகாந்தரம் விதரணம் செய்கிறார்கள். ஆனால் திருவிதாங்கூரில் wholesale dealers, Retail Dealers என்று இருக்கிறார்கள். நெல்லை வாங்கி Wholesale Dealers, Retail வியாபாரிக்கு விதரணம் செய்கிறார்கள். ஆகவே இங்கும் அம்மாதிரி டிப்போக்களை உடனடி "ஓப்பன்" செய்து, Wholesale Agency களை நிறுத்தவேண்டுமென்று இந்த சர்க்காரிடம் கேட்டுக்கொண்டு, எனது பேச்சை முடித்துக்கொள்கிறேன்.

ശ്രീ. എൻ. കെ. കൃഷ്ണപിള്ള: സർ, എന്റെ ഉപക്ഷേപം ഇതാണ്.

To reduce the allotmet of Rs. 25,00,00,000 for purchase price and transport charges by Re. 1.

ഇന്നു നമ്മുടെ രാജ്യത്തെ അഭിമുഖീകരിക്കുന്ന ഏററവും ഗൗരവമേറിയ ഒരു പ്രശ്നമാണ് ഭക്ഷ്യപ്രശ്നമെന്നുള്ളതു് അതും ആരോടും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. ഈ വിഷയത്തിൽ നമുക്കു സെൻട്രൽ ഗവമ്മെണ്ടിന്റെ കാരുണ്യത്തെ ആശ്രയിക്കാതെ നിവൃത്തിയില്ല. നമ്മുടെ ആവശ്യത്തിനുള്ള സാധനങ്ങൾ ഏറെക്കുറെ സെൻട്രൽ ഗവമ്മെണ്ടിന്റെ സഹായത്തോടുകൂടി അന്യസ്ഥലത്തുനിന്നും വരുത്തേണ്ടതായിട്ടാണിരിക്കുന്നതു്. അതിൽ എത്രത്തോളം നമ്മുടെ ഗവമ്മെണ്ടു വിജയിച്ചിട്ടുണ്ടെന്നുള്ള കാര്യമാണ് നാം നോക്കേണ്ടതു്. ഇന്നലെ സപ്ലിമെൻററി ഡിമാൻഡിന്റെ ചർച്ചാവേളയിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഈ സഭമുമ്പാകെ നൽകിയ ചില വസ്തുതകളുടെ വെളിച്ചത്തിൽ നോക്കുകയാണെങ്കിൽ ഈ സംഗതിയിൽ നമ്മുടെ നില ഏററവും സംഭ്രമജനകമായ ഒന്നാണെന്നു മനസ്സിലാക്കാൻ കഴിയും. ഈ രാജ്യത്തിനുതന്നെയും ദീർഘകാലം നിലനിൽക്കാൻ സാധിക്കുമോ എന്നു സംശയിക്കത്തക്ക ഒരസാധാരണമായ സാമ്പത്തിക അപകടഗർത്തത്തിലാണ് രാജ്യം ചെന്നു ചാടിയിരിക്കുന്നതെന്നുള്ള ഒരു പ്രതീതിയാണ് അദ്ദേഹത്തിന്റെ പ്രസംഗം കേട്ടപ്പോൾ ഉണ്ടായതു്. ഇന്ത്യക്കു സ്വാതന്ത്ര്യം ലഭിച്ചു, നമുക്കും സ്വാതന്ത്ര്യംലഭിച്ചു. നമുക്കു ദേശീയഗവമ്മെണ്ടു് ഉണ്ടെന്നും ദേശീയമന്ത്രിമാരാണ് നമ്മെ ഭരിക്കുന്നതെന്നും പറഞ്ഞുകൊണ്ടു നടക്കാമെന്നല്ലാതെ നമുക്കു സാമ്പത്തികമായി എന്തു സ്വാതന്ത്ര്യമാണു ലഭിച്ചിട്ടുള്ളതു്. യാതൊന്നും ലഭിച്ചിട്ടില്ലെന്നു ഇന്നലത്തെ ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽനിന്നു മനസ്സിലാകും. ബ്രിട്ടീഷ്കാരുടെ ഭരണകാലത്തു് നാം അടിമകളായിരുന്നുവെങ്കിൽ ഇന്നു നാം അടിമകളിൽവച്ചു അടിമകളാണ്. ഏതായാലും കേന്ദ്രഗവമ്മെണ്ടിന്റെ ആനുകൂല്യംകൊണ്ടല്ലാതെ നമുക്കു ആവശ്യമുള്ള ഭക്ഷണസാധനങ്ങൾ വരുത്താൻ നിവൃത്തിയില്ല. നമ്മുടെ ആവശ്യങ്ങളെപ്പററി ശക്തിയായും ധൈര്യമായും സെൻട്രൽ ഗവമ്മെണ്ടിന്റെമുമ്പാകെ നട്ടെല്ലുനിവത്തി വാദിച്ചാലെ നമ്മുടെ അവകാശം പിടിച്ചെടുക്കാൻ സാധിക്കുകയുള്ളു.

അതിൽ പരിപൂർണ്ണ പരാജയമാണ് നമ്മുടെ ഗവമ്മെണ്ടു് അടഞ്ഞിട്ടുള്ളതു്. അതിന്റെ ഫലമായിട്ടാണ് ഇന്നത്തെ ഈ വൈഷമ്യങ്ങൾക്കു നാം വിധേയരായിരിക്കുന്നതു്. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ അവർകൾ ഫുഡ് ഡിപ്പാർട്ടുമെൻറിന്റെ ചാർജ്ജ് വഹിച്ചിരുന്നകാലത്തു അദ്ദേഹം പ്രസംഗിച്ചതായി ഓർക്കുന്നു, വളരെ ശക്തിയായഭാഷയിൽ സെൻട്രൽ ഗവമ്മെണ്ടി

[Sri. N. K. Krishna Pillai]

നോട്ട് നിവേദനം ചെയ്തിട്ടുണ്ടെന്നും അതിന്റെ ഫലമായിട്ട് ധാരാളം ധാന്യങ്ങൾ വന്നുചേരുമെന്നും. എന്നാൽ അങ്ങനെയൊന്നും വന്നുചേർന്നതായി കണ്ടില്ല. ഇന്നത്തെ ധനകാര്യമന്ത്രി ഇന്ത്യാഗവർമ്മേണ്ടുമായി നെഗോഷിയേഷൻസ് നടത്തിവരുന്നുവെന്നും അതുകൊണ്ട് പല സഹായവും ഉണ്ടാകുമെന്നും ഒരു ഒതുങ്ങിയ രീതിയിൽ പറഞ്ഞിട്ടേയുള്ളു. അനുഭവത്തിൽ കാണുന്നതു ൧൯൫൦–൫൧ വർഷത്തിൽ ൧൦൫ ലക്ഷം രൂപാ നമുക്കു ഈ ഇനത്തിൽ നഷ്ടമായിരിക്കുന്നുവെന്നാണ്. അതു നീകത്തുന്നതിനുതന്നെ നിവൃത്തിയില്ലാതെയാണിരിക്കുന്നതു്. ൭൫ ശതമാനം സബ്സിഡി തരാമെന്നു പറഞ്ഞിരുന്നതു് ഇപ്പോൾ തരികയില്ലെന്നു പറയുന്നു. ഇതൊക്കെ ഒരു ഗവർമ്മേണ്ടിനും നിരക്കാത്ത അന്യായമാണ്. അപ്രകാരം സബ്സിഡി അനുവദിക്കാതെ ഞങ്ങൾക്കു ജീവിക്കുവാൻ സാദ്ധ്യമല്ലെന്നു ഞാൻ മുമ്പു പറഞ്ഞതുപോലെ ധൈര്യമായി തുല്യനിലയിൽ വാദിച്ചു നമ്മുടെ ആവശ്യങ്ങൾ നിവ്വഹിക്കാനുള്ള ശക്തിയില്ലെങ്കിൽ ഒരു ഗവർമ്മേണ്ടു എന്തിനാണ് ഒരു ഗവേർമ്മണ്ടായി കഴിഞ്ഞുകൂടുന്നതു്. ഇന്നത്തെ വൈഷമ്യങ്ങൾ ഗവർമ്മേണ്ടിനെ നയിക്കുന്നവരുടെ അപ്രാപ്തിയും പിടിപ്പില്ലായ്മയുംകൊണ്ടാണ് വന്നതെന്നു പറയുന്നതിനോടു ഈ സഭ യോജിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നതു്. ധാന്യവിലയും ട്രാൻസ്പോർട്ടും ഉൾപ്പെടെ ഇപ്പോൾ ൨൫ കോടി രൂപ ബഡ്ജററിൽ ച്ചേർത്തിരിക്കുന്നു. എന്തെല്ലാം പ്രതീക്ഷകളുടെ അടിസ്ഥാനത്തിലാണ് ഈ തുക ചേർത്തിരിക്കുന്നതെന്നു മനസ്സിലാകുന്നില്ല. ഏതായലും ആ വിശദവിവരങ്ങൾ അറിയുന്നതിനും ഈ സംഗതിയിൽ ജനങ്ങൾക്കു വലുതായ അതൃപ്തിയുണ്ടെന്നുള്ളകാര്യം രേഖപ്പെടുത്തുന്നതിനുമാണ് ഞാൻ ഈ ഉപക്ഷേപം ഹാജരാക്കിയിട്ടുള്ളതെന്നു അറിയിച്ചുകൊള്ളുന്നു.

ശ്രീ. കളത്തിൽ കെ. വേലായുധൻനായർ: സർ, ഞാൻ അവതരിപ്പിക്കുന്ന ഖണ്ഡനോപക്ഷേപം ഇതാണ്.

Tu reduce the total allotmet of Rs. 100 under Demand XL by Re. 1.

ഭക്ഷ്യധാന്യങ്ങൾ വിതരണംചെയ്യുന്നതിനുള്ള ഏജൻസിയെ സംബന്ധിച്ചിടത്തോളം ഗവർമ്മേണ്ടിന്റെ ഇപ്പോഴത്തെ നയം എന്താണെന്നു മനസ്സിലാകുന്നില്ല. ഏതാനും പ്രദേശങ്ങളിൽ പ്രൈവററ് ഹോൾസെയിൽസ് ഡിപ്പോ ഉണ്ടായിരുന്നതു നിറുത്തുകയും ഗവർമ്മേണ്ടു നേരിട്ടു വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ മററു താലൂക്കുകളിലേക്കു അതു് വ്യാപിപ്പിച്ചതായി കാണുന്നില്ല. ഏതാനും താലൂക്കുകളിൽമാത്രം ഇതു പരീക്ഷിച്ചുനോക്കിയതിൽ പരാജയമാണെന്നുകണ്ടു് പഴയതുപോലെ പ്രൈവററുഡിപ്പോകൾ തുടങ്ങാൻ പോവുകയാണോ എന്നു ചോദിച്ചതിൽ അങ്ങനെയല്ലെന്നാണ് പറഞ്ഞതു്. എന്നാൽ വിജയപ്രദമായ ഈ പരീക്ഷണം മററു താലൂക്കുകളിലേക്കു വ്യാപിക്കാത്തതെന്താണെന്നു മനസ്സിലാകുന്നില്ല. അതിനെസംബന്ധിച്ചു നാട്ടിലുള്ള പ്രസ്താവമാണെങ്കിൽ മററു താലൂക്കുകളിലുള്ള ഹോൾസെയിൽ വ്യാപാരികളുടെ സമ്മർദവും സ്വാധീനവുംകൊണ്ടു് അങ്ങോട്ടു ഈ ഏർപ്പാടു് വ്യാപിക്കാതിരിക്കുന്നുവെന്നാണ്. ഈ സംസാരത്തിനു അടിസ്ഥാനമുണ്ടെന്നു തോന്നാനുള്ള കാരണം മററു താലൂക്കുകളിലേക്കു ഈ ഏർപ്പാടു വ്യാപിപ്പിക്കാതിരിക്കുന്നു എന്നുള്ളതുതന്നെയാണ്. ഏതായാലും ഇതുസംബന്ധിച്ചു ഗവർമ്മേണ്ടിനു ഒരു വ്യക്തമായ നയവും അതു നടപ്പിലാക്കാനുള്ള ശേഷിയും ഉണ്ടായിരിക്കേണ്ടതാണ്.

ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നതിനായി കുറെ പർച്ചേസിംഗ് തഹശീൽദാരന്മാരെ നിയമിച്ചിട്ടുള്ളതായി കാണുന്നു. ഒരു ഉദാഹരണംകൊണ്ടു് ഈ ഉദ്യോഗത്തിന്റെ ആവശ്യമില്ലായ്മയെ ചൂണ്ടിക്കാണിക്കാൻ കഴിയും. പീരുമേട്ടിൽ ഒരു പർച്ചേസിംഗ് തഹശീൽദാരെ നിയമിച്ചിട്ടുണ്ടു്. അവിടത്തെ നെല്ലു സംഭ

ഷിക്കുന്നതിനാണെങ്കിൽ കഷ്ടിച്ചൊരു ൧൫ ദിവസം മാത്രം മതിയാകും. ഇപ്പോൾ നിയമിച്ചിട്ടുള്ളതെല്ലാം ഒരു കൊല്ലക്കാലത്തേക്കാണ്. ഒരു വർഷത്തിൽ ഒരവസരത്തിൽമാത്രം ൧൫ ദിവസംമാത്രം ചെയ്യേണ്ട ജോലിചെയ്യുന്നതിലേക്കാണ് പീരുമേട്ടിൽ ഒരു തഹശീൽദാരെ നിയമിച്ചിരിക്കുന്നതു്. ഇങ്ങനെ ആവശ്യമില്ലാതെ അധികം ഉദ്യോഗങ്ങൾ ഉണ്ടാക്കുന്നതു് ഡിപ്പാർട്ടുമെന്റിന്റെ മുകളിൽമുതലുള്ള തെററാണ്. മുകളിലുള്ള ആളുകൾതമ്മിൽ പദ്ധതികൾ നടപ്പിൽവരുത്തുന്നതിനുള്ള അഭിപ്രായവ്യത്യാസമാണ് ഇതിനെല്ലാം കാരണമാവുന്നതു്. ഫുഡ്സെക്രട്ടറിയും, സിവിൽ സപ്ലൈസ് കമ്മീഷണരും തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകുന്നുണ്ട്. അതിൽനിന്നും കുറെ ഉദ്യോഗങ്ങൾ കൂടുതലായി ഉണ്ടായി എന്നുവരും. ഓരോന്നിനും ഓരോ അസിസ്റ്റന്റ് കമ്മീഷണറന്മാരെ നിയമിക്കും. അങ്ങിനെ അസിസ്റ്റന്റ് കമ്മീഷണറന്മാരെ നിയമിച്ചുകഴിയുമ്പോൾ അവരുടെതാഴെ ഓരോ താലൂക്കിലും ഉദ്യോഗസ്ഥന്മാർ വേണം. ഇവർക്കെല്ലാവർക്കും ജോലിയും ഇല്ല. ഇതൊന്നും ഉദ്യോഗസ്ഥന്മാരുടെ വീഴ്ചയല്ല.

ശ്രീ. ടി. കേശവൻ: ഗ്രെയിൻസ് പർച്ചേസ് മാത്രമല്ല ഈ തഹശീൽദാരന്മാരുടെ ജോലിയെന്നു അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഓരോതാലൂക്കിലും തഹശീൽദാർ ഉള്ള സ്ഥിതിക്ക് ഒരു പർച്ചേസ് തഹശീൽദാരെക്കൂടി നിയമിച്ചിരിക്കുന്നതു പർച്ചേസിംഗിനുവേണ്ടിയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നതു്. ആണ്ടിൽ രണ്ടുംമൂന്നും കൃഷിയുള്ള താലൂക്കുകളിൽ മിക്കവാറും ദിവസങ്ങളിൽ പർച്ചേസ് നടത്തേണ്ട ആവശ്യം വരും. നെൽകൃഷി വളരെ കുറച്ചുള്ള സ്ഥലങ്ങളിൽ ഈ ഉദ്യോഗസ്ഥന്മാർ സ്ഥിരമായി ഉണ്ടായിരിക്കേണ്ട ആവശ്യമില്ല. തിരുവിതാംകൂർ കൊച്ചിയിൽ ൪ റവന്യൂ ഡിവിഷനുണ്ട്. അതുകൊണ്ടു ൪ പർച്ചേസ് തഹശീൽദാരന്മാർ വേണമെന്നുവിചാരിച്ചു നിയമനം നടത്തി. അല്ലാതെ ഓരോ സ്ഥലത്തേയും ആവശ്യം നോക്കിയല്ല നിയമനം നടത്തിയിട്ടുള്ളതു്. അതുപോലെതന്നെ റേഷനിംഗ് സംബന്ധിച്ചു ഓരോ താലൂക്കിലും ഒന്നിലധികം അസിസ്റ്റന്റന്മാരെ നിയമിച്ചുവരുന്നതായി കാണുന്നു. തഹശീൽദാരന്മാരുടെ താഴെ ഫീൽഡ് ആഫീസറന്മാർ എന്നപേരിൽ ഓരോ താലൂക്കിലും മൂന്നുംനാലും പേരെ നിയമിച്ചിട്ടുണ്ട്. യുദ്ധകാലംമുതൽ ഇങ്ങോട്ട് ഒരു ഉദ്യോഗസ്ഥനെ വച്ചുകൊണ്ടു ഭക്ഷ്യധാന്യവിതരണം സാമാന്യം ഭംഗിയായി നടത്തിക്കൊണ്ടിരുന്നുവെങ്കിൽ ഇപ്പോൾ ഓരോ താലൂക്കിലും മൂന്നും നാലും ഫീൽഡ് ആഫീസറന്മാരെ നിയമിക്കേണ്ട ആവശ്യമെന്താണെന്നു മനസ്സിലാകുന്നില്ല. അതുപോലെതന്നെ ഇവരുടെ നിയമനത്തെപ്പററി അടുത്തകാലത്തു എനിക്കു ചില അറിവുകൾ കിട്ടി. പബ്ലിക് സർവ്വീസ് കമ്മീഷനോടു ആലോചിക്കാതെ നിയമനം നടത്തുന്നുവെന്നു ഞാൻ പൊതുവിമർശനവേളയിൽ സൂചിപ്പിക്കുകയും അതിനെ ബഹുമാനപ്പെട്ട ഒരു മന്ത്രി വെല്ലുവിളിക്കുകയും ചെയ്യുകയുണ്ടായി. ഫുഡ്ഡിപ്പാർട്ടുമെന്റിൽ ഏതാനും പർച്ചേസ് തഹശീൽദാരന്മാരെ പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ അനുവാദംകൂടാതെ നിയമിക്കുകയും അതു റാററിഫിക്കേഷനുമായി അയച്ചതിൽ പബ്ലിക് സർവ്വീസുകമ്മീഷൻ ൧൧ പേരുടെ കാര്യത്തിൽമാത്രമേ റാററിഫിക്കേഷൻ നൽകിയുള്ളുവെന്നും അറിയുന്നു. റാററിഫിക്കേഷൻ ചെയ്യാതിരുന്നതു അനീതിപരമായ നിയമനം ആയിരുന്നുവെന്നുള്ളതിനാൽ ആണല്ലൊ. ആവശ്യമില്ലാതെ ഉദ്യോഗം വർദ്ധിപ്പിക്കുന്നതുകൊണ്ടു വിതരണത്തി

[Sri Kalathil Velayudhan Nair]

ന്നതന്നെയും തരക്കേടുവരുന്നുണ്ട്. ഉദ്യോഗസ്ഥന്മാരുടെ കൂടുതലും അറിവരുന്നതിലുള്ള കുറവുമാണ് ഇപ്പോഴം ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. ഉദ്യോഗസ്ഥന്മാരെ വർദ്ധിപ്പിച്ചതുകൊണ്ടു വിതരണം വളരെ ഭംഗിയായി നടക്കുന്നുവെന്നു പറയാൻ യാതൊരു നിവൃത്തിയുമില്ല.

ഉദ്യോഗസ്ഥന്മാർ കൂടുതലുണ്ടെങ്കിലും ഉള്ള റേഷൻ തക്കസമയത്തു എത്തിക്കേണ്ട സ്ഥലങ്ങളിൽ എത്തിച്ചുകൊടുക്കുന്നില്ല എന്നു പല പരാതികളും ഉണ്ടായിട്ടുണ്ടു്. ചങ്ങനാശ്ശേരിയാൽതന്നെ ഒരാഴ്ചക്കാലത്തു മുഴുവൻ റേഷൻവിതരണമുണ്ടായിരുന്നില്ല. ഇതേപ്പറ്റി അന്വേഷിച്ചപ്പോഴം കൊച്ചിയിൽ ഭക്ഷ്യധാന്യങ്ങൾ ഉണ്ടെന്നും കൊച്ചിയിൽ പോയി കൊണ്ടുവരുന്നതിനു ഉദ്യോഗസ്ഥന്മാർ അനാസ്ഥകാണിച്ചതിനാലാണെന്നും മനസ്സിലായി. ഇതെന്തുകൊണ്ടാണു്? അരി സ്റ്റാക്കചെയ്യുന്ന സ്ഥലങ്ങളിൽ വിതരണത്തിനായിഎത്തിച്ചുകൊടുക്കേണ്ട ചുമതല ഉദ്യോഗസ്ഥന്മാർക്കില്ല. അപ്പോഴം അതിനു ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ ശേഷിക്കുറവു തന്നെയായിരിക്കണം ഇതിനു കാരണം, ഈ കാര്യങ്ങൾ ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നുകൊണ്ടു് ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു.

ശ്രീ. ഈ. പി. പൗലോസ്: സർ, ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു് ഒന്നുരണ്ടു സംഗതികൾ ചൂണ്ടിക്കാണിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. നെല്ലു് സംഭരണത്തെ സംബന്ധിച്ചിടത്തോളവും ഇക്കഴിഞ്ഞ അഞ്ചാറുകൊല്ലമായി ഗവമ്മെണ്ടു് പല പദ്ധതികളും സ്വീകരിക്കുകയും അവ ഉപേക്ഷിക്കുകയും പിന്നീടു് മററ പദ്ധതികൾ സ്വീകരിച്ചു പരീക്ഷിച്ചതിനുശേഷം അതും സ്വീകാര്യമല്ലെന്നു പറഞ്ഞു തള്ളിക്കളയുകയും ചെയ്തിട്ടുണ്ടു്. ഒടുവിൽ അധികവ്യവസ്ഥയിൽ നെല്ലെടുക്കണമെന്നവസാനമായി ഒരു പദ്ധതി സ്വീകരിക്കുക ഉണ്ടായി. അതു പരീക്ഷിച്ചു നോക്കുകയും ചെയ്തു. അധികവ്യവസ്ഥയിൽ നെല്ലെടുക്കുന്നതു് കൃഷിക്കാർക്കു് വളരെ വളരെ ക്ലേശകരമായിത്തീർന്നിട്ടുണ്ടെന്നു് വളരെ പരാതികൾ ഉണ്ടായി. ഏതെങ്കിലും തരത്തിൽ ഒരു ക്ലിപ്തവ്യവസ്ഥയിൽ നെല്ലെടുക്കണമെന്നു മുറവിളി ഉണ്ടാക്കുകയും ചെയ്തു. അതിന്റെ ഫലമായിട്ടാണു് ലെവി പദ്ധതി അനുസരിച്ചു നെല്ലെടുപ്പു തുടങ്ങിയതു്.

സർ, ചില അഭിപ്രായവ്യത്യാസങ്ങൾ അതു സംബന്ധിച്ചു ഉണ്ടായിരുന്നു എങ്കിലും ഈ പുതിയ പദ്ധതി ഒടുവിൽ സ്വാഗതം ചെയ്യുകയാണു് ചെയ്തിട്ടുള്ളതു്. പല പത്രങ്ങളിൽനിന്നും ചില മുഖപ്രസംഗങ്ങളിൽനിന്നും ഈ പദ്ധതി പൊതുജനങ്ങൾ സ്വാഗതം ചെയ്തു എന്നു വിചാരിക്കുന്നതിൽ തെററുണ്ടായിരിക്കുകയില്ല.

ഇതനുസരിച്ചു ആവശ്യമായ നിയമം ഉണ്ടാക്കിയപ്പോഴാണു് ഇതേപ്പററിയുള്ള പരാതികൾ വീണ്ടും ആവിർഭവിക്കുന്നതു്. ഇപ്പോൾ നിലവിൽ ഇരിക്കുന്ന പദ്ധതി അനുസരിച്ചു ഒരു ഏക്കർ ഭൂമിയുള്ളവരെ ഒഴിവാക്കിയിട്ടുണ്ടു്. ഒന്നു മുതൽ അഞ്ചുവരെ ഏക്കർ ഭൂമിയുള്ളവക്കു് ഇത്ര, 6 മുതൽ പത്തുവരെ വേറെ ഒരു നിരക്കു്, ഇങ്ങനെ ഒരു സ്ലൈഡിംഗ് സ്കെയിൽ അനുസരിച്ചാണു് എടുത്തുവരുന്നതു്. ഈ നിയമം ചില വ്യക്തികളെ എങ്ങിനെ ബാധിക്കുമെന്നുള്ളതാണു് നോക്കേണ്ടതു്. ഇതുമൂലം ക്ലേശിക്കുന്നവരുടെ പരാതികൾ കേൾക്കുന്നതിനു എനിക്കിടയായിട്ടുള്ളതുകൊണ്ടു് ഞാൻ പറയുകയാണു്. ഇന്നത്തെ നിയമം അനുസരിച്ചാണെങ്കിൽ അവരിൽ ചിലർ ഒരാണ്ടിൽ അഞ്ചിരട്ടിമുതൽ ഏഴിരട്ടിവരെ കൂടുതലായി നെല്ലു കൊടുക്കേണ്ടിവരും. അതായതു് ഏക്കറേജിന്റെ അടിസ്ഥാനത്തിൽ ആദ്യമേ അഞ്ചേക്കറിൽ താഴെവരെ കൃഷിയുള്ള ഒരു

കൃഷിക്കാരന് അധികവ്യവസ്ഥയിൽ കൊടുത്തു വന്നിരുന്നതിൽ വളരെ കൂടുതലായി കൊടുക്കേണ്ടിവരുന്നവർക്ക് ആശ്വാസത്തിനായി ചില ഉപാധികൾകൂടി ഈ നിയമത്തിൽ കൊള്ളിച്ചിട്ടുണ്ട്.

സർ, ഇതു പുനഃപരിശോധന ചെയ്യുന്നതിനു പല മാനദണ്ഡങ്ങൾ നോക്കേണ്ടതായുണ്ട്. ഏതെങ്കിലും ഒരു വ്യക്തിക്ക് ഇതു വളരെ ക്ലേശകരമാണെന്നു വരുന്ന അവസരത്തിൽ കഴിഞ്ഞ രണ്ടോ മൂന്നോ കൊല്ലത്തിൽ സർക്കാരിലേക്ക് എടുത്ത നെല്ലിന്റെ ശരാശരി കണക്കാക്കി അതിൽ അഞ്ചോ പത്തോ ശതമാനം കൂടി കൊടുക്കാൻ അനുവദിക്കാത്തവിധം ഈ ലെവി പദ്ധതി സ്വീകരിക്കണമെന്നാണെന്റെ നിർദ്ദേശം. അതിനു സമ്മതമല്ല ആളുകൾ—

<u>ശ്രീ. കളത്തിൽ കെ. വേലായുധൻനായർ:</u> അതായതു്, ഈ കഴിഞ്ഞ രണ്ടു മൂന്നു കൊല്ലങ്ങളിൽ കൊടുത്തിട്ടുള്ള എക്സസ്സ് ബേസിസിൽ അഞ്ചോ പത്തോ ശതമാനം കൂടുതൽ കൊടുക്കാൻ അനുവദിക്കണമെന്നാണോ?

<u>ശ്രീ. ഈ. പി. പൗലോസ്:</u> സ്നേഹിതന്റെ ഉദ്ദേശം എനിക്കു മനസ്സിലായി. ഇതാരേയും പ്രീതിപ്പെടുത്തുവാൻ വേണ്ടി ചെയ്യണമെന്നു പറഞ്ഞതല്ല. അതു് ഈ സഭയിലുള്ളവർക്ക് അറിയാം. ഇപ്രകാരം നെല്ലെടുക്കുന്നതുകൊണ്ടു് നമ്മൾക്കു വളരെ ക്ലേശത്തിനു കാരണമാകുന്നുണ്ട്. അതുകൊണ്ട് ഈ നിയമം പുനഃപരിശോധന ചെയ്തു അതിനു വേണ്ട തീരുമാനം ഉണ്ടാക്കണമെന്നാണ് എനിക്കു നിർദ്ദേശിക്കുവാനുള്ളതു്. മുമ്പെടുത്തിരുന്നതിൽനിന്നും അഞ്ചോ പത്തോ ശതമാനം കൂടുതൽ കൊടുക്കുന്നതിനു സമ്മതമുള്ള അനേകം ആളുകളെ എനിക്കു കാണാൻ സാധിച്ചിട്ടുണ്ട്. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിൽനിന്നും ഒന്നരകോടിയോ ഒന്നേമുക്കാൽ കോടിയോ പറ നെല്ലു കൊടുക്കണമെന്ന് ക്ലിപ്തമായി നിശ്ചയിച്ചാൽ അതു കർഷകർക്ക് വളരെ സഹായകരമായിരിക്കും. അതുപോലെതന്നെ ഒരു മൂന്നു കൊല്ലത്തേയ്ക്കെങ്കിലും സ്ഥിരമായിരിക്കത്തക്കവിധത്തിലുള്ള റൂളുകൾ ഉണ്ടാക്കേണ്ടതുമാണ്.

ഒരു കാര്യംകൂടി പറയാനുള്ളതു് ഗവൺമെണ്ടുവക നെല്ലു അറകളിൽ കിടക്കുമ്പോൾ നെല്ലുവന്നിട്ടില്ല, കിട്ടിയിട്ടില്ല എന്നു പറഞ്ഞു റേഷൻ കൊടുക്കാതിരിക്കുന്ന ഒരു പതിവു് നടപ്പുണ്ട്. അവിടങ്ങളിൽ ആവശ്യമുള്ള അവസരങ്ങളിൽ അതാതു സ്ഥലത്തെ അറകളിൽ സൂക്ഷിച്ചിരിക്കുന്ന സ്ഥലത്തെ നെല്ല് എടുത്തുകൊടുക്കേണ്ടതാണ്. അതിനുപകരം വളരെ ദൂരെ സ്ഥലങ്ങളിലേയ്ക്കു് കച്ചവടക്കാർക്ക് അതോറിറ്റി എഴുതിക്കൊടുക്കുന്നു. അങ്ങിനെ ദൂരസ്ഥലങ്ങളിലേക്ക് അതോറിറ്റി കൊടുക്കുന്നതുകൊണ്ടു് കച്ചവടക്കാർക്ക് ആ നെല്ല് കച്ചവടം ചെയ്യുന്നതിന് വളരെ സൌകര്യമുണ്ട്. അതല്ലെങ്കിൽ ബ്ലാക്കുമാർക്കറ്റ് നടത്താൻ സൌകര്യം കൊടുക്കുന്നതിനോ, അതുമല്ലെങ്കിൽ അതോറിറ്റി കൊടുക്കുന്നവരെ ശരിയായി കച്ചവടക്കാർ പ്രീണിപ്പിക്കാത്തതുകൊണ്ടോ ആണ്. ഇതിനുവേണ്ടി അല്ലെങ്കിൽ ഓരോ കച്ചവടക്കാരനും അതാതു സ്ഥലങ്ങളിൽ ഗവൺമെണ്ട് സംഭരിച്ചിട്ടുള്ള നെല്ലു കൊടുക്കുന്നതിന് നിർദ്ദേശം കൊടുക്കേണ്ടതാണ്. ഇതുകൊണ്ടു് ട്രാൻസ്പോർട്ട് ചെലവുതന്നെ കുറയ്ക്കുവാൻ സാധിക്കും. ഈവക കാര്യങ്ങൾ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽപ്പെടുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

<u>ശ്രീ. എ. കെ. പാച്ചുപിള്ള.</u> ഈ സംഗതിയെപ്പറ്റി മിക്കവാറും എല്ലാ ഭാഗത്തും ഉള്ള ബഹുമാനപ്പെട്ട മെമ്പറന്മാരും പറഞ്ഞുകഴിഞ്ഞിരിക്കുന്ന സ്ഥിതിക്ക് ചെറിയ ഒന്നുരണ്ടു കാര്യങ്ങളെപ്പറ്റി സ്പർശിക്കണമെന്നു ഞാൻ വിചാരിക്കുന്നു. ജനങ്ങൾക്കു് കൂടുതൽ സൗകര്യം ഉണ്ടാക്കുന്നതിലേക്ക് പ്രൈവറ്റ് ഹോൾ സെയിൽ ഡിപ്പോകൾ ഉണ്ടായിരുന്നിടത്തു് ഗവൺമെണ്ട് ഡിപ്പോകൾ

[Sri A. K. Patchu Pillai]

നാട്ടിന്റെ എല്ലാ ഭാഗത്തും തുറന്നിട്ടുണ്ട്. ഗവൺമെണ്ട് ഡിപ്പോകൾ തുറന്നിട്ടുണ്ടെങ്കിലും കച്ചവടക്കാർ അവർക്ക് ഉള്ള അതോറിററി വാങ്ങിക്കുന്നതിനായി വളരെ ദൂരം പോകേണ്ടിയിരിക്കുന്നു. അങ്ങിനെ പോയി അതോറിററി വാങ്ങിയാൽ പിന്നെ ഗവൺമെണ്ട് ഡിപ്പോകളിൽ കൊണ്ടുപോയി അതോറിററി കാണിക്കണം. അങ്ങിനെ കാണിക്കുകയാണെങ്കിൽതന്നെ പത്തിനു മൂന്നോ നാലോ ഭാഗംമാത്രം കണക്കാക്കി തരുന്നതിനെ ആ ഡിപ്പോകളിൽ നിവൃത്തിയുള്ളൂ. ഉള്ളതു നിങ്ങൾ കൊണ്ടുപോകണം, ബാക്കി അടുത്തുതന്നെ വന്നുചേർന്നാൽ തന്നേക്കാം, എന്നൊക്കെ പറഞ്ഞ് ഈ കച്ചവടക്കാരെ മടക്കി അയക്കുന്നതു, മിക്കവാറും എല്ലാ ഡിപ്പോകളിലും നടന്നുവരുന്ന പതിവാണ്. ഇപ്പോൾ ആളു തോറും റേഷൻ ശരിക്കു കിട്ടാതെ പല സ്ഥലങ്ങൾ ഉണ്ടെന്നാണറിയുന്നതു്. ചില സ്ഥലങ്ങളിൽ ചില ആഴ്ചകളിൽ പത്തിനു രണ്ടും മൂന്നും എന്ന കണക്കിനാണ് യൂണിററ കൊടുത്തുവരുന്നതു്. ഇതു് ആളുകൾക്കു് വളരെ വിഷമമുണ്ടാക്കുന്ന സമ്പ്രദായമാണു്. ഇങ്ങിനെയുള്ള സമ്പ്രദായം നടപ്പിലിരിക്കുന്നതുകൊണ്ടു് ആളുകൾക്കു് അരി കിട്ടുന്നതിനു വളരെ വിഷമം വരുത്തിവെച്ചുകൊണ്ടിരിക്കുകയാണു് ചെയ്യുന്നതു്. അതായതു് സർക്കാരിൽനിന്നും—

<u>ശ്രീ. പാണ്ടവത്തു് ശങ്കരപ്പിള്ള:</u> സാധുക്കൾക്കു ദിവസവും റേഷൻ കിട്ടണമെന്നു പറഞ്ഞിട്ടുള്ളതായി ഒരു പ്രക്ഷോഭണം അറിയാമോ?

<u>ശ്രീ. എ. കെ. പാച്ചുപിള്ള:</u> അതു ഇവിടെ വളരെ അസാദ്ധ്യമായിരിക്കുന്ന സ്ഥിതിക്കു് അതേ സംബന്ധിച്ചു ഞാൻ സ്പർശിക്കുന്നില്ല. ഓരോ ദിവസവും വിതരണം നടത്തുന്നതു് വളരെ ഉത്തമമായിട്ടുള്ള ഒരു കാര്യമാണു്. എന്നാൽ അതു് അപ്രായോഗികമായിരിക്കുന്നതുകൊണ്ടു് ഈ ആഴ്ചതോറുമുള്ള റേഷനെങ്കിലും ഭാഗികമായി കൊടുക്കാതെ അതുമൂലം ജനങ്ങളെ അസൌകര്യപ്പെടുത്താതിരിക്കുന്നതിനു ഈ സമ്പ്രദായം നിറുത്തണമെന്നാണു് ഞാൻ നിർദ്ദേശിക്കുന്നതു്. ഇതിലേക്കു് എനിക്കു കൊടുക്കുവാനുള്ള നിർദ്ദേശം, അതാതു താലൂക്കുകളിലെ ഓരോ ആഴ്ചത്തെ റേഷൻ ഇന്ന ദിവസം ഇന്ന സ്ഥലത്തുവച്ചു് ഇത്ര ശതമാനം യൂണിററ് വിതരണം നടത്തുന്നതാണെന്നു മുൻകൂട്ടി ഗസററിലോ വർത്തമാനപ്പത്രങ്ങളിലോ മററു പ്രധാന സ്ഥലത്തോ പരസ്യപ്പെടുത്തി അതനുസരിച്ചു കൊടുക്കുന്നതിനേർപ്പാടു് ചെയ്യുകയാണെങ്കിൽ വളരെ അസൗകര്യം ആളുകൾക്കു് കുറഞ്ഞിരിക്കുമെന്നുള്ളതാണു്. അങ്ങിനെ ഇപ്പോൾ നടന്നുവരുന്നില്ല. ചില താലൂക്കുകളിലേ ഇങ്ങനെ നടക്കുന്നുള്ളു.

പിന്നെ ഏതെങ്കിലും ഒരു കച്ചവടക്കാരൻ ഒരു ഡിപ്പോയിൽനിന്നും റേഷൻ കൊടുക്കുന്നതിനായി വാഹനങ്ങളുമായി വന്നതിനുശേഷം അയാളുടെ അതോററിററി അനുസരിച്ചുള്ളതു മുഴുവൻ ലഭിക്കുന്നില്ലെങ്കിൽ അയാൾ മടങ്ങിവന്നു വീണ്ടും ബാക്കി കിട്ടാനുള്ളതു് വാങ്ങുന്നതിനായി പോകുന്നതുകൊണ്ടു് ഈ സാധനങ്ങളുടെ ട്രാൻസ്പോർട്ടു് ചാർജ്ജ് ഇരട്ടി ആയി എന്നു വന്നേക്കാം. അതു കച്ചവടക്കാരൻ നഷ്ടപ്പെടുകയില്ല. അതുപയോഗിക്കുന്ന ആളുകളുടെ കയ്യിൽനിന്നും ഈടാക്കാതിരിക്കാൻ സാധിക്കുന്നതുമല്ല. ഇതൊക്കെ നാട്ടിൻപുറങ്ങളിൽ തുടർച്ചയായി നടക്കുന്ന സംഗതികളാണു്. ഇതു കണക്കുകളിൽനിന്നും കാണുവാൻ സാധിക്കുകയില്ല.

അതുപോലെ ഈ ധാന്യങ്ങൾ ശേഖരിച്ചുവരുന്ന മിക്ക ഹെഡ് ഗ്രെയിൻ ഡിപ്പോകളെ സംബന്ധിച്ചിടത്തോളം ഇന്നു ശരിയായ വിധത്തിൽ കണക്കുകൾ സൂക്ഷിക്കുന്നില്ല. അവിടെ കണക്കുകളിൽ കാണുന്നതുപോലുള്ള സ്റ്റാക്ക് പരിശോധിച്ചാൽ കാണുകയില്ല. അതുപോലെതന്നെ ഈ സ്റ്റേററിന്റെ നാനാ

ഭാഗങ്ങളിലും ഉള്ള ഡിപ്പോകളിലും വിശേഷിച്ചു പാട്ടക്കാരന്മാർ സംഭരിച്ചു വെച്ചിരിക്കുന്ന മുറികളും ഡിപ്പോകളും പരിശോധിക്കുന്നപക്ഷം വലിയവലിയ കുറവുകൾ പലയിടത്തും കാണുന്നതിനിടയാകും.

അനേക സ്ഥലങ്ങളിൽ കടലാസിൽമാത്രം കണക്കുവച്ചിട്ട് ധാന്യങ്ങൾ അപ്പോഴപ്പോഴുള്ള ബ്ലാക്ക്മാർക്കററ് റേററനുസരിച്ച് വിററുവരുന്നുണ്ടെന്നുള്ളതു പരമാർത്ഥമാണ്. ഇതിനെ സംബന്ധിച്ച് ശരിയായ ഒരു ഓഡിററ് ഇതേവരെ നടത്തിയിട്ടില്ല. ഓരോ വർഷവും ഫുഡ് ഡിപ്പോകൾ പരിശോധിച്ച് കണക്കുകൾ തിട്ടപ്പെടുത്തി ഓഡിററ് നടത്തുന്ന സമ്പ്രദായം റേഷൻ നടപ്പാക്കിയതിൽപിന്നെ ഇവിടെ ഇതുവരെ സ്വീകരിച്ചിട്ടില്ല. ചില താലൂക്കുകളിൽ വലിയവലിയ തകരാറുകൾ നടക്കുന്നുണ്ട്. അതിനെ സംബന്ധിച്ച് പരാതികളും ഉണ്ട്. പക്ഷേ, അവയെ ശരിയായി പരിഹരിക്കുന്നതിനുള്ള ഒരു സിസ്റ്റം ഇവിടെ നടപ്പിലില്ല. കണക്കുകൾ പൊതുവേ താറുമാറായി കിടക്കുകയാണ്. ഇങ്ങിനെ സ്റ്റേററിന്റെ ഒരു വലിയ സ്വത്തു കണക്കുവയ്ക്കാതെ മറഞ്ഞു കിടപ്പുണ്ടെന്നുള്ള കാര്യം മനസ്സിലാക്കി അതിന്റെ നിവാരണത്തിനു വേണ്ടതു ഗവൺമെണ്ടു ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു.

മലമ്പ്രദേശങ്ങളിൽനിന്നും പാട്ടക്കാരന്മാരോ നെല്ലെടുപ്പുദ്യോഗസ്ഥന്മാരോ ധാന്യങ്ങൾ എടുത്തുകഴിഞ്ഞാൽ ഇത്ര ധാന്യം എടുത്തു എന്നുള്ളതിനു രസീതുകൾ കൊടുക്കുന്നുണ്ട്. ആ രസീതുകളുംകൊണ്ട് ദീർഘകാലം നടന്നതിനു ശേഷമേ മിക്കവാറും അവർക്കു ധാന്യത്തിന്റെ വില കിട്ടുന്നുള്ളൂ. കഴിഞ്ഞ കൊയ്ത്തുകാലത്തും സാധുക്കളായ കൃഷിക്കാരിൽനിന്നും ഇതിനെ സംബന്ധിച്ച് ധാരാളം പരാതികൾ ഉണ്ടായിട്ടുണ്ട്. അതുപോലെതന്നെ കൊയ്ത്തു കഴിഞ്ഞു വളരെ കാലം കഴിഞ്ഞിട്ടാണ് നെല്ലെടുപ്പുദ്യോഗസ്ഥന്മാർ ചെന്നു നെല്ലെടുക്കുന്നത്. ചിലപ്പോൾ വളരെ ദൂരസ്ഥലത്തുകൊണ്ടുപോയി കൊടുക്കേണ്ടി വരും. വളരെപണം കയ്യിൽനിന്നും ചെലവുചെയ്തു അവിടെപോയി താമസിച്ച് നെല്ലളപ്പിക്കേണ്ടതായുംവരുന്നുണ്ട്. ഇങ്ങനെ ബുദ്ധിമുട്ടി നെല്ലുകൊടുത്തു കഴിഞ്ഞാൽ പണംകിട്ടുന്നതിനു അതിലേറെ താമസമുണ്ട്. ഈവക കാര്യങ്ങൾക്കുകൂടി ഗവൺമെൻറ് നിവാരണമുണ്ടാക്കുമെന്നു വിശ്വസിക്കുന്നു.

സബ്സിഡിയെ സംബന്ധിച്ച് പറയുന്നതിന് മറെറാരവസരം വരുന്നതുകൊണ്ട് ഞാൻ ഇപ്പോൾ ഒന്നും പറയുന്നില്ല.

Sri. P. S. Nataraja Pillai: I would like to draw the attention of the House to two facts. The Central Depot for the food grains imported is at Cochin, if I understand correctly. I am at a disability on this matter, since there is no administration report about this. Nor are the facts known to the public. I believe there is a Central Depot at Cochin and we have, according to the Budget, some twelve other Depots in the State. I would like district-war major depots being instituted so that all the stocks may not be concentrated or accumulated at the Central Depot. At a time of emergency, Transport difficulties may come into existence and a steady and regular rationing cannot be maintained because of the difficulty of transporting the stock, even if it is available at Cochin, to other parts. Therefore, the principle must be to maintain adequate stocks in all the districts by maintaining district depots. That will obviate a breakdown in the distribution. I say that in the face of the experience in the past which was referred to by other hon'ble Members here.

[Sri. P. S. Nataraja Pillai]

Then, another difficulty is the matter pointed out by Mr. Velayudhan Nayar whether Government has abolished the wholesale depots or not. There was a definite announcement that the wholesale distributors are to be abolished and the whole business would be done by Government. It was done in some parts and in other areas I understand the other system is in vogue still. Government must have a uniform policy in this matter. Either abolish the wholesale depots altogether or have depots everywhere. These are two important things that have to be looked into.

Now, when you go through the Budget, there is a reduction in the provision for staff. I do not know on what basis that is being done now. In 1950-51, we had 275 people employed. In 1951-52 the provision is only for 213 persons. I do not understand how that reduction has occurred. Is it on account of abolition of depots? We are not in a position to understand. At any rate, the most important thing which I would urge upon the Treasury Bench is that they should immediately take steps to constitute district depots where adequate stock and reserve stock could be built up. The best thing will be, at this time when we are getting foreign food grains imported as well as local paddy procured, to build up reserve stock in each district so that at the time of scarcity and difficulty, rationing can be maintained without any breakdown throughout the State.

There is another matter that I would like to mention here. Mr. Thanu Pillai referred to the necessity of making some provision or arrangement to have some ships diverted to Alleppey Port. The fact I was able to understand is that the unloading charges at Cochin plus the transport charges from Cochin to Alleppey by water will be higher than the unloading charges at Alleppey by abou tRs. 5 per ton. The transport charges from Cochin to Alleppey by water, if I understand correctly, is two annas per ton per mile. That will be somewhere near five rupees per ton and for hundred bags, it will be thirty-five rupees. If that thirty-five rupees is added to the Alleppey rate for unloading, it will be lesser than the Cochin quotation for unloading. That aspect may be gone into by the Department. The diversion of some ships to Alleppey will be useful in as much as it will provide labour and relieve unemployment.

Sir, then another matter that I would like to bring to the notice of the Government is about the provision of Rs. 50,00,000 for manure. I find if I understand the figures correctly, Government propose to sell the manure at fifty precent of the cost price and incur a loss of twenty-five lakhs. Fifty lakhs is put down as the purchase price and the credit is only for twenty-five lakhs. There is another item of credit by means of Government of India subsidy. Thus, the actual loss will be 12½ lakhs while on this matter of supply of manure at subsidised rates, I would say that the distribution was not satisfactory. I know it personally that as far as manure supply is concerned, especially groundnut cake and chemical fertilizers, there was not adequate supply in South Travancore. The South Travancore people were clamouring for months and years together that there was no adequate supply. In these circumstances, I would say that if Government are still going to have the supply effected, they must make adequate provision for the southern taluks of the State. I for one, Sir, will prefer the method of increasing the price of paddy and selling the manure at the cost price without incurring any loss. That will practically help the agriculturists. Now the subsidy on manures goes into the hands of the big capitalists and they are making a big profit. The manure sold at subsidised rate is taken possession of by the capitalists and they resell it with great profit. But it will help the cultivator if the actual price of the paddy is raised and the price of manure is fixed at the actual cost price itself. With these words, I move the motion.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ്: സർ, ഭക്ഷ്യകാര്യത്തെ സംബന്ധിച്ചു പറയുമ്പോൾ ചില പരമാർത്ഥങ്ങൾ നാം ഓർമ്മിക്കേണ്ടതായിട്ടുണ്ട്. റേഷൻ സമ്പ്രദായവും അതിലുള്ള പല അഴിമതികളും ഈ രാജ്യത്തു ഉണ്ടാകേണ്ട ആവശ്യം ഉണ്ടായിരുന്നില്ല. കോൺഗ്രസ് ഗവമ്മെണ്ട് അധികാരത്തിൽ വന്നതിനുശേഷം ജനങ്ങളോടു ചെയ്തിട്ടുള്ള വാഗ്ദത്തങ്ങളനുസരിച്ച് അവരുടെ പരിപാടികൾ ഇവിടെ നടപ്പിൽ വരുത്തുന്നതിനു് നാം സമ്മതിച്ചിരുന്നുവെങ്കിൽ റേഷൻ സമ്പ്രദായവും അതിനെ തുടർന്നുള്ള മററു വൈഷമ്യങ്ങളും ഇവിടെ ഉണ്ടാകുമായിരുന്നില്ല. ൧൯൫൧-ൽ ഈ രാജ്യത്തെ സ്വയംപര്യാപ്തമാക്കുന്നതിനു് കോൺഗ്രസ് ശ്രമിക്കുന്നതാണെന്നു വാഗ്ദത്തം ചെയ്യുകയുണ്ടായി. അതനുസരിച്ച് ൧൯൫൧-ൽതന്നെ, ഒരുപക്ഷെ അതിനുമുമ്പുതന്നെയോ ഈ രാജ്യം സ്വയംപര്യാപ്തമാകത്തക്ക വിധത്തിൽ കോൺഗ്രസ് ഗവമ്മെണ്ടു ആത്മാർത്ഥമായി ശ്രമിച്ചു എന്നാണ് ഞാൻ വിശ്വസിക്കുന്നതു്. അങ്ങിനെയുള്ള ശ്രമങ്ങളിൽ എതിരാളികൾ കാൺഗ്രസിനോടു വേണ്ടവിധത്തിൽ സഹകരിച്ച് സഹായിക്കുന്നതിനുപകരം ആവശ്യമില്ലാത്ത സന്ദർഭങ്ങളിലും, സ്ഥാനങ്ങളിലും രൂക്ഷമായി വിമർശിച്ച്, അവരുടെ പരിപാടികളെ പരാജയപ്പെടുത്തിയതിന്റെ ഫലമായിട്ടാണ് ഇന്നു സ്വയംപര്യാപ്തത കൈവരുത്തുവാൻ സാധിക്കാതെ പോയിട്ടുള്ളതു്. ഇവിടെയുള്ള ഭക്ഷ്യധാന്യങ്ങൾ കുറവായതുകൊണ്ടു് അതു വർദ്ധിപ്പിക്കുവാൻ ഗവമ്മെണ്ടു ശ്രമിക്കുകയുണ്ടായി. വിദഗ്ദ്ധന്മാർ എന്തുതന്നെ പറഞ്ഞാലും കാടുവെട്ടിത്തെളിച്ച് കൃഷിയിറക്കുന്നതിനായി രാജ്യം ഒട്ടാകെ ആളുകൾക്കു പതിച്ചുകൊടുത്തു. ആയിരകണക്കിനു് ഏക്കർ വനഭൂമി ആളുകൾക്കു പതിച്ചുകൊടുത്തിട്ടും കണക്കുകളനുസരിച്ച് ഒരിടങ്ങഴി നെല്ലുപോലും കൂടുതൽ വിളയിക്കുവാൻ സാധിച്ചിട്ടില്ലെന്നുകണ്ടു് ആ പരിപാടി മാററിവച്ചിട്ടു്, ജനസംഖ്യക്കനുസരിച്ച് ഭക്ഷ്യധാന്യം കൂടുതൽ വർദ്ധിപ്പിക്കുവാൻ സാധിക്കാതെവന്നിരിക്കുന്ന സ്ഥിതിക്ക് ഭക്ഷ്യധാന്യങ്ങൾ ഉള്ളതിനനുസരിച്ച് ജനസംഖ്യയിൽ കുറവുവരുത്തുകയാണ് ചെയ്യേണ്ടതു എന്നുള്ള ഉദ്ദേശത്തോടുകൂടി അതിനുവേണ്ട ഒരു പരിപാടി സ്വീകരിച്ച് പ്രവർത്തനം ആരംഭിക്കയുണ്ടായി. ഭക്ഷ്യധാന്യങ്ങളുടെ ദുർഭിക്ഷം ജനസംഖ്യക്കൂടുതൽ കൊണ്ടാണല്ലോ ഉണ്ടാകുന്നതു്. ജനങ്ങളുടെ ആവശ്യത്തിനു ഭക്ഷ്യധാന്യങ്ങൾ വർദ്ധിപ്പിക്കാനുള്ള ശ്രമം പരാജയപ്പെട്ടു എന്നു കണ്ടപ്പോൾ ഭക്ഷ്യധാന്യത്തിന്റെ അളവനുസരിച്ച് ജനങ്ങളുടെ എണ്ണം കുറക്കുവാൻ ഗവമ്മെണ്ടു ശ്രമിച്ചു. ആത്മാർത്ഥമായി ശ്രമിച്ചു എന്നുതന്നെ പറയാം. എന്നാൽ ഗവമ്മെണ്ടിനെ എതിർത്തു ജനങ്ങളുടെ പ്രീതി സമ്പാദിക്കുവാൻവേണ്ടി ഗവമ്മെണ്ടിന്റെ എതിരാളികൾ ആ പദ്ധതിയെ വിമർശിച്ച് പരാജയപ്പെടുത്തിയതിന്റെ ഫലമായിട്ടാണ് ഈ രാജ്യത്തു സ്വയംപര്യാപ്തത കൈവരുത്താൻ സാധിക്കാതെ പോയിട്ടുള്ളതു്. ഇവിടത്തെ ഉല്പാദനത്തിന്റെ തോതനുസരിച്ച് ജനസംഖ്യ കുറക്കുക എന്നുള്ളതു വളരെ ശരിയായ ഒരു പദ്ധതിയാണ്. അതു പ്രയോഗത്തിൽ കൊണ്ടുവരുന്നതിനു് ഗവമ്മെണ്ടു ചെയ്ത ശ്രമമാണ് പേരൂരിലും മററു സ്ഥലങ്ങളിലും നാം കണ്ടതു്. അതാണ് ഈ പുതിയ പദ്ധതിയുടെ സ്വഭാവം. പക്ഷെ ആ പദ്ധതി പ്രയോഗത്തിൽ കൊണ്ടുവരാൻ ശ്രമിച്ചപ്പോൾ എതിർപക്ഷക്കാർ മനുഷ്യത്വത്തിന്റെപേരിലും ജീവകാരുണ്യത്തിന്റെപേരിലും അതിനെ എതിർത്തു പരാജയപ്പെടുത്തുകയാണ് ചെയ്തതു്. അങ്ങിനെ കക്ഷത്തിലിരിക്കുന്നതു വീഴാതെ ഉത്തരത്തിലിരിക്കുന്നതു എടുക്കാൻ സാധ്യമല്ല. സ്വയം പര്യാപ്തതക്ക് ഗവമ്മെണ്ടു എന്നും തയ്യാറാണ്. പക്ഷെ അതു കൈവരുത്തുന്നതിനു ജനങ്ങളാണ് ഇപ്പോൾ സമ്മതിക്കാതിരിക്കുന്നതു്. സ്വയം പര്യാപ്തതക്കുവേണ്ടി ശ്രമിക്കുന്ന ആളുകളെ സ്ഥലം മാററുകയും മററും ചെയ്യുന്ന ഒരു ഗവ

മെൻറുംകൂടെയാണ് ഇപ്പോൾ വന്നിരിക്കുന്നത്. അതുകൊണ്ട് ഇങ്ങനെയുള്ള പരിപാടികൾ എന്തെങ്കിലും നടപ്പിലാക്കി ഇവിടെ സ്വയംപര്യാപ്തത കൈവരുത്തുന്നതിനുള്ള ഗവമെൻറിൻെറ ശ്രമത്തെ എല്ലാവരും അനുകൂലിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

The House adjourned at 5 p.m. and re-assembled at 5-30 p.m with Mr. Speaker in the Chair

LEGISLATIVE BUSINESS

The Travancore-Cochin Appropriation Bill (No. 1) 1151

Minister for Finance and Revenue **(Sri. A. J. John):** Sir, I beg to introduce the Travancore-Cochin Appropriation Bill (No. 1) of 1951.

Minister for Education, Labour and Civil Supplies **(Sri. T. K. Narayana Pillai):** I second it.

Mr. Speaker: The Bill is introduced.

ശ്രീ. എ. ജെ. ജാൺ: സർ, ൧൧൨൬-ലെ ൧-ാം നമ്പർ അപ്രോപ്രിയേഷൻ ബില്ലാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. ഈ മാസം ൨൧-ാം തിയതിയും ൨൩-ാം തിയതിയും ഇവിടെ അവതരിപ്പിച്ച് പാസാക്കിയിട്ടുള്ളതായ സപ്ലിമെൻററി ഗ്രാൻറുകളെല്ലാംകൂടി ചേർത്താണ് ഈ അപ്രോപ്രിയേഷൻ ബിൽ തയാറാക്കിയിരിക്കുന്നത്. ആകെയുള്ള സപ്ലിമെൻററി ഗ്രാൻറ് ൧,൩൦,൪൯,൧൨൦ ക. ആണ്. ആ സപ്ലിമെൻററി ഗ്രാൻറ് ഇവിടെ അവതരിപ്പിച്ച സമയത്ത് അതിനെ ഓരോന്നായി എടുത്ത് അതിനെപ്പററി ഇവിടെ ചർച്ച ചെയ്തിട്ടുള്ളതാണ്. ഇതിൽ കൂടുതലായി ഈ ബില്ലിനെപ്പററി ഈ സന്ദർഭത്തിൽ പ്രസ്താവിക്കേണ്ട ആവശ്യമില്ലെന്നാണ് ഞാൻ വിചാരിക്കുന്നത്.

Sri A. Thanu Pillai: Is this Bill to be called No. I or No. 2? We have already passed an Appropriation Bill. That is No. 1. When we bring another Bill should we not number it as 2?

Sri. A. J. John: This is for 1951. The Bill he refers to was for 1950.

ഓരോ കൊല്ലത്തിലും ഒന്നിൽ കൂടുതലായി അപ്രോപ്രിയേഷൻ ബിൽ അവതരിപ്പിക്കേണ്ടതായി വരും. അതുകൊണ്ടാണ് ഇതിന് ൧൧൨൬-ലെ ൧-ാം നമ്പർ അപ്രോപ്രിയേഷൻ ബിൽ എന്നു പറഞ്ഞിരിക്കുന്നത്. കഴിഞ്ഞ കൊല്ലം ഇവിടെ പാസാക്കിയത് ൧൧൨൫-ലെ അപ്രോപ്രിയേഷൻ ബില്ലാണ്.

Sri. P. S. Nataraja Pillai: Sir, this Bill takes credit for a supplementary grant of nearly 1/12th of the ordinary expenditure for 1950—51. The expenditure for 1950—51 is somewhere near 14 crores of rupees, and the Treasury Bench has thought it fit to come with a supplementary demand for Rs. 1,25,00,000. This additional expenditure comes very near 1/12th of the original grant. That reveals the efficiency and the care with which the budget was prepared. At any rate, a supplementary demand has been placed before the House at the very end of the financial year. For my part, Sir, in the conditions existing now and on a careful scrutiny of the items as they existed then, and a careful analysis of the conditions in which the demands were brought,—there was not sufficient time as well—I thought, that the Government having made this demand, that demand may be accepted by the House, and I voted for the supplementary grants. At the same time, I feel it is my duty to bring to the notice of the Treasury Benches that as far as financial matters are concerned, it is better to follow the rules strictly, and as a matter of fact,

the supplementary demands that came before the House are not very regular. Whether those expenses should be incurred is one thing. That the supplementary grant should be made only for meeting any unexpected contingency or an expenditure incurred for unexpected reasons, is another. As a matter of fact, as was pointed out by one of my friends, most of the things for which these demands are made, were within the knowledge of the Treasury Benches and the Finance Department at the time of the budget and it was purely on account of their want of care and dereliction of duty that these things were not anticipated and included in the budget.

I would like to point out one more fact. Under "XXV—Industries," we have granted Rs. 1,30,000. As was explained by the Minister in charge yesterday, it is for compensation for nine acres of land at Alwaye. Sir, the Minister was not in a position to tell us yesterday whether the acquisition was from various individuals or whether it was acquired from one individual alone. At any rate, he was kind enough to give the information that something like Rs. 68,000 was due as compensation for building and the rest for the land, that is, Rs. 62,000 for nine acres. This compensation, according to me, is inordinately high and excessive for building and land in that locality. Whether the buildings and land are worth so much or not is a matter for careful scrutiny. Now that the amount has been granted, it is for the Government to scrutinize the matter, and if they find that the award made by the Collector is excessive, they should refer the matter to a judicial tribunal and get a remedy, and should not disburse the amount before an actual verification and a reconsideration of the valuation is made. I hope the Treasury Benches will take note of this view of the matter. As matters stand at present in Travancore-Chchin State there is a widespread feeling that State funds are being utilized, or allowed to be utilized for private and personal gain. In the circumstances, I once more urge on the Government to scrutinize the valuation list and the valuation award, before any payment is made, though, of course, this House has sanctioned the amount.

With these, words, Sir, I resum my seat.

ശ്രീ. അമ്പാട്ട് ഈശ്വരമേനോൻ: സർ, ആ സ്ഥലം കമ്പനിക്ക് വിട്ടുകൊടുത്തോ ?

ശ്രീ. ടി. കെ. നാരായണപിള്ള: കമ്പനിയ്ക്കു് വിട്ടുകൊടുക്കുവാൻ പോകുകയാണ്. അതു് ഈ മാസത്തിൽതന്നെ വിട്ടുകൊടുക്കും.

ശ്രീ. എ. ജെ. ജാൺ: മി. നടരാജപിള്ള ഇവിടെ ഉന്നയിച്ചതു് വളരെ ശരിയാണ്. അതായതു് ആകെയുള്ള തുകയുടെ 50 ശതമാനമാണ് സപ്ലിമെൻററി ഗ്രാൻറായി ആവശ്യപ്പെട്ടിട്ടുള്ളതു്. ഒരു സംഗതി അദ്ദേഹത്തിൻെറ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. സപ്ലിമെൻററി ഗ്രാൻറിൽ ഒരുനൂററിഅഞ്ചു ലക്ഷം രൂപാ ഫുഡ്സബ്സിഡി ഇനത്തിലേക്കുള്ളതാണ്. അതിനെ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും ഞാൻ ഇവിടെ ഹാജരാക്കിയിട്ടുണ്ട്. സാധാരണയായി ഓരോ സെഷനിലും സപ്ലിമെൻററി ഗ്രാൻറ് അവതരിപ്പിക്കുക പതിവാണ്. എന്നാൽ ഈ കൊല്ലത്തിൽ ഇതെവരെ യാതൊരു സപ്ലിമെൻററി ഗ്രാൻറും സഭയുടെ മുമ്പാകെ അവതരിപ്പിച്ചിട്ടില്ലെന്നുള്ളതു് ബഹു. മെമ്പറന്മാർക്ക് അറിയാവുന്ന ഒരു സംഗതിയാണ്. പിന്നെ ൩൫ ലക്ഷത്തിൽ ചില്വാനം ഉറുപ്പിക ആവശ്യപ്പെട്ടിരിക്കുന്നതു് പബ്ലിക്ക് ഡെററ് തീർക്കുന്നതിനുവേണ്ടിയാണ്. ഇതു് രണ്ടും കഴിച്ചാൽ വാസ്തവത്തിൽ വളരെ നിസ്സാരമായ തുക മാത്രമേ സപ്ലിമെൻററി ഗ്രാൻറായി ആവശ്യപ്പെട്ടിട്ടുള്ളു എന്നു് കാണാവുന്നതാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഏഡ്പ്രൊഡക്ഷൻ ഇനത്തിൽ ൧൩,൦൦൦ ക. യുടെ സപ്ലിമെൻററി ഗ്രാൻറ ഇവിടെ അവതരിപ്പിക്കുന്നില്ലെന്നു് ഇന്നലെ പറഞ്ഞുവല്ലോ.

ശ്രീ. ടി. കെ. നാരായണപിള്ള: മാനുവറിൻെറ ഇനത്തിലുള്ള ൧൨ ലക്ഷം രൂപായാണു് ഇന്നലെ വേണ്ടെന്നു വച്ചതു്.

ശ്രീ. എ. ജെ. ജോൺ: പിന്നെ ആലുവായിൽ ഗവമ്മെണ്ടിൽനിന്നും എടുത്തിട്ടുള്ള സ്ഥലത്തിൻെറ പൊന്നുവില നിശ്ചയിച്ചിട്ടുള്ളതു് വളരെ കൂടുതലാണെന്നു് തോന്നുന്നുവെന്നും അതിനെപ്പററി ഗവമ്മെണ്ടു ഒന്നുകൂടി പര്യാലോചിച്ചതിനുശേഷമേ ആ തുക കൊടുക്കാവൂ എന്നും ഇവിടെ മി. നടരാജപിള്ള പറയുകയുണ്ടായി അദ്ദേഹം പറഞ്ഞതുപോലെ അതിനെപ്പററിയുള്ള എല്ലാ റിക്കാർഡുകളും ഗവമ്മെണ്ടു ശരിക്കു നോക്കിയതിനുശേഷമേ ആ സംഖ്യ കൊടുക്കുവാൻ പോകുന്നുള്ളു.

Sri. D. Gnanasigamony: Are we to understand that final orders have not been passed on the land acquisition cases?

ശ്രീ. എ. ജെ. ജോൺ: അതിൻെറ റിപ്പോർട്ടു വന്നിട്ടുള്ളു. ഫൈനൽ ഓർഡർ ആയിട്ടില്ല.

Sri. D. Gnanasigamony: Then, we are told that the land has already been handed over.

ശ്രീ. എ. ജെ. ജോൺ: അതിനെ സംബന്ധിച്ചു് ഫൈനൽ ഡിസിഷൻ ആയിട്ടില്ല. ഫൈനൽ ആക്കിയിട്ടേ സംഖ്യ കൊടുക്കുകയുള്ളു. ലാൻറ അർജൻസി ക്ലാസ്സു് അനുസരിച്ചു് എടുത്തിട്ടുള്ളതാണു്. Sir, I move that the Bill be taken into consideration at once.

Sri. T. K. Narayana Pillai: I second it.

The question that the Bill be taken into consideration was put and carried.

Sri. A. Thanu Pillai: Which is this Public Debt—35 lakhs?

ശ്രീ. എ. ജെ. ജോൺ: ൩൦ ലക്ഷം രൂപാ പാലസ്സിലേയ്ക്കു് കൊടുക്കുവാനുണ്ടായിരുന്നു. അതു് തിരിച്ചുകൊടുക്കുകയാണു് ചെയ്യുന്നതു്. സെൻട്രൽ ബാങ്കിൽ പഴയ കൊച്ചി ഗവമ്മെണ്ടു ൫ ലക്ഷം ഉറുപ്പികയുടെ ഒരു ഓവർ ഡ്രാഫ്ററ് എമൌണ്ടു് കൊടുക്കുവാനുണ്ടായിരുന്നു. അതു് കൊടുത്തു തീക്കുന്നതിനാണു് ബാക്കിയുള്ള ൫ ലക്ഷം ഉറുപ്പിക.

ശ്രീ. എ. താണുപിള്ള: സർ, പാലസ്സിൽനിന്നു് കടം വാങ്ങിയതു് ഏതു കാലത്താണു്?

ശ്രീ. എ. ജെ. ജോൺ: പഴയകാലത്തു് വാങ്ങിയതാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള: പ്രത്യേകം ഏതു് ആവശ്യത്തിനുവേണ്ടി പണം ആവശ്യം വന്നപ്പോഴാണു് വാങ്ങിയതാണു്?

ശ്രീ. എ. ജെ. ജോൺ: ഭക്ഷ്യസാധനങ്ങൾ വാങ്ങുന്നതിനുവേണ്ടി വാങ്ങിയതാണു്.

ശ്രീ. സി. വി. ഇട്ടു: സർ, ആ സംഖ്യ ഇൻറിഗ്രേഷനുമുമ്പ് വാങ്ങിയതോ ഇൻറിഗ്രേഷനു ശേഷം വാങ്ങിയതോ?

ശ്രീ. എ. ജെ. ജോൺ. ഇൻറിഗ്രേഷനു മുമ്പ് വാങ്ങിയതാണ്.

ശ്രീ. സി. വി. ഇട്ടു: ഇൻറിഗ്രേഷനു മുമ്പ് തിരുവിതാംകൂർ ഗവർമ്മെണ്ടിന് ഉണ്ടായിരുന്ന കടം ഞങ്ങളുംകൂടി കൊടുത്തു തീർക്കണമെന്നാണോ പറയുന്നത്?

ശ്രീ. എ. ജെ. ജോൺ: കൊച്ചി ഗവർമ്മെണ്ടിൻെറ പല കടങ്ങളും ഈ ഗവർമ്മെണ്ട് കൊടുത്തു തീർത്തിട്ടുണ്ട്. കൊച്ചി ഗവർമ്മെണ്ട് കൊടുക്കുവാനുണ്ടായിരുന്ന ഓവർഡ്രാഫ്റ്റ് എമൗണ്ട് എത്രയായിരുന്നുവെന്നു നോക്കുകയാണെങ്കിൽ ബഹു. മെംബർ ഈ അഭിപ്രായം പറയുകയില്ലായിരുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള: പാലസ്സിൽനിന്നു വാങ്ങിയ സംഖ്യക്കു പലിശയോ കാലാവധിയോ ഉണ്ടായിരുന്നുവോ?

ശ്രീ. എ. ജെ. ജോൺ: പലിശ ൩ ശതമാനം ഉണ്ടായിരുന്നു. മൂന്നുകൊല്ലം കാലാവധിയും ഉണ്ടായിരുന്നു.

The question that Clauses 2 and 3 stand part of the Bill was put and carried.
The clauses were added to the Bill.
The question that the Schedule stands part of the Bill was put and carried.
The Schedule was added to the Bill.
The question that Clause 1 and the Title and Preamble stand part of the Bill was put and carried.
Clause 1 and the Title and Preamble were added to the Bill.

Sri. A. J. John: Sir, I move that the Bill be passed. In this connection I have to submit one word. Rule 51 (2) which reads as follows has to be suspended:

"Subject to the provisions of the Constitution, the procedure in regard to an Appropriation Bill shall be the same as for Bills generally with such modifications as the Speaker may consider necessary.

At any time after the introduction in the Assembly of an Appropriation Bill, the Speaker may allot a day or days for the completion of all or any of the stages involved in the passage of the Bill by the Assembly, and when such allotment has been made the Speaker shall at 5 O'clock on the allotted day or, as the case may be, the last of the allotted days, forthwith put every question necessary to dispose of all the outstanding matters in connection with the stage or stages for which the day or days have been allotted".

Hence the Rule has to be suspended.

Sri. T. K. Narayana Pillai: I second it.

Mr. Speaker: Rule 51 lays down that all or any of the stages involved in the passage of the Appropriation Bill by the Assembly has to be covered before 5 O' clock on the allotted day. Consideration of this Bill was begun after 5-30 p.m. today as a special case. In the nature of the circumstances the provisions of the Standing Orders were not complied with. In other words it was not possible for us to finish all the stages of the Bill at 5 O' clock as is referred to in the Section. Therefore for proper execution of the work that rule stands suspended, I hope the House agrees to the suspension of that Rule.

This was agreed to and Rule 51 was suspended.
The motion that the Travancore-Cochin Appropriation Bill, (No. 1) 1951 be passed was put and carried.
The Travancore-Cochin Appropriation Bill, (No. 1) 1951 was passed.

The Travancore-Cochin Forest Bill

Sri. A. J. John: Sir, I move that the time appointed for the presentation of the Report of the Select Committee on the Travancore-Cochin Forest Bill be extended up to Saturday, the 30th June 1951.

Sri. T. K. Narayana Pillai: I second it.

The motion was put and carried.

The Travancore-Cochin Police Bill

Sri. A. J. John: Sir, I move that the time appointed for the presentation of the Report of the Select Commitiee on the Travancore-Cochin Police Bill be extended up to Saturday, the 30th June 1951,

Sri. T. K. Narayana Pillai: I second it.

Sri. P. S. Nataraja Pillai: May I know, whether it is necessary to have a Police Bill for this Government when the Central Government have made their law applicable throughout India?

Sri. A. J. John: That applies only for the Central Police.

The motion was put and carried.

The Travancore-Cochin Land Conservancy Bill

Sri. A. J. John: Sir, I move that the time appointed for the presentation of the Report of the Select Committee on the Travancore-Cochin Land Conservancy Bill be extended up to Saturday, the 30th June 1951.

Sri. T. K. Narayana Pillai: I second it.

The motion was put and carried.

The House adjourned at 5-55 p.m. to meet again at 11 a.m. on Wednesday, the 28th March 1951.

V. KRISHNAMOORTHI AIYAR

Secretary, Legislative Assembly